

# സത്യദൂതൻ

2024 മെയ് | ലക്കം 05

വില ₹ 30

## നീതിയുടെ ലംഘനങ്ങൾ

## വധശിക്ഷയും ഇസ്‌ലാമിക നിയമവും

# Ahmadiyya Muslim Community

## Apps for Mobile devices

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




### Quran
Read the Holy Quran in easy Yassarnal Quran Font




### Conditions of Bai'at
A pocket reference of Sharait-e-Bai'at in 7 Languages



### Sermons
Huzoor's Friday Sermons In 15 languages




### MTA
Watch MTA Live, view Schedule and much more



### Ahmadiyya News
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below



# അകം




**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** **അതുല്യമായ യുദ്ധ നേതൃത്വം**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)

2024 ഏപ്രിൽ 19 ന് മസ്ജിദ് മുബാറകിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.

**9** **സ്വർഗ്ഗവും കർമ്മാനുഷ്ഠാനവും**

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്




**11** **നീതിയുടെ ലംഘനങ്ങൾ**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്



**15** **മുസ്‌ലിം യഹൂദ സഹവർത്തിത്വം**

ഫസൽ അഹമ്മദ്-യുകെ



**17** **ഉറുമ്പുകൾ: വിസ്മയകരമായ സാമൂഹിക ഏകോപനം.**

മൂസ സത്താർ, ലണ്ടൻ

**19** **അല്ലാഹുവിന്റെ പറവകൾ**

അഖിൽ അജ്മൽ, കോഴിക്കോട്

**25** **പുസ്തകാവലോകനം**

ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും

ഡോ: അലക്സാണ്ട ർ ജേക്കബ് IPS

**27** **ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**

ഖലീഫത്തുൽ മസീഹ് അവ്വൽ

ഇബ്നു വഫാ ബേപ്പൂർ



**36** **കുറിപ്പുകൾ**

**വധശിക്ഷയും ഇസ്‌ലാമിക നിയമവും**

മുസാഫിർ

**40** **ഇസ്റായേൽ ഇറാൻ സംഘർഷം**

മുസാഫിർ



لا اله الا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

2024 – മെയ്
ഹി.ശ. 1404– ഹിജറത്ത്
1445 ശവ്വാൽ –ദുൽഖഅദ്
പുസ്തകം 96 ലക്കം 05
വില 30 രൂപ



എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**എച്ച്.ശംസുദ്ദീൻ**
**ഫോൺ : 9946 021 252**

മാനേജർ
**വി.എം.മാലിക് അമീൻ**
**ഫോൺ : 9895 867 185**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്
എറണാകുളം നോർത്ത്, കൊച്ചി–682018



**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.

**Edited by** A.M. Muhammed Salim.

**Design:** HA *Creative Graphics*

## വിശുദ്ധ ഖുർആനിൽ നിന്ന്



പറയുക: എന്റെ അടുക്കൽ അല്ലാഹുവിന്റെ ഖജനാവുകൾ ഉണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യങ്ങൾ ഞാനറിയുന്നുമില്ല. ഞാൻ ഒരു മാലാഖയാണെന്നും നിങ്ങളോട് പറയുന്നില്ല. എന്നിലേക്ക് ദിവ്യബോധനം നൽകപ്പെടുന്നത് പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. പറയുക; അന്ധനും കാഴ്ച്ചയുള്ളവനും ഒരുപോലെയാകുമോ? അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ?.(6: 51)



## നബിവചനം

സൈദുബ്നു ഖാലിദ്رضي الله عنهയിൽ നിന്ന് നിവേദനം:
റസൂൽ തിരുമേനിﷺ പറഞ്ഞു: അല്ലാഹു പറയുന്നത് ഇതാണ്, എന്റെ ദാസന്മാരുടെ കൂട്ടത്തിൽ എന്നിൽ അവിശ്വസിച്ചവരും എന്നെ നിഷേധിച്ചവരുമുണ്ട്. ദൈവാനുഗ്രഹത്താൽ മഴ വർഷിച്ചു കിട്ടിയെന്ന് പറയുന്നുവെങ്കിൽ അവൻ എന്നിൽ വിശ്വസിച്ചവനും നക്ഷത്രങ്ങളെ നിഷേധിച്ചവനുമാണ്. ഇന്നിന്ന നക്ഷത്രങ്ങൾ ഉദിച്ചത് കാരണമാണ് ഞങ്ങൾക്ക് മഴ ലഭിച്ചത് എന്ന് പറയുന്നവനാകട്ടെ, എന്നെ നിഷേധിച്ചവനും നക്ഷത്രത്തിൽ വിശ്വസിച്ചവനുമാണ്. *(ബുഖാരി)*

## വാഗ്ദത്ത മസീഹിന്റെ വചനം



യുക്തിയും സയൻസും ഇസ്‌ലാമുമായി പൊരുത്തപ്പെടുകയില്ലെന്ന വീക്ഷണം അവർ പുലർത്തുന്നതായിട്ടാണ് തോന്നുന്നത്. ഭൗതിക തത്ത്വശാസ്ത്രങ്ങളുടെ ദൗർബല്യങ്ങൾ അവർക്ക് തുറന്ന് കാട്ടാൻ കഴിവില്ലാത്തതുകൊണ്ട് ആധുനിക വിഷയങ്ങൾ പഠിക്കുന്നത് അനുവദനീയമല്ലെന്ന് സിദ്ധാന്തിച്ചു കൊണ്ട് തങ്ങളുടെ വീഴ്ചകളെ മറച്ചു പിടിക്കാൻ അവർ ശ്രമിക്കുകയാണ്........ഭൗതിക തത്ത്വശാസ്ത്രങ്ങൾക്ക് മുമ്പിൽ അവരുടെ ആത്മാക്കൾ വിറകൊള്ളുകയാണ്. നവംനവങ്ങളായ കണ്ടുപിടുത്തങ്ങൾക്ക് മുമ്പിൽ അവർ കുമ്പിടുകയും ചെയ്യുന്നു. മതത്തിന്റെ സേവനത്തിന്നും ദൈവവചനങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനുമെല്ലാം ആധുനിക വിജ്ഞാനങ്ങൾ ഏതു വിധേനയും പഠിക്കുകയും അവ ശ്രദ്ധാപൂർവ്വം ഗ്രഹിച്ചറിയുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഈ പഠനം ഒരു വശത്തിൽ മാത്രം ഊന്നി കൊണ്ട് തുടർന്ന് വന്നിട്ടുള്ളവരും സ്വാതികരുമായി ബന്ധം സ്ഥാപിക്കാൻ ഇടവന്നിട്ടില്ലാത്തവരും അതിനു മുമ്പിൽ അറച്ച് നിൽക്കുകയും അങ്ങനെ ഇസ്‌ലാമിൽ നിന്ന് വേർപെട്ടു പോകുകയും ചെയ്തതായി എനിക്ക് തന്നെ അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. *(മൽഫൂസാത്ത്, ഭാ: 65,66)*

# ഒഴിഞ്ഞുപോകാത്ത യുദ്ധ ഭേരി എന്ത് കൊണ്ട്?

ലോകത്ത് ആദ്ധ്യാത്മികതയുടെ ഉജ്ജ്വലതേജസ്സികളായ മഹത്തുക്കൾ ജീവിച്ച ദേശമാണ് പശ്ചിമേഷ്യ. മൂന്ന് മഹാമതങ്ങളിലെ പുണ്യജന്മങ്ങൾക്ക് രംഗവേദിയായ ദേശം. ഭുഗർഭത്തിൽ തീപ്പിടിക്കുന്ന ഇന്ധനം വഹിക്കുന്ന ദേശം കൂടിയാണ് പശ്ചിമേഷ്യ. അതുകൊണ്ട് തന്നെ അവിടുത്തെ ഊർജ്ജ സംഭരണികളിൽ കണ്ണ് നട്ടിരിക്കുന്ന ആഗോള രാഷ്ട്രീയ നിധി വേട്ടക്കാർ നിധികാക്കുന്ന ഭൂതങ്ങളെ പോലെ അവിടെ കാവൽ കിടപ്പുണ്ട്. ഭൗതിക വിഭവങ്ങൾ കരഗതമാക്കാൻ ആത്മീയതയുടെ ഈ ആഗോള പ്രതിദ്വന്ദി പശ്ചിമേഷ്യയെ വിഴുങ്ങാൻ കാവൽ നിൽക്കുകയാണ്. അവിടെയുള്ള ചരിത്രത്തിലോ ആത്മീയതയിലോ അല്ല അവർക്ക് കണ്ണ്, അവിടുത്തെ സമ്പത്തിലാണ്. അവരാണ് വാസ്തവത്തിൽ യുഗാന്ത്യ സംഭവങ്ങളുടെ ഭാഗമായി വരുമെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന അന്തികൃസ്തുവും മുസ്ലിംകളുടെ ദജ്ജാലും.

അവസാനകാലത്ത് ഒറ്റക്കണ്ണോടെ ഭൗതികാർത്ഥരായി ലോകത്ത് ആവിർഭവിക്കുന്ന ഒരു നാഗരികതയെ സംബന്ധിച്ചാണ് റസൂൽ തിരുമേനി(സ) നിരവധി ഹദീസുകളിൽ പ്രവചിച്ചിട്ടുണ്ട്. 'ഒറ്റക്കണ്ണനായ പെരുംനുണയനെ പറ്റി തന്റെ ജനതയോട് ഭയപ്പെടുത്തി പറഞ്ഞിട്ടില്ലാത്ത ഒരു നബിയും കഴിഞ്ഞു പോയിട്ടില്ല.'*(മിശ്ക്കാത്ത്)* അന്തിക്രിസ്തു, കലി എന്നെല്ലാം പേരുള്ള അധിനിവേശ പ്രവണതയുള്ള ഈ ജനതയാണ് ഇക്കാലത്തെ പാശ്ചാത്യ നാഗരികത. അവർ മുസ്ലിംകൾ കരുതുന്നത് പോലെ ഏകനേത്രനായ ഒരു ഭീകര ജീവിയോ ക്രിസ്ത്യാനികൾ കരുതുന്നത് പോലെ കടലിൽ നിന്നും കയറി വരുന്ന ഭീകര ജന്തുവോ അല്ല. ഇവിടെ അധർമ്മം നാശവും വിതച്ച് വിളയാടുന്ന കൊളോണിയൽ മനോഭാവമുള്ള പാശ്ചാത്യ നാഗികതയാണ്. ആദിമ ക്രിസ്ത്യാനികൾ കരുതിയ റോമാ സാമ്രാജ്യത്തിന്റെ പിന്തുടർച്ചയായ പാശ്ചാത്യ നാഗരികത തന്നെയാണ്. അന്ധവിശ്വാസത്തിന്റെ തടവറയിൽപെട്ട ക്രിസ്ത്യൻ മുസ്ലിം വിശ്വാസികൾക്ക് സ്ത്യം തിരിച്ചറിയുന്നില്ല. യഅ്ജൂജ് മഅ്ജൂജ് എന്നീ രണ്ട് ശാക്തിക ചേരികളായി അവർ പിരിയുന്നു. അവർ തമ്മിലുള്ള ശാക്തിക സന്തുലനത്തെ കുറിച്ചും ഖുർആൻ പറയുന്നു: ***'അല്ലാഹു മനുഷ്യരെ അവരിൽ ചിലരെ ചിലരെക്കൊണ്ട് തടയുന്നില്ലായിരുന്നുവെങ്കിൽ ഭൂതലം കുഴപ്പത്തിൽ ആപതിക്കുമായിരുന്നു'*** (2:152)

ആ ശാക്തിക സന്തുലനം വിട്ടു പരസ്പരം കലഹത്തിലേക്കും യുദ്ധത്തിലേക്കും രാജ്യങ്ങളും രാജ്യസഖ്യങ്ങളും പോകുന്ന ഒരു കാലത്തെപറ്റിയും ഖുർആൻ പറയുന്നു. ***'ഭൂമിയിൽ വസിക്കുന്നവരെ (പരസ്പരം കലഹിക്കാൻ) പുറപ്പെടുന്നവരായി നീ കാണുകയും നാം അവരെ ഒരുമിച്ചു കൂട്ടുകയും ചെയ്യുന്ന നാളിൽ അപ്പോൾ ഒരാളെയും നാം വിട്ടുകളയുകയില്ല.'***(18:48) ബൈബിൾ പറയുന്നു 'നിങ്ങൾ യുദ്ധങ്ങളെ കുറിച്ചും യുദ്ധ ശ്രുതികളെകുറിച്ചും കേൾക്കും.......ജാതി ജാതിയോടും ജനത ജനതയോടും ഏതിർക്കു.... എങ്കിലും ഇതൊക്കെയും ഈറ്റു നോവിന്റെ ആരംഭമത്രെ' (മത്താ: 24: 6, 7) മഹാഭാരതം വനപർവ്വ 188 ാം അദ്ധ്യായത്തിൽ മാർക്കണ്ഡേയ മുനി കലിയുഗത്തെ പറ്റി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ധർമ്മഭ്രംശത്തിന്റെ ആ കാലഘത്തിൽ ഒരു പാട് ദുഷ്കൃതികളെ കുറിച്ച് പ്രതിപാദിക്കുന്നു. സാർവ്വത്രികമായ കൊലപാതകം (യുദ്ധം) അക്കാലത്തെ പ്രത്യേകതയായിരിക്കും എന്നാണ് പ്രവചനം.

നശ്വരമായ ഈ ലോകത്ത് ഭൗതിക വിഭവങ്ങൾ കയ്യടക്കാൻ വൻ ശക്തികൾ തമ്മിൽ പരസ്പരം മത്സരിക്കുന്ന കാഴ്ച്ചയാണ് നാം കാണുന്നത്. ഭൂമിയിലെ ജീവജാലങ്ങളെ മുഴുവൻ പല വട്ടം നശിപ്പിക്കാൻ ശേഷിയുള്ള മാരകമായ ആണവായുധങ്ങളുമായി സംഹാരാത്മകമായ സായുധമത്സരങ്ങൾക്ക് ലോകം വേദിയാവുകയാണ്. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: ***ഭൗതിക നേട്ടങ്ങളുടെ വർദ്ധനവിന് വേണ്ടിയുള്ള മാത്സര്യം നിങ്ങളെ അശ്രദ്ധനാക്കിയിരിക്കുന്നു. നിങ്ങൾ (സർവ്വനാശത്തിന്റെ) ശ്മശാനങ്ങൾ സന്ദർശിക്കുന്നത് വരെ. തീർച്ചയായും നിങ്ങൾ നരകത്തെ കാണും.*** (102:2-7) ലോകം പലവട്ടം നശിപ്പിക്കാനുതകുന്ന മാരകമായ ആണവായുധങ്ങൾ കൈവശമുള്ള ശാക്തിക ചേരികൾ തങ്ങളുടെ പിന്നിൽ രാജ്യങ്ങളെ അണിനിരത്തി യുദ്ധോത്സുകരായി നിൽക്കുകയാണ്. മനുഷ്യൻ ഇത്വരെ കെട്ടിപ്പൊക്കിയ നാഗരികതയുടെ അലങ്കാരങ്ങളെല്ലാം തകർത്ത് അതൊരു പാഴ്നിലമാകുന്ന ഒരു നാളിനെ കുറിച്ച് ഖുർആൻ മുന്നറിയിപ്പ് നൽകുന്നു. ***'തീർച്ചയായും ഭൂതലത്തിലുള്ള എല്ലാ വസ്തുക്കളെയും നാം അതിന് ഒരു അലങ്കാരമാക്കി വച്ചിരിക്കുന്നു. ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് ആരാണെന്നറിയാൻ (ഒരു നാൾ) അതിന്മേലുള്ളതെല്ലാം തീർച്ചയായും നാം തരിശു നിലമാക്കി മാറ്റും.***(18:8,9)



# മനുഷ്യസമൂഹത്തിന്റെ ഐക്യം

**ഹദ്റത്ത് അഹ്മദ്** عليه السلام


അല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ ശാശ്വതമായ ദൈവിക ദാസ്യത്തിന്ന് വേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യ സമുദായത്തിന്നും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർദ്ധന കാരണം മനുഷ്യസമുദായത്തിൽ രൂപ പെട്ടിട്ടുള്ള വൈവിധ്യങ്ങൾ തന്നെയും പൂർണ്ണമായ മനുഷ്യൈക്യത്തിന്ന് വേണ്ടിയുള്ള മുന്നൊരുക്കമായിരുന്നു. ആദ്യം മനുഷ്യ സമുദായത്തിൽ ഏകതയുടെ വിഭിന്ന ശാഖകൾ സ്ഥാപിച്ചു കൊണ്ട് പിന്നീട് പൂർണ്ണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനയിട്ടാണ് ദൈവം ഇഛിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഓരോ സമുദായത്തിന്നും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം പരിചയപ്പെടുന്നതിന്ന് സൗകര്യവും എളുപ്പവും ഉണ്ടാക്കുകയും അവർ പരസ്പരം ബന്ധപ്പെടുന്നതിന്ന് താമസം സംഭവിക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം. സമുദായങ്ങളുടെ ചെറിയ ചെറിയ ഘടകങ്ങൾ തമ്മിൽ പരിചയപ്പെടുന്നതോടെ മുഴുവൻ സമുദായങ്ങളെയും ഒരു സമുദായമാക്കി ഒന്നിപ്പിക്കുവാനാണ് ദൈവം ഇഛിക്കുന്നത്. ഉദാഹരണമായി ഒരാൾ ഒരുതോട്ടം നിർമ്മിക്കുവാൻ ഇഛിക്കുന്നുവെന്നിരിക്കട്ടെ, തോട്ടത്തിൽ വ്യത്യസ്തങ്ങളായ ചെടികളെ വ്യത്യസ്തങ്ങളായ ഗണങ്ങളായി വേർതിരിക്കുകയും അതിൽ പിന്നെ തോട്ടത്തിന്ന് ചുറ്റുമായി മതിൽ കെട്ടി വൃക്ഷങ്ങളെയെല്ലാം ഒരൊറ്റ വൃത്തത്തിൽ ഒതുക്കുകയും ചെയ്യുന്നു. ഇതിലേയ്ക്ക് തന്നെയാണ് വിശുദ്ധ ഖുർആൻ സൂചന നൽകിയിരിക്കുന്നത്

***'ഓ ലോകത്തിന്റെ വിവിധ നബിമാരെ വിവിധ സമുദായങ്ങളിൽ നിന്ന് ലോകത്ത് ഒരുമിച്ച്കൂട്ടിയിട്ടുള്ള ഈ മുസ്‌ലിംകളായ നിങ്ങളെല്ലാവരും ചേർന്ന് ഒരു സമുദായമാകുന്നു. അവർ എല്ലാവരിലും വിശ്വസിക്കുന്നു. ഞാൻ നിങ്ങളുടെ ദൈവം ആയിരിക്കയാൽ നിങ്ങളെല്ലാവരും ചേർന്ന് എന്നെ ആരാധിക്കുവീൻ.'*** (21: 93)

ഈ അനുക്രമങ്ങളായ ഐക്യത്തിന്റെ ഉദാഹരണം ഇതാണ്. ഓരോ മഹല്ലുകളിലേയും ആളുകൾ തങ്ങളുടെ മഹല്ലുകളിലെ പള്ളികളിൽ അഞ്ചു നേരം ഒരുമിച്ചു കൂടുന്നതിന്ന് കൽപ്പിച്ചു. പിന്നീട് ഈ പട്ടണത്തിലെ മുഴുവൻ ജനങ്ങളും ഏഴാം ദിവസം ജാമിയാ മസ്ജിദിൽ എന്ന് വെച്ചാൽ എല്ലാവർക്കും ഒരുമിച്ചു കൂടാൻ സൗകര്യമുള്ള വലിയൊരു പള്ളിയിൽ ഒന്നിച്ചു ചേരാൻ കൽപ്പിച്ചു. പിന്നെ കൊല്ലത്തിലൊരിക്കൽ മുഴുവൻ നഗരത്തിലേയും ചുറ്റുവട്ടത്തിലെ ഗ്രാമങ്ങളിലേയും ജനങ്ങൾ ഈദ് ഗാഹിൽ ഒന്നിച്ചു ചേരാൻ കൽപിച്ചു. പിന്നെ ജീവിതത്തിൽ ഒരിക്കൽ ലോകത്ത് മുഴുവനുമുള്ള ജനങ്ങൾ ഹജ്ജിന്റെ അവസരത്തിൽ ഒരിടത്ത് അതായത് പരിശുദ്ധ മക്കയിൽ സമ്മേളിക്കുവാനും കൽപ്പിച്ചു. അങ്ങനെ അല്ലാഹു ക്രമത്തിൽ ക്രമത്തിലായി സമുദായത്തിന്റെ ഐക്യം ഹജ്ജ് വേളയിൽ പരിപൂർണ്ണതയിൽ എത്തിച്ചു. *(ചശ്മെ മഅ്രിഫ 137)*

# അതുല്യമായ യുദ്ധ നേതൃത്വം

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2024 ഏപ്രിൽ19 ന് മസ്ജിദ് മുബാറകിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹുല്ലാഹു)

ഉഹുദ് യുദ്ധവുമായി ബന്ധപ്പെട്ട കുറെക്കൂടി സംഭവങ്ങൾ കേൾപ്പിക്കാം. അതിൽനിന്ന് തിരുനബി(സ)ന്റെ ചരിത്രത്തിലെ മനോഹരമായ വശങ്ങളും മനസ്സിലാക്കാൻ കഴിയുന്നുണ്ട്.

ഹ.ജാബിർ ബിൻ അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു. ഹ.അബ്ദുല്ലാഹ് ബിൻ അംറ് മരണപ്പെട്ട വേളയിൽ അദ്ദേഹത്തിന് കടമുണ്ടായിരുന്നു. ഞാൻ നബി(സ)നോട് കടം നൽകിയ ആളുകളോട് അതിൽ അൽപം വിട്ടുവീഴ്ച ചെയ്യുന്നതിന് അവരെ പറഞ്ഞു മനസ്സിലാക്കുന്നതിനു സഹായം തേടി. നബി(സ) അവരോട് അതേപ്പറ്റി ആഗ്രഹം പ്രകടിപ്പിച്ചെങ്കിലും പക്ഷെ കടം കൊടുത്തവർ വിട്ടുവീഴ്ചക്ക് തയ്യാറായില്ല. അപ്പോൾ നബി(സ) പറഞ്ഞു: നിങ്ങൾ പോയി നിങ്ങളുടെ ഈന്തപ്പഴങ്ങളുടെ വ്യത്യസ്ത ഇനങ്ങളെ വേറെ വേറെ തന്നെ വെക്കുക. അതിനു ശേഷം എന്നെ അറിയിക്കുക. തുടർന്ന് ഞാൻ അങ്ങനെ തന്നെ ചെയ്ത ശേഷം നബി(സ)ന്റെ അടുക്കലേക്ക് ആളെ അയച്ചു. നബി(സ) വന്ന് ഈന്തപ്പഴക്കൂട്ടങ്ങൾക്കിടയിൽ ഇരുന്നു. എന്നിട്ടു പറഞ്ഞു: അവർക്ക് അളന്നു കൊടുക്കൂ. അങ്ങനെ ഞാൻ അവർക്ക് അവകാശപ്പെട്ടത് അളന്നു കൊടുത്തു. പിന്നെയും എന്റെ ഈന്തപ്പഴം ബാക്കിയായിരുന്നു. അവയിൽ അൽപം പോലും കുറവു വന്നിട്ടില്ല എന്ന് തോന്നിയിരുന്നു.

ഹദ്റത്ത് മുആദിന്റെ വൃദ്ധയും കണ്ണിന് മങ്ങലുമുള്ള മാതാവിനെ പറ്റി നേരത്തെ പരാമർശിച്ചതാണ്. അവർ നബി(സ)നോടുള്ള സ്നേഹം കാരണം മദീനക്ക് പുറത്തേക്ക് വന്നതായിരുന്നു. കഴിഞ്ഞ ഖുത്ബയിൽ അതിന്റെ വിശദീകരണം പറഞ്ഞിരുന്നു. നബി(സ) വൃദ്ധയെ കണ്ടപ്പോൾ തന്റെ സവാരിയെ നിർത്തി അവരുടെ മകന്റെ ശഹാദത്തിൽ അനുശോചനം അറിയിച്ചു. ഈ സംഭവങ്ങളിൽ നബി(സ) പ്രയാസം അനുഭവിക്കുന്നവരോട് ഉണ്ടായിരുന്ന സഹാനുഭൂതി എത്രമാത്രമായിരുന്നുവെന്ന് നോക്കുവിൻ. തുടർന്ന് നബി(സ) ആ വൃദ്ധയോട് പറഞ്ഞു: നിങ്ങൾക്ക് സുവാർത്തയായിരിക്കട്ടെ, യുദ്ധത്തിൽ അടുത്ത ബന്ധുക്കൾ ശഹീദാക്കപ്പെട്ട സഹോദരിമാർക്കും സന്തോഷവാർത്ത അറിയിക്കുക, ഇന്ന് നമ്മുടെ ശഹീദാക്കപ്പെട്ട എല്ലാവരേയും അല്ലാഹു സ്വർഗത്തിൽ ഒരുമിച്ചു കൂട്ടിയിരിക്കുന്നു. എല്ലാവരും അല്ലാഹുവിനോട് തങ്ങളുടെ സന്തപ്ത കുടുംബത്തിന് നല്ല മേൽനോട്ടക്കാരെ ലഭിക്കുന്നതിനു വേണ്ടി ദുഃആ ചെയ്തിട്ടുണ്ട്. ഇതു പറഞ്ഞ ശേഷം നബി(സ)വും ഉഹുദിലെ ശുഹദാക്കളുടെ സന്തപ്ത കുടുംബത്തിനുവേണ്ടി നല്ല മേൽനോട്ടക്കാരെ ലഭിക്കേണമേ എന്ന് ദുഃആ ചെയ്യുകയുണ്ടായി.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഇതിൽനിന്ന് നബി(സ) ഏതു രീതിയിലാണ് മദീനയിൽ എത്തുന്നതിനു മുമ്പേ തന്നെ ഉഹുദിലെ ശുഹദാക്കളുടെ സന്തപ്ത കുടുംബത്തെ സമാശ്വാസിപ്പിച്ചതെന്നും അവരോട് സഹാനുഭൂതി പ്രകടിപ്പിച്ച തെന്നും മനസ്സിലാകുന്നുണ്ട്. തനിക്കു തന്നെയും പരിക്കു പറ്റുകയും അടുത്ത ബന്ധുക്കൾ ശഹീദാകുകയും ചെയ്തിട്ടും നബി(സ) ഓരോ ചുവടിലും മദീനക്കാർക്ക് സന്തോഷം പകരുകയായിരുന്നു. നബി(സ) തന്റെ പ്രയാസങ്ങളെ തെല്ലും പരിഗണിച്ചില്ല. നബി(സ) അല്ലാതെ മറ്റൊരു വ്യക്തിക്കും ഇത്ര പ്രയാസത്തിലും ദു:ഖത്തിലും അസ്വസ്ഥതയിലും മറ്റുള്ളവരോട് സഹാനുഭൂതി പ്രകടിപ്പിക്കാൻ കഴിയുമായിരുന്നില്ല.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഈ യുദ്ധത്തിലും നബി(സ) എങ്ങനെയാണ് ഉന്നതമായ ആത്മ

ധൈര്യവും തന്റെ ഉന്നത സ്വഭാവവും പ്രകടിപ്പിച്ചതെന്നും ആളുകളോട് സഹാനുഭൂതിയും സമാശ്വാസവും നൽകിയതെന്നും നമ്മൾ കണ്ടതാണ്. ഈ യുദ്ധസംഭവങ്ങളിൽനിന്ന് നബി(സ)ന്റെ സ്വഭാവം എത്ര ഉന്നതമായിരുന്നുവെന്നും മനസ്സിലാക്കാൻ കഴിയുന്നുണ്ട്. മാത്രമല്ല ഈ യുദ്ധത്തിൽ സ്വഹാബാക്കളുടെ അനിതരസാധാരണമായ ത്യാഗങ്ങളെ പറ്റിയും അറിയാൻ കഴിയുന്നുണ്ട്.

യുദ്ധം അവസാനിച്ച ശേഷം നബി(സ) മദീനയിലേക്ക് തിരിച്ചു വരുന്ന സമയത്ത് മദീനയിലെ സ്ത്രീകൾ നബി(സ) ശഹീദായെന്ന വാർത്ത കേട്ടു വളരെ അസ്വസ്ഥരായിരുന്നു. പിന്നെ അവർ നബി(സ) വരുന്നുണ്ടെന്ന് അറിഞ്ഞപ്പോൾ നബി(സ)നെ സ്വീകരിക്കാൻ മദീനക്ക് പുറത്ത് കുറച്ച് അകലം വരെ എത്തി. അതിൽ നബി(സ)ന്റെ ഭാര്യാ സഹോദരി ഹദ്റത്ത് ഹംന ബിൻത് ജഹശ് ഉണ്ടായിരുന്നു. ഇവർ ഹ.മുസ്അബ് ബിൻ ഉമൈറിന്റെ ഭാര്യയാകുന്നു.

നബി(സ) മാതുലൻ ഹംസയും സഹോദരൻ അബ്ദുല്ലാഹ് ബിൻ ജഹശും ശഹീദായിരിക്കുന്നു എന്ന് പറഞ്ഞപ്പോൾ ഹംന *ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ* എന്ന് ചൊല്ലിക്കൊണ്ട് പറഞ്ഞു: അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ, തുടർന്ന് നിങ്ങളുടെ ഭർത്താവും ശഹീദാക്കപ്പെട്ടിരിക്കുന്നു. എന്ന് പറഞ്ഞപ്പോൾ ഹംനയുടെ കണ്ണുകളിൽ നിന്ന് കണ്ണീരൊഴുകാൻ തുടങ്ങി. അവർ പറഞ്ഞു: വളരെ സങ്കടകരമായിപ്പോയി. ഇതു കണ്ടപ്പോൾ നബി(സ) പറഞ്ഞു; നോക്കുക, ഒരു സ്ത്രീക്ക് തന്റെ ഭർത്താവുമായി എത്ര ആഴത്തിലുള്ള ബന്ധമാണ്! ഒരു സ്ത്രീ ഇത്തരം ഘട്ടത്തിൽ തന്റെ അടുത്ത രക്ത ബന്ധുമിത്രാദികളെ വിസ്മരിക്കുന്നു. അതേ സമയം തന്നെ സ്നേഹിക്കുന്ന ഭർത്താവിനെ ഓർക്കുന്നു. പിന്നെ നബി(സ) ഹംനയോട് ചോദിച്ചു: നിങ്ങളുടെ ഭർത്താവ് ശഹീദായ വിവരം അറിഞ്ഞപ്പോൾ സങ്കടകരമായിപ്പോയി എന്ന് എന്തുകൊണ്ടാണ് പറഞ്ഞത്? അപ്പോൾ ഹംന പറഞ്ഞു: യാ റസൂലല്ലാഹ്(സ)! എനിക്ക് അദ്ദേഹത്തിന്റെ കുട്ടികളെപ്പറ്റിയാണ് ഓർമ വന്നത്, ഇനി ആരാണ് അവരെ സംരക്ഷിക്കുക എന്ന് ചിന്തിച്ചു പോയി. നബി(സ) പറഞ്ഞു: നിങ്ങൾക്ക് നിങ്ങളുടെ ഭർത്താവിനേക്കാളും നല്ല സംരക്ഷകനെ നൽകട്ടെ യെന്ന് ഞാൻ അല്ലാഹുവിനോട് ദു:ആ ചെയ്യുന്നതാണ്. അങ്ങനെ ഈ ദു:ആയുടെ ഫലമായി ഹംനയുടെ വിവാഹം ഹദ്റത്ത് ത്വൽഹയുമായി നടന്നു. അവർക്ക് മുഹമ്മദ് ത്വൽഹ ജനിച്ചു. പക്ഷെ ചരിത്രത്തിൽ പറയുന്നു, ഹദ്റത്ത് ത്വൽഹ ഹംനയുടെ ആദ്യത്തെ മക്കളോട് കാണിച്ചിരുന്ന അത്രയും സ്നേഹ വാത്സല്യങ്ങൾ തന്റെ മകൻ മുഹമ്മദിനോട് കാണിച്ചിരുന്നില്ല. മറ്റുള്ളവരുടെ മക്കളെ സ്നേഹത്തോടെ പരിപാലിക്കുന്നതിൽ ഹദ്റത്ത് ത്വൽഹയേക്കാളും മേന്മയുള്ള ആരും തന്നെയില്ല എന്ന് ആളുകൾ പറഞ്ഞിരുന്നു.

തുടർന്ന് ആ മഹാത്മാവ് ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു: ഒരു സ്ത്രീക്ക് തന്നെ സ്നേഹിക്കുന്ന ഭർത്താവിനോട് എത്ര ആഴത്തിലുള്ള ബന്ധമാണെന്ന് നോക്കുക. ഇതിൽ നബി(സ)ന്റെ വിവക്ഷ, പുരുഷന്മാർ സ്ത്രീകളോട് നല്ല രീതിയിൽ പെരുമാറണമെന്ന പാഠമാണ്. ചെറിയ ചെറിയ കാര്യങ്ങളിൽ അവരെ അടിക്കുകയും മറ്റും ചെയ്യരുത്. സ്ത്രീകൾ തങ്ങളുടെ ഉറ്റയവരിൽനിന്നും ഉടയവരിൽനിന്നും അകന്ന് ഇവരുടെ അടുത്ത് താമസിക്കുന്നു. അതുകൊണ്ട് അവരെ സ്നേഹിക്കണമെന്നും ഓരോരോ കാര്യത്തിനും അവരോട് വഴക്കുകൂടരുത് എന്നതുമാണ് നീതി ആവശ്യപ്പെടുന്നത്. ഇത് എല്ലാകാര്യത്തിലും നൽകപ്പെടുന്ന പാഠമാണ്. ഓരോരുത്തരും ശ്രദ്ധാപൂർവം കേൾക്കുകയും ചിന്തിക്കുകയുമാണെങ്കിൽ നബി(സ) പറഞ്ഞത് ആ വ്യക്തിയോട് മാത്രമല്ലെന്നും മറിച്ച് പൊതുവിൽ എല്ലാവർക്കുമുള്ള ഉപദേശമാണെന്നും മനസ്സിലാകുന്നതാണ്.

ബന്ധുക്കൾ ശഹീദാക്കപ്പെട്ട മദീനയിലെ സ്ത്രീകൾ കരയുകയായിരുന്നു. സ്ത്രീകൾ കരയുന്ന ശബ്ദം കേട്ടപ്പോൾ നബി(സ) മുസ്ലിംകളുടെ പ്രയാസത്തെ കുറിച്ച് ചിന്തിക്കുകയും തിരുനബിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയും ചെയ്യാൻ തുടങ്ങി. തുടർന്ന് പറഞ്ഞു: നമ്മുടെ മുലകുടി സഹോദരനും പിതൃവ്യനുമായ ഹംസയും ശഹീദായിട്ടുണ്ട്. പക്ഷെ അദ്ദേഹത്തിനുവേണ്ടി വിലപിക്കാൻ ആരുമില്ലേ? നബി(സ) ചെറിയ ചെറിയ വികാരങ്ങളും ആഗ്രഹങ്ങളും പോലും പൂർത്തിയാകാതെ പോകരുത് എന്ന് അഭിലഷിച്ചിരുന്ന സ്വഹാബാക്കൾക്ക് അത് പൂർത്തിയാക്കാനും പ്രത്യേകം ആവേശമുണ്ടായിരുന്നു. അവർ തങ്ങളുടെ വീടുകളിൽ പോയി സ്ത്രീകളോട് പറഞ്ഞു: നിങ്ങൾ നിങ്ങളുടെ ബന്ധുമിത്രാദികൾക്ക് വേണ്ടി വിലപിക്കുന്നത് നിർത്തി നബി(സ) ഭവനത്തിൽ പോയി ഹദ്റത്ത് ഹംസയുടെ പേരിൽ വിലപിക്കുവിൻ. ഇത്രയുമായപ്പോഴേക്കും ക്ഷീണിതനായ നബി(സ) വന്ന് വിശ്രമിക്കാൻ തുടങ്ങി. ഹദ്റത്ത് ബിലാൽ ഇശാഅ്ക്കു ബാങ്ക് കൊടുത്തു. നബി(സ)നെ ഉണർത്തുകയുണ്ടായി. നബി(സ) ഉറക്കമുണർന്നപ്പോൾ ആ സമയത്തും സ്ത്രീകൾ ഹദ്റത്ത് ഹംസയുടെ പേരിൽ കരഞ്ഞു കൊണ്ടിരിക്കുകയായിരുന്നു. നബി(സ) ചോദിച്ചു; ഇതെന്താണ് നടക്കുന്നത്? അവർ പറഞ്ഞു; യാ റസൂലല്ലാഹ്, ഇത് മദീനയിലെ സ്ത്രീകൾ ഹംസയുടെ മരണത്തിൽ വിലപിക്കുകയാണ്. നബി(സ) പറഞ്ഞു: അല്ലാഹു മദീനയിലെ സ്ത്രീകളോട് കരുണ ചെയ്യട്ടെ, അവർ എന്നോട് സഹാനുഭൂതി പ്രകടിപ്പിച്ചിരിക്കുന്നു. തുടർന്ന് പറഞ്ഞു: അൻസ്വാറുകൾ എന്നോട് വളരെയധികം സ്നേഹമുള്ളവരാണെന്ന് എനിക്ക് നേരത്തെ തന്നെ അറിയാം. അതോടൊപ്പം പറഞ്ഞു; ഇങ്ങനെ വിലപിക്കുന്നത് അല്ലാഹുവിന്റെ പക്കൽ അനിഷ്ടക

ശേഷം പേജ് 34 ൽ



# സ്വർഗ്ഗവും കർമ്മാനുഷ്ഠാനവും

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

സ്വർഗ്ഗം നിശ്ചലമായ ഒരിടമല്ല. അവിടെയും മനുഷ്യന്ന് പുരോഗതിയും വികാസവുമുണ്ട്.

പരലോകത്ത് മനുഷ്യന്റെ കർമ്മങ്ങൾ അവസാനിക്കുമോ? അവിടെ അവൻ വയസ്സായ ഒരാളെ പോലെ തീറ്റയും കുടിയിലു മാത്രം നിരതനായിരിക്കുമോ? അതോ ഏതെങ്കിലും കർമ്മത്തിൽഏർപ്പെട്ടിരിക്കുമോ?

മനുഷ്യന്റെ ജീവിതം തന്നെ കർമ്മങ്ങളാകുന്നു. എന്നതാകുന്നു ഇതിന്ന് നൽകാനുള്ള ഉത്തരം ഒരാളെ അയാളുടെ കർമ്മങ്ങളിൽ നിന്നും വേർപ്പെടുത്തുക എന്നു വെച്ചാൽ അയാളുടെ ജീവിതം ഉപയോഗശൂന്യമാക്കുക എന്നർത്ഥമാകുന്നു. കർമ്മരഹിതമായ ജീവിതം മരണത്തെക്കാൾ ചീത്തയാകുന്നു. നിഷ്ക്രിയമായ ജീവിതം നല്ലൊരുകാര്യമാണെങ്കിൽ ഈ ലോകത്തെ അലസ ജീവിതം നയിക്കുന്നവരെല്ലാം ഉത്തമന്മാരായി പരിഗണിക്കപ്പെട്ടിരിക്കുമായിരുന്നു സക്രിയമായ ജീവിതത്തിന്റെ ആനന്ദം നുകർന്നിട്ടുള്ളവർക്കറിയാം, കർമ്മവും കർമ്മത്തിലുള്ള മുന്നേറ്റവുമാണ് യഥാർത്ഥത്തിലുള്ള ആനന്ദവും സുഖവുമെന്ന്. ഉദാസീനമായ ജീവിതം വിഢിയുടെ സ്വർഗ്ഗമാണ്; ബുദ്ധിയുള്ളവരാരും അതിനെ നന്മയായി കാണുകയില്ല.ഖുർആൻ പറയുന്നു:

***അവരുടെ മുന്നിലും വലത് വശത്തും അവരുടെ പ്രകാശം പ്രസരിച്ചു കൊണ്ടിരിക്കും, ഞങ്ങളുടെ നാഥാ ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചു തരേണമേ; ഞങ്ങൾക്ക് പൊറുത്തു തരേണമേ, തീർച്ചയായും നീ എല്ലാ കാര്യത്തിന്നും കഴിവുള്ളവനാണ്.*** (66:9)

അതായത് ഓരോ വിശ്വാസിയും പുരോഗതിപ്പെട്ടുകൊണ്ടുരിക്കുകയും പുതിയ പുതിയ പടവുകൾ കണ്ടു കൊണ്ടിരുക്കുകയും അത് പ്രാപിക്കാനുള്ള ആഗ്രഹത്തോടെ അതിന്ന് വേണ്ടി പരിശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ വീണ്ടും പറയുന്നു:

***ഒരു സത്യവിശ്വാസിക്ക് സ്വർഗ്ഗത്തിൽ തളർച്ച അനുഭവപ്പെടുകയില്ല.***(15: 49)

സ്വർഗ്ഗത്തിലും കർമ്മം ഉണ്ടാകാമെന്നും എന്നാൽ അത് തളർച്ചയും ക്ഷീണവും സൃഷ്ടിക്കുകയില്ലെന്നും ഇതു മനസ്സിലാക്കിതരുന്നു. വീണ്ടു ഖുർആൻ പറയുന്നു :

***അല്ലയോ ശാന്തിപ്രാപിച്ച ആത്മാവേ, നീ നിന്റെ നാഥനിലേക്ക് മടങ്ങുക, സംതൃപ്തനായും പ്രീതിപ്പെട്ടവനായും കൊണ്ട്. എന്നിട്ട് എന്റെ ഉത്തമ ദാസരിൽ ചേർന്നു കൊള്ളുക.*** (89:28-31) അവിടെ ദൈവത്തിന്റെ കുറ്റമറ്റ എല്ലാ ഗുണങ്ങളും വെളിപ്പെടുമാറാകുന്നു,

മനുഷ്യൻ ഈ ലോകത്തുവെച്ചും കർമ്മങ്ങൾ അനുഷ്ഠിക്കുന്നുവെങ്കിലും യഥാർത്ഥമായ കർമ്മങ്ങളുടെ കാലം മരണത്തിന്ന് ശേഷമാണ് ആരംഭിക്കുന്നത്. അപ്പോഴാണ് ഒരു സത്യവിശ്വാസി ദൈവത്തിന്റെ യഥാർത്ഥ ദാസനായി തീരുന്നത്. എന്തു കൊണ്ടെന്നാൽ, ദൈവത്തിന്റെ ഗുണങ്ങൾ തന്നിൽ ലയിപ്പിക്കാണുള്ള പൂർണ്ണമായ അവസരം അവന്ന് കൈവരുന്നത് അപ്പോൾ മാത്രമാണ്.

ആകയാൽ മനുഷ്യന്റെ കർമ്മങ്ങൾ അവിടെ അവസാനിക്കുന്നതല്ല. മറിച്ചു അത് വർദ്ധിക്കുകയാണ് ചെയ്യുക. വിശുദ്ധ നബി(സ)പറയുന്നു:

സ്വർഗ്ഗത്തിൽ വിശ്വാസികൾക്ക് തസ്ബീഹുകളും തക്ബീറുകളും വെളിപാടുകൾ മുഖേന പഠിപ്പിക്കപ്പെടും.

ദൈവകീർത്തനത്തിന്നുള്ള പുതിയ സ്ത്രോത്രവചനങ്ങളും കീർത്തന വാക്യങ്ങളും പഠിപ്പിക്കപ്പെടും. എന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം. ഈ ജോലി അവൻ ചെയ്തുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ ഔന്നത്യവും മഹത്വവും മനസ്സിലാക്കിത്തരുന്ന പുതിയ പുതിയ ഗുണവിശേഷങ്ങൾ അവനു വെളിപ്പെടുപെടുത്തിക്കൊടുക്കുകയും അതുവഴി ആ ഗുണങ്ങളും തന്നിൽ പകർത്തുവാൻ അവൻ പരിശ്രമിക്കുകയും ചെയ്യും എന്നാണ് ഇപ്പറഞ്ഞതിന്റെ അർത്ഥം.

മുമ്പു അറിയപ്പെട്ടിട്ടില്ലാത്ത ആ പുതിയ ഗുണവിശേഷങ്ങൾ എന്തൊക്കെയാണെന്ന് ആരെങ്കിലും ചോദിച്ചു എന്നു വരാം. ആ ഗുണവിശേഷങ്ങൾ അറിയുമാറില്ലേ? മനുഷ്യന്ന് അവന്റെ ഇന്ദ്രിയങ്ങൾ മുഖേന പഠിക്കനാകുന്ന അറിവുകൾ മാത്രമേ ആർജിക്കുവാൻ സാധി

ക്കുകയുള്ളൂ. ആകയാൽ നമ്മുടെ ഇപ്പോഴത്തെ അറിവ് നമ്മുടെ ഇന്ദ്രിയ ജ്ഞാനത്തിന്റെ പരിസീമകളിൽ മാത്രം ഒതുങ്ങുന്നതാണ്. നമ്മുടെ ഇന്ദ്രിയങ്ങളുടെ ഇപ്പോഴത്തെ ഗ്രാഹക ശക്തി വച്ചു നോക്കുമ്പോൾ ഈ അറിവുകൾ പരിപൂർണ്ണം തന്നെ. എന്നാൽ പുതിയ ജ്ഞാനേന്ദ്രിയങ്ങൾ മനുഷ്യൻ സ്വായത്വമാക്കുമ്പോൾ ദൈവത്തിന്റെ പുതിയ സിഫത്തുകൾ അഥവാ പുതിയ ഗുണങ്ങൾ അവന്നു ഗോചരമാകുന്നതാണ്. ദൈവം അപാരനായിരിക്കയാൽ ജ്ഞാനസിദ്ധിയിലും സൂക്ഷ്മമായ അറിവിലും മനുഷ്യൻ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടു പോവും. ഒരോ പുതിയ അറിവും ഓരോകർമ്മ മണ്ഡലം തുറന്നിടുന്നതും അതു തുടർന്നുകൊണ്ടു പോകുന്നതുമാണ്. ദിവസം തോറും അഥവാ കാലഗതിക്കൊപ്പം മനുഷ്യന്റെ ഈ സൂക്ഷ്മമായ അറിവുകൾ, ദൈവം അനന്തനായിരിക്കയാൽ, വർദ്ധിച്ചു കൊണ്ടേ് പോകുന്നതാണ്. ഈ ലോകം ഒരു കർമ്മഭൂമിയായിരിക്കുന്നത് പോലെ സ്വർഗ്ഗവും ഒരു കർമ്മരംഗമാകുന്നു. അല്ല അതിലുപരിയായിട്ടുതന്നെ. വ്യത്യാസം ഇത്രമാത്രം ഈ ലോകത്ത് മനുഷ്യൻ പരാജയപ്പെടാനിടയുണ്ട്. തഴോട്ട് പതിക്കാനും സാധ്യതയുണ്ട്. പരലോകത്താകട്ടെ ഇത്തരം വിപത്തുകളൊന്നുമില്ല. ആത്മീയജ്ഞാനം സംബന്ധിച്ചിടത്തോളം ഈ ലോകം ഒരു പള്ളിക്കൂടം പോലെയാണ്. അവിടെ ഒരാൾ തോൽക്കുകയോ ജയിക്കുകയോ ചെയ്യാം. എന്നാൽ, പരലോകജീവിതം യൂണിവേഴ്സിറ്റി പരീക്ഷ പാസ്സായശേഷം ശാസ്ത്രീയ ഗവേഷണത്തിലേർപ്പെടുന്ന ഒരാളുടെ നിലയോട് ഉപമിക്കാവുന്നതാണ്. ഇയാൾ കഠിനജോലി ചെയ്യുന്നു. ചിലപ്പോൾ അയാളും കോളേജ് വിദ്യാർത്ഥിയും തമ്മിലുള്ള വ്യത്യാസം, കോളേജ് വിദ്യാർത്ഥി താൻ പരാജയപ്പെട്ടു പോകുമോ എന്ന ഭയത്തിന്നു വിധേയനാണെങ്കിൽ മറ്റേയാൾക്ക് അത്തരം ഒരു ഭയവും ഉണ്ടാകുന്നില്ല എന്നതത്രേ.

മുകളിൽ നൽകിയ വിവരം വ്യക്തമാക്കുന്നത്. സ്വർഗ്ഗത്തിലെ യഥാർത്ഥമായ അനുഗ്രഹങ്ങളും യഥാർത്ഥമായ സുഖാനുഭൂതികളും ആത്മീയ പുരോഗതിയിലാണ് അടങ്ങിയിരിക്കുന്നതെന്നും. പൊതുവേ ആരോപിക്കപ്പെടുന്നത് പോലെ ശാരീരികമായ ഇച്ഛകളുടെ തൃപ്തിയല്ലെന്നും ആകുന്നു. ഏറ്റവും മഹത്തായ സ്വർഗ്ഗീയ അനുഗ്രഹം ദൈവ സംതൃപ്തിയാണ്.

***അല്ലാഹുവിൽ നിന്നുമുള്ള പ്രീതിയാണ് എല്ലാത്തിലും മഹത്തരമായിട്ടുള്ളത്.*** (9:72)

തിരുനബി[സ]യുടെ അരുളപ്പാടനുസരിച്ച് സ്വർഗ്ഗത്തിലെ ഏറ്റവും വലിയ ആനന്ദം ദൈവ ദർശനമത്രെ. ചുരുക്കത്തിൽ ഒരു മുസ്ലിമിന്റെ സ്വർഗ്ഗം യഥാർത്ഥ ജ്ഞാനാർജനത്തിലും ആ ജ്ഞാനമനുസരിച്ചുള്ള സൽക്കർമ്മങ്ങളിലും അതോടൊപ്പം മേൽ രണ്ടു മാർഗ്ഗങ്ങളിലൂടേയും സാദ്ധ്യമായിത്തീരുന്ന ദൈവസാമീപ്യത്തിലും സായൂജ്യത്തിലുമാകുന്നു. ഇതിനേക്കാൾ മഹത്തരമായിട്ടുള്ള ഒരു ലക്ഷ്യത്തേക്കുറിച്ച് മനുഷ്യന്നു നിരുപിക്കാൻ കഴിയില്ല.!



# നീതിയുടെ ലംഘനങ്ങൾ



മനുഷ്യൻ അവന്റെ അതിലംഘനങ്ങൾ അതിരു കടക്കുമ്പോൾ ദൈവത്തിന്റെ ഔദാര്യത്തിന്റെ രക്ഷാകവചം പിൻവലിക്കപ്പെടുകയും ശിക്ഷ അയാളിൽ പതിക്കുകയു ചെയ്യുന്നു

**ഹദ്‌റത്ത് മിർസാ ത്വാഹിർ അഹ്‌മദ്** رحمه الله

ഖലീഫത്തുൽ മസീഹ് നാലാമൻ

ആരെങ്കിലും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും ധാർമികവുമായ തിന്മകൾ കാരണം തുറന്ന മനസ്സോടെ അന്വേഷിക്കുകയാണെങ്കിൽ അനീതിയായിരിക്കും അതിന്റെ മൂലകാരണമെന്ന് അയാൾക്ക് എല്ലായ്പ്പോഴും കണ്ടെത്താനാകും. നീതിയോട് ചേർന്ന് നിൽക്കാത്തിടത്തോളംകാലം ലോകത്തിന്ന് ശാന്തിയുടെ ഒരിടമായിത്തീരാൻ സാദ്ധ്യമല്ല. അനീതി, സ്വേച്ഛാധിപത്യം, മർദ്ദനം മുതലായവ സംഭവിക്കുമ്പോൾ തിന്മ പിറക്കുകയും നാശം ആരംഭിക്കുകയും ചെയ്യും.

മനുഷ്യൻ ദൈവത്തോട് അവന്റെ ബാദ്ധ്യതകൾ നിർവഹിക്കുന്നതിൽ നീതി പുലർത്തിയില്ലെങ്കിൽ അവൻ തന്റെ സഹജീവികളോടും നീതി കാണിക്കാൻ സാദ്ധ്യതയില്ല. ഒരു കാര്യം ഓർക്കേണ്ടതുണ്ട്. ഒരാൾ സ്വയം തന്നെ ശിക്ഷക്ക് വിധേയമാവുന്ന അനന്തരഫലം അനുഭവിക്കാതെ നീതിയുടെ താൽപര്യങ്ങളെ അവഗണിക്കാൻ ആർക്കും സാദ്ധ്യമല്ല. അത്തരം ശിക്ഷകൾ ആകാശത്ത് നിന്നിറങ്ങുന്നത് പോലെയുള്ള ദൈവത്തിന്റെ കോപവുമായി ബന്ധമുള്ളതല്ല. മറിച്ച് പ്രകൃതി നിയമങ്ങളെ ലംഘിക്കുന്നത് മൂലം സ്വാഭാവികമായുണ്ടാകുന്ന അനന്തരഫലമാണ്. യാതൊന്നും തന്നെ പ്രകൃതി നിയമത്തിന്റെ മേഖലക്ക് പുറത്തുള്ള കാര്യമല്ല.

ഇവിടെയും ദൈവത്തിന്റെ കാരുണ്യവും പൊറുമയും ഔദാര്യവുമെല്ലാം പ്രവർത്തന നിരതമാവുന്നിനാൽ മനുഷ്യൻ അവന്റെ ഓരോ പാപത്തിന്റെ പേരിലും ശിക്ഷിക്കപ്പെടുന്നില്ല. അവന്റെ അതിലംഘനങ്ങൾ ഒരു നിശ്ചിത പരിധി കടക്കുമ്പോൾ ഔദാര്യത്തിന്റെ രക്ഷാകവചം പിൻവലിക്കപ്പെടുകയും അയാൾക്കും ശിക്ഷക്കും നടുവിൽ മറ്റൊന്നിന്നും നിൽക്കാൻ സാദ്ധ്യമല്ലാതെ വരികയും ചെയ്യുന്നു. ഇത് വിശുദ്ധ ഖുർആൻ ഇപ്രകാരം വിവരിക്കുന്നു:

**ഏതൊരു വിപത്ത് നിങ്ങളെ ബാധിക്കുന്നുവോ അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ്. എന്നാൽ അധികവും അവൻ മാപ്പാക്കുന്നു. നിങ്ങളൊരിക്കലും ഭൂമിയിൽ (അല്ലാഹുവിന്റെ പദ്ധതി) പരാജയപ്പെടുത്തുന്നവരല്ല. അല്ലാഹുവിന്ന് പുറമെ നിങ്ങൾക്ക് വല്ല രക്ഷകനോ സഹായകനോ ഇല്ലതാനും.** *(സൂറ: അശ്ശൂറ: 42:31-32)*

മറ്റുവാക്കുകളിൽ പറഞ്ഞാൽ മനുഷ്യൻ സ്വയം തന്നെയാണ് അവന്റെ മേൽ നിർഭാഗ്യംകൊണ്ട് വരുന്നത്. എന്നാൽ പലപ്പോഴും ദൈവം മനുഷ്യന്റെ പാപങ്ങൾ പൊറുത്തു തരികയും അവന്റെ സ്വയംകൃത നശീകരണത്തിൽ നിന്നും അവനെ രക്ഷിക്കുകയും ചെയ്യുന്നു. യുദ്ധത്തിന്റെ ചരിത്രം പരിശോധിച്ചാൽ എല്ലാ സമാധാനഭംഗത്തിന്റെയും അടിയിലെ കാരണമായി വർത്തിക്കുന്നത് നീതി തത്വങ്ങളുടെ ലംഘനങ്ങളാണെന്ന് തീർച്ചയായും കണ്ടെത്താവുന്നതാണ്.

### ത്രിത്വ സിദ്ധാന്തം

ദൈവവുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ ക്രിസ്ത്യാനികളുടെ ത്രിത്വസിദ്ധാന്തം മനുഷ്യന്റെ അതിഘോരമായ അനീതിയുടെ ഉചിതമായ ഉദാഹരണമായി കാണാവുന്നതാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

**അതിനാൽ ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്ന് പോകുകയും പർവ്വതങ്ങൾ തകർന്ന് വീഴുകയും ചെയ്തേക്കാം പരമകാരുണികന്ന് ഒരു പുത്രനുണ്ടെന്ന് വാദിച്ച കാരണത്താൽ** (സൂറ: മർയം 19: 91-92)

മനുഷ്യ വ്യവഹാരങ്ങളിൽ യുദ്ധത്തിന്റെയും ക്രമരാഹിത്യത്തിന്റെയും കാരണങ്ങളെപ്പറ്റി അഗാധമായി ചിന്തിക്കുകയാണെങ്കിൽ മേൽപറഞ്ഞ ഖുർആനിക പ്രസ്താവനയുടെ ആശയം അവസാനം ഇവിടെ ആരോപിക്കാവുന്നതാണെന്ന് കാണാം. നാം ഇപ്പോൾ അത് വിവരിക്കുമ്പോൾ അത് വ്യക്തമാവും

മേൽ ഖുർആൻ വചനം ഇങ്ങനെ പ്രസ്താവിച്ചിട്ടും ക്രിസ്തു മതത്തിന്റെ ചരിത്രത്തിൽ ക്രിസ്ത്യാനികൾ അവരുടെ വിശ്വാസം കാരണമായി നേരിട്ട് എന്തെങ്കിലു തരത്തിലുള്ള ദൈവ കോപത്തിനോ ദൈവത്തിന്റെ അപ്രീതിക്കോ പാത്രമായി എന്ന് നമുക്ക് കാണാൻ സാധിച്ചിട്ടില്ല. മറിച്ച് ലൗകികാർത്ഥത്തിൽ അവർ അനുഗൃഹീത രാജ്യങ്ങളായി കാണുന്നു. ലോകം മുഴുവനും അവർ ഒന്നിച്ച് ഭരിക്കുന്നു. അക്രൈസ്തവ രാജ്യങ്ങളുടെ ശാക്തിക സന്തുലനം പോലും അവരുടെ കൈകളിലൂടെയാ

ണ് നിയന്ത്രിക്കപ്പെടുന്നത്. അത് കൊണ്ട് അവർ ലോകത്തിന്റെ പരമാധികാരമുള്ള യജമാനന്മാരായി ഗണിക്കപ്പെടുന്നു. കഴിഞ്ഞ ചില ദശാബ്ദങ്ങളിൽ മൂന്നാം ലോക രാജ്യങ്ങളിൽ നിന്നും ക്രമേണ സ്വാതന്ത്ര്യത്തോടു കൂടി ഉയർന്നു വന്ന ചില രാജ്യങ്ങളെ നാം കാണുകയുണ്ടായി. അത്പോലും നിലവിലുള്ള പാശ്ചാത്യ മേൽക്കോയ്മയിൽ വളരെ നിസ്സാരമായ മാറ്റങ്ങൾ മാത്രമേ വരുത്തിയിട്ടുള്ളൂ. ഈ വീക്ഷണകോണിൽ നോക്കുമ്പോൾ മേൽ പ്രതിപാദിച്ച ഖുർആനിക പ്രസ്താവനയുടെ യഥാർത്ഥ പ്രധാന്യം എന്താണ്?

ക്രിസ്തുമതത്തെ പറ്റിയുള്ള പഠനം കാണിക്കുന്നത് യഥാർത്ഥത്തിൽ ദൈവത്തിന്റെ ഏകത്വത്തെ പറ്റിയുള്ള വിശ്വാസമായിരുന്നു ആദിമ ക്രിസ്ത്യാനികൾ അനുവർത്തിച്ചിരുന്നത്. ത്രിത്വ സങ്കൽപ്പവും ദൈവത്തിന്ന് ഒരു പുത്രനുണ്ട് എന്ന സങ്കൽപ്പവും മുഖ്യമായും സെന്റ് പോളിലൂടെ പിന്നീട് കടന്നു കൂടിയതാണ്. അന്ന് മുതൽ ഈ സമസ്യ പല പ്രത്യേക സങ്കൽപ്പങ്ങളായി ക്രിസ്തുമതത്തിൽ ഇതൾ വിരിയുകയുണ്ടായി. വിവിധ ക്രിസ്തീയ വിഭാഗങ്ങൾ വിവിധ വികാസ വീഥികൾ അവലംബിച്ചു. നാലാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഏറ്റവും വലിയ വിഭാഗം ഈ ഒരു പ്രശ്നത്തിൽ മേധാവിത്വം നേടാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഓരോ വിഭാഗവും ത്രിത്വ സങ്കൽപ്പത്തിലും അതിന്റെ അനുബന്ധ സിദ്ധാന്തങ്ങളിലും തങ്ങളാണ് ശരിയായ പാതയിലെന്ന് വാദിച്ചുകൊണ്ടിരുന്നു. ഇങ്ങനെയാണെങ്കിലും അവരെല്ലാം ഏകദൈവ വിശ്വാസത്തിലാണെന്ന് വാദിച്ചുകൊണ്ടിരുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ അവർ വിശ്വസിച്ചിരുന്ന ഏകദൈവം ഒരുതരത്തിലുള്ള വിഭജിത വ്യക്തിത്വമായിരുന്നു. മുഖ്യമായും ഈ ഒരു സമീപനം കാരണം വിശുദ്ധ ഖുർആൻ അവരെ ബിംബാരാധകർ എന്ന് മുദ്രകുത്തിയിട്ടില്ല. ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം പ്രബോധിക്കുവാനുള്ള അവകാശം അവർക്ക് തുടർന്നും നൽകുകയുണ്ടായി.

ദൈവത്തിന്റെ ഏകത്വത്തെ പറ്റി അവർ അധരസേവ നടത്തുന്നുണ്ടെങ്കിലും അവരുടെ പ്രവൃത്തി ബിംബാരാധകരുടെത് പോലെയാണ്. ഖുർആനിലെ ഈ പ്രവചന പുലർച്ച ഏത് വിധത്തിലാണ് സംഭവിച്ചതെന്ന ചോദ്യമാണ് ഉയരുന്നത്. ഈ വചനത്തെ സംബന്ധിച്ച ആഴത്തിലുള്ള പഠനം വെളിവാക്കിത്തരുന്നത് ഇത് സംബന്ധിച്ച് ദൈവം ഈ വചനത്തിൽ പ്രകടിപ്പിച്ച അനിഷ്ടം ആഗോളീയമായ ഒരു കുഴപ്പമായിട്ടാണ് പ്രകടമാവുന്നത് എന്നാണ്.

ഇത് സൂചിപ്പിക്കുന്നത് സ്വയം തന്നെ പരസ്പരം ഭിന്നിച്ചു പോകുന്ന അപകടം ക്രിസ്തു മതത്തിന്റെ ഉള്ളിൽ തന്നെ അന്തർലീനമായിട്ടുണ്ട് എന്നാണ്. അതായത് കുറ്റത്തിന്ന് ഉചിതമായ ശിക്ഷയാണ് പ്രതിപാതിച്ചിരിക്കുന്നത്. ത്രിത്വം എന്നത് ദൈവത്തിന്റെ ഏക വ്യക്തിത്വത്തിൽ ഒരു ഭിന്നത സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. അതിന്റെ ഫലമായി ത്രിത്വത്തിൽ വിശ്വസിക്കുന്നവരിൽ തന്നെ ഭിന്നത ഉടലെടുത്തു. ക്രൈസ്തവ രാഷ്ട്രങ്ങളുടെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന കൊളോണിയൽ പോളിസി തന്നെ ഈ സമീപനത്തിന്റെ ഭാഗമായുണ്ടായതാണ്.

നവോത്ഥാന കാല സാഹചര്യത്തെപ്പറ്റി ആലോചിക്കുക. അതായത് യുക്തിയുടെയും താർക്കിക ജ്ഞാനത്തിന്റെയും സത്യാന്വേഷണത്തിന്റേയും ജനനം സന്ദർഭത്തിൽ പാശ്ചാത്യ ക്രിസ്തു മതത്തിന്ന് ഒരു പുതിയ ഉച്ഛരാസത്തിന്ന് തുടക്കം കുറിക്കുകയായിരുന്നു. ഈ കാലഘത്തിൽ ക്രിസ്ത്യൻ മതസിദ്ധാന്തം സംശയിക്കപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും മനുഷ്യന്റെ ധിഷണയുമായി അത് സംഘട്ടനത്തിലാവുകയും ചെയ്തു. ഈ ധൈഷണിക വിപ്ലവത്തിനെതിരെ ക്രിസ്തു സഭ രൂക്ഷമായി പ്രതികരിക്കുകയും അവരുടെ മതസിദ്ധാന്തത്തിന്റെ സാധുതയെ ചോദ്യം ചെയ്തവരെ അപലപിക്കുകയും ശിക്ഷിക്കുകയും ചെയ്തു. ക്രിസ്തുസഭക്കെതിരെ അവർ ഉന്നയിച്ച ചോദ്യങ്ങൾക്ക് തത്വചിന്തകന്മാർക്കും ശാസ്ത്രജ്ഞന്മാർക്കും മറുപടി കണ്ടെത്തനായില്ല. അവർ ഒന്നടങ്കം മതത്തിൽ നിന്ന് വിട്ടകലാൻ ആരംഭിച്ചു. അവർ ചർച്ചിനെ സംബന്ധിച്ച് ആകെ നിരാശരായി. ശാസ്ത്രീയ യുക്തിയും മത സിദ്ധാന്തവും തമ്മിലുള്ള വിഭജനം പൂർണ്ണമായി.

ക്രിസ്തുമതം അങ്ങനെ അവഗണനയുടെ ഉച്ചകോടിയിൽ തള്ളപ്പെട്ടതിനാൽ യാതൊരു പ്രശ്നവും ഉണ്ടായില്ല. എന്നാൽ യുക്തിജ്ഞാനത്തിന്റേയും ഗവേഷണത്തിന്റേയും വിജ്ഞാനാന്വേഷണത്തിന്റേയും സൂര്യൻ പശ്ചിമ ചക്രവാളത്തിൽ ഉദിച്ചുയരാൻ തുടങ്ങി. അവർ കാര്യങ്ങൾ പൂർണ്ണമായും വ്യത്യസ്തമായ പരിപ്രേഷ്യത്തിൽ കാണാൻ തുടങ്ങി. ഭൂമി സ്ഥിരമായി നിൽക്കുകയില്ലെന്ന് തീർച്ചയായും അവർ തിരിച്ചറിയുകയായിരുന്നു. സൂര്യൻ യേശുവിന്റെ ജന്മഗ്രഹമായ ഭൂമിക്ക് പ്രണാമമർപ്പിച്ച് ചുറ്റും കറങ്ങുകയല്ല എന്ന് അവർ കണ്ടെത്തി. ശാസ്ത്രീയ വിപ്ലവം പ്രപഞ്ച വീക്ഷണം തന്നെ മാറ്റി മറിച്ചു. യേശുവിന്റെ ജന്മഗ്രഹമായ ഭൂമിക്ക് യാതൊരു ബഹുമതിയുമില്ലാതെ അത് സൂര്യനെ ഭ്രമണം ചെയ്യുകയാണെന്ന് അന്തിമമായി അവർ കണ്ടെത്തി.

ക്രിസ്ത്യൻ ബുദ്ധിജീവികൾ പ്രകൃതിയുടെ യാഥാർത്ഥ്യങ്ങൾ ഓരോന്നോരോന്നായി കണ്ടെത്തുകയായിരുന്നു. ക്രിസ്തു സഭക്കെതിരെ ഒരു തുറന്ന കലാപം ഉണ്ടാകുമെന്ന് അവർ ഭയപ്പെട്ടു. അവർ തങ്ങളുടെ ആശങ്കകൾ രഹസ്യത്തിൽ സൂക്ഷിച്ചു. തുടർന്ന് അജ്ഞേയവാദം ജന്മം കൊണ്ടു. പിന്നീട് ദൈവരഹിതമായ തത്വശാസ്ത്രങ്ങളും കമ്മ്യൂണിസവും ഉരുവം കൊണ്ടു. ഇതായിരുന്നു ഇതിന്റെ പ്രത്യക്ഷഫലം.

ത്രിത്വവാദം ക്രിസ്തീയ ലോകത്തെ പരസ്പരം പോരടിക്കുന്ന രണ്ട് കേന്ദ്രങ്ങളായി വീണ്ടും വിഭജിച്ചു. അവരെ അത് കൂടുതൽ അകറ്റുകയും അവരുടെ സമീപനങ്ങൾ പരസ്പരം കഠിനതരമാക്കുകയുമുണ്ടായി. വാസ്തവത്തിൽ പാശ്ചാത്യ ക്രിസ്തീയ ലോകം മാത്രമാണ് രണ്ടായി ധ്രുവീകകരിക്കപ്പെട്ടത് എന്നിരിക്കെ ലോകം മൊത്തം രണ്ടായി വിഭജിക്കപ്പെട്ടു എന്ന് പ്രസ്താവിക്കുമ്പോൾ ചിലർ നെറ്റി ചുളിച്ചേക്കാം. എന്നാൽ മാനവശക്തി പരിഗണിക്കുമ്പോൾ ഭിന്നിപ്പിന്റെ ഗുരുത്വ കേന്ദ്രം സംയോജിത ക്രിസ്തീയ ശക്തികൾക്കകത്തും കമ്മ്യൂണിസ്റ്റ് ചേരിക്കകത്തുമാണ്. ആ പ്രദേശമാകട്ടെ പഴയ ക്രിസ്തുമതത്തിന്റെ ശക്തി കേന്ദ്രങ്ങളാണ്.

ഈ പരിപ്രേഷ്യത്തിൽ രണ്ട് ലോകമഹായുദ്ധങ്ങളും മനുഷ്യന്റെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായി ബന്ധപ്പെട്ട മാനവീയ ആശയങ്ങളുടെയും ആദർശങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും മേൽ വിപുലമായ ഒരു ആഘാതമേൽപ്പിച്ചു എന്ന് പറയാൻ സാധിക്കും.

### നീതിലംഘനത്തിന്റെ മുന്നറിയിപ്പ് സംവിധാനം

മനുഷ്യ ശരീരത്തിലെ നിയമലംഘനവുമായി ബന്ധപ്പെട്ട കാര്യക്ഷമമായ മുന്നറിയിപ്പ് സംവിധാനത്തെപ്പറ്റി നമുക്ക് പരിശോധിക്കാം.

രോഗത്തിന്റെ നേരിയ ഒരു സൂചന പോലും മനുഷ്യശരീരത്തെ ആകമാനം അസ്വസ്ഥമാക്കും. ബാഹ്യമായി നോക്കുമ്പോൾ നമുക്ക് ഇതൊരു അനാവശ്യമായ തടസ്സമായി തോന്നും. എന്നാൽ യഥാർത്ഥത്തിൽ അതിജീവനത്തിന്നും ജീവന്റെ സുരക്ഷക്കും ഇത് ഏറ്റവും അവശ്യമാണ്. എല്ലാ ജീവജാലങ്ങളിലും വേദനയുടെ അടയാളം ഉറങ്ങിക്കിടക്കുന്ന ശരീരത്തിന്റെ പ്രതിരോധ സംവിധാനത്തെ ഉണർത്തുന്നു. വേദനയും അസ്വസ്ഥതയും ശരീരത്തിൽ പൊതുവേയുള്ള ഒരു മുന്നറിയിപ്പ് സംവിധാനം മാത്രമല്ല. ആസന്നമായ അപകടം സ്ഥിതി ചെയ്യുന്ന ശരീരത്തിലെ പ്രത്യേക ഭാഗത്തേക്ക് പ്രതിരോധ സംവിധാനത്തെ അവ നയിക്കുകയും ചെയ്യും. അവ അപകടത്തെയും അത് സ്ഥിതിചെയ്യുന്ന സ്ഥലത്തെയും കൃത്യമായി നിർവ്വചിക്കുന്നു. ആയതിനാൽ പ്രതിരോധ സംവിധാനം ആ ഭീഷണിയെ നേരിടാനുള്ള പ്രതിസംവിധാനം കൃത്യമായ അളവിലും സ്ഥലത്തും സ്വീകരിക്കുന്നു. ജീവന്റെ മുഴുവൻ പ്രതിരോധ സംവിധാനവും വേദനയുള്ള സ്ഥലത്ത് മാത്രമല്ല വ്യക്തിയുടെ ശരീരത്തിൽ ജീവനെ ഭീഷണിപ്പെടുത്തുന്ന എല്ലാ അപകടങ്ങൾക്കെതിരെയും ജാഗ്രതപ്പെടുന്നു.

അതിന്ന് ശേഷം വളരെ സങ്കീർണ്ണവും കുഴഞ്ഞു മറിഞ്ഞതുമായ പ്രതികരണം ഓരോ ജീവികളിൽ നിന്നുമുള്ള പ്രതിരോധ സംവിധാനത്തിൽ നിന്നും ഉണ്ടാവുന്നു. ഇത് ഒരേ സമയം പ്രതിരോധ ഏജന്റിന്റെ ഉദ്പാദനവും അത് ആവശ്യമായ സ്ഥലത്തേക്ക് വഹിച്ച്കൊണ്ട് പോകുന്നതും ഉറപ്പ് വരുത്തുന്നു.

ഈ മുന്നറിയിപ്പ് സംവിധാനം മറ്റു മൃഗങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രത്യേകമായി നൽകിയിരിക്കുന്നത് മനുഷ്യർക്കാണ്. രോഗത്തെ സംബന്ധിച്ച് ഈ സൂക്ഷ്മ ഗ്രാഹിത്വം ശരീരത്തിന്ന് വേണ്ടി മാത്രമല്ല. മനുഷ്യൻ ധാർമികമായി സ്വയം ജാഗ്രത പാലിക്കാനും അപ്രകാരം ദൈവ ബന്ധത്തിൽ ജാഗ്രതപാലിക്കാനുമാണ് ഈ മുന്നറിയിപ്പ് വ്യവസ്ഥ. അങ്ങനെ ഈ സംവിധാനം മനുഷ്യന്നും ദൈവത്തിന്നും മദ്ധ്യേ ഒരു നിർണ്ണായക പങ്ക് നിർവ്വഹിക്കുകയും ചെയ്യുന്നു.

ഇത്പോലെ മതവും ധാർമിക പ്രവർത്തനവുമായി ബന്ധപ്പെട്ട് മുന്നറിയിപ്പിന്റെയും പ്രതിരോധത്തിന്റേയും ഒരു സംവിധാനം മനുഷ്യനിൽ പ്രവർത്തിക്കുന്നുണ്ട്. വിശുദ്ധ ഖുർആൻ, പ്രവാചകന്മാർ അവരുടെ ശത്രുക്കളുടെ കൈകളാൽ നേരിട്ട പീഢനങ്ങളുമായി ബന്ധപ്പെട്ട് മതങ്ങളുടെ ചരിത്രം വിവരിക്കുന്നുണ്ട്. അത് പല കാലങ്ങളിലായി ധാർമികവും സാമൂഹികവുമായി മനുഷ്യനുണ്ടായ അധ:പതനത്തിന്റെ വിശദാംശങ്ങളാണ് വിവരിക്കുന്നത്. ആസന്നമായ നാശത്തിൽ നിന്നും മനുഷ്യസമൂഹത്തെ രക്ഷിക്കൻ ദൈവദൂതന്മാർ നിയോഗിതരാവുമ്പോൾ ചിലപ്പോൾ അവർ അതികഠിനമായി എതിർക്കപ്പെടും. പക്ഷേ എതിരാളികൾ അവരുടെ അന്ധമായ എതിർപ്പിന്റെ അനന്തര ഫലം അനുഭവിക്കേണ്ടിവന്നു. അവർ അതിവേഗം ഉന്മൂലനം ചെയ്യപ്പെടുകയോ അല്ലെങ്കിൽ സമൂഹ ജീവിത വേദിയിൽ പ്രസ്താവ്യയോഗ്യരല്ലാത്ത വിധം സുദീർഘമായ കാലം കൊണ്ട് സാവകാശത്തിൽ ശിഥിലീകരിക്കപ്പെട്ട് അപ്രസക്തരാവുകയോ ചെയ്യും.

നീതിയുടെ താൽപര്യം അവഗണിച്ച അത്തരത്തിലുള്ള നിരവധി സംഭവങ്ങൾ വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നുണ്ട്. ഇത് വരാനിരിക്കുന്ന തലമുറകൾക്ക് ഒരു മുന്നറിയിപ്പാണ്.

ഈ മുന്നറിയിപ്പ് സംവിധാനം മനുഷ്യന്റെ മുഴുവൻ വിശ്വാസലോകത്തും മതലോകത്തും പരന്നു കിടക്കുന്നു. ഇതിന്റെ സമുന്നത ബിന്ദുവിൽ വിശ്വാസം ദൈവത്തിന്റെ ഏകത്വത്തിന്നായുള്ള സമർപ്പണമാണെന്ന് സംഗ്രഹിച്ചു പറയാം. ഏറ്റവും താഴ്ന്ന വിതാനത്തിൽ ഒരു അവിശ്വാസിയിൽ നിന്നും ഒരു യഥാർത്ഥ സത്യവിശ്വാസിയെ തിരിച്ചറിയുന്ന ഒരാളുടെ ദൈനംദിന ജീവിതത്തിന്റെ സ്വഭാവചര്യകളുമാണെന്നും പറയാം.

ദൈനംദിന ജീവിതത്തിന്റെ സ്വഭാവചര്യകളിൽ മനുഷ്യന്ന് അപകടം വരുത്തുന്ന കാര്യങ്ങൾ വർജ്ജിക്കുന്ന സ്വഭാവം വികസിപ്പിച്ചെടുക്കാൻ പരിശുദ്ധ പ്രവാചകൻ വിശ്വാസിയെ താക്കീത് ചെയ്യുന്നുണ്ട്. ഈ വസ്തുത കൂടുതൽ വിശദീകരിച്ചു കൊ

ണ്ട് പരിശുദ്ധ പ്രവാചകൻ ഒരു വഴി പോക്കന്ന് ഹാനികരമായ ഭവിക്കുന്ന പലകാര്യങ്ങളെകുറിച്ചും പ്രതിപാദിക്കുകയുണ്ടായി. പ്രവാചകന്റെ താക്കീത് പ്രകാരം ഒരു വിശ്വാസി വഴിപോക്കന്ന് ഹാനിയുണ്ടാക്കുന്ന ഒരു ആണിയോ മുള്ളോ അതുപോലെയുള്ള എന്തെങ്കിലും വസ്തുക്കളോ വഴിയിൽനിന്ന് എടുത്ത് മാറ്റിയില്ലെങ്കിൽ അവന്റെ വിശ്വാസത്തിൽ അത്രത്തോളം കുറവുണ്ട് എന്ന് കണക്കാക്കാം. ദൈവവഴി അതുപോലെയുള്ള അപകടങ്ങളാൽ നിറഞ്ഞതാണ്. തുടക്കത്തിൽ ചെറുതായിരിക്കും ക്രമേണയാണ് വലിയ അനുപാതത്തിൽ അപകടങ്ങളുണ്ടാവുക.

ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ കൗതുകകരമായ മേഖലയാണിത്. ഇത് സംബന്ധിച്ചുള്ള വിപുലവും ആഴത്തിലുമുള്ള പഠനം ഇസ്‌ലാമിനെ കുറിച്ച് ഒരാളുടെ പൊതുവായ ധാരണയുടെ ആഴവും പരപ്പും വർദ്ധിപ്പിക്കും. ഇതേകാര്യം തന്നെ മറ്റൊരവസരത്തിൽ പരിശുദ്ധ പ്രവാചകൻ വിശ്വാസികളെ താക്കീത് ചെയ്ത് കൊണ്ട് പറഞ്ഞു: 'മനുഷ്യന്ന് മറ്റുള്ള വസ്തുക്കളിൽ അവകാശങ്ങളുണ്ട്. അതുപോലെ കമ്പോള സ്ഥലങ്ങൾക്കും നിരത്തുകൾക്കും വഴികൾക്കും അവ ഉപയോഗിക്കുന്നവരുടെ മേൽ ചില അവകാശങ്ങളുണ്ട്.' കമ്പോള സ്ഥലത്തിന്റെ അവകാശം ചൂണ്ടിക്കാട്ടി പ്രവാചകൻ നമ്മെ ഓർമിപ്പിച്ചു: 'ഒരു ഉദ്ദേശ്യവുമില്ലാതെ വെറുതേ പൊതു ഇടങ്ങളിലും വഴികളിലും നിൽക്കുന്നത് പാടില്ലാത്തതാണ്. അത് സ്വച്ഛന്ദമായ ഗതാഗതത്തെ ബാധിക്കും' അതുപോലെ പീടികകളും മറ്റും വികസിപ്പിക്കാൻ വേണ്ടി സ്വന്തം അതിര് വിട്ട് അതിക്രമിച്ചു കടക്കരുത്. ഇത് പ്രവാചകന്റെ താക്കീതിന്റെ സ്പിരിറ്റിന്നെതിരാണ്. പ്രവാചകൻ പറഞ്ഞു: 'വിശ്വാസത്തിന്ന് എഴുപതോളം വിഭാഗങ്ങളുണ്ട്. അതിലേറ്റവും താഴെയുള്ളത് വഴിയിൽ നിന്നും തടസ്സങ്ങൾ എടുത്തു മാറ്റലാണ്.'

ഭൂമിയിൽ എങ്ങനെയാണ് ഇത് വിശ്വാസത്തിന്റെ ഘടകമായി മാറുന്നത് എന്ന് ഒരാൾ അത്ഭുതപ്പെടുന്നുണ്ടാവില്ലേ? ഈ വിഷയത്തിൽ ഒരു രണ്ടാം വിചാരം നടത്തുകയാണെങ്കിൽ പ്രവാചകന്റെ ഈ പ്രസ്താവനയിലടങ്ങിയ വിവേകജ്ഞാനം എളുപ്പത്തിൽ മനസ്സിലാവും. ദൈവത്തിലുള്ള യഥാർത്ഥ വിശ്വാസം ദൈവത്തിൽ നിന്നും വിശ്വാസിക്ക് സുരക്ഷയും സംരക്ഷണവും ആവശ്യമായി വരുന്നു. അത് അയാളുടെ മറ്റു സഹജീവികളിലേക്കും പകരേണ്ടതുണ്ട്. ആരെങ്കിലും മറ്റുള്ളവർക്ക് സുരക്ഷയും സംരക്ഷണവും നൽകുന്ന തന്റെ ഉത്തരവാദിത്വത്തിൽ വീഴ്ച്ച വരുത്തിയെങ്കിൽ അയാൾ തന്റെ വിശ്വാസത്തിൽ വീഴച്ച് വരുത്തിയിരിക്കും.

ഇതിൽ നിന്നും വ്യക്തമാവുന്നത് ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ മനുഷ്യന്ന് ആവശ്യമായിവരുന്ന ഏറ്റവും താഴ്ന്ന തലം വരെ എല്ലാത്തിനെയും സ്പർശിക്കുന്നു എന്നാണ്. തീർച്ചയായും മിക്കവാറും എല്ലാ മുസ്‌ലിം രാജ്യങ്ങളും ഇന്ന് ഈ അടിസ്ഥാനപരമായ അദ്ധ്യാപനങ്ങൾ പൊതുവേ ലംഘിക്കപ്പെടുന്നു എന്നത് ഒരു വിരോധാഭാസവും ദുരന്തവുമാണ്. പലപ്പോഴും പാതകളും വീഥികളും അറ്റകുറ്റപ്പണികൾ നടത്താതെ ദുരിതം നിറഞ്ഞു നിൽക്കുന്ന അവസ്ഥയിലാണ്. ഗവർമെന്റ് ഏജൻസികൾപോലും മുഖ്യഹൈവേകളിൽ പൈപ്പുകൾ, കേബിളുകൾ മുതലായവ സ്ഥാപിക്കാൻ വേണ്ടി കിടങ്ങുകൾ കുഴിക്കുന്നു. ഗതാഗതത്തിന്ന് അപകടം വരുത്തുമാറ് ഒരു മുന്നറിയിപ്പ അടയാളം സ്ഥാപിക്കാതെയും രാത്രി യാത്രക്കാർക്ക് ഒരു വെളിച്ചം വെക്കാതെയും റോഡുകൾ താറുമാറായ അവസ്ഥയിലാക്കുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ മിക്കവാറും റോഡുകളിൽ അപകടം സംഭവിക്കുന്നതും ദുരന്തങ്ങൾ ഉണ്ടാകുന്നതും അതിലെ മുന്നറിയിപ്പ് സംവിധാനങ്ങൾ അവഗണിക്കുന്നത് മൂലമാണ്. ഉദാഹരണത്തിന്ന് ഒരിക്കൽ കീഴോട്ട് ഡിപ്പ് ചെയ്ത ഹെഡ് ലൈറ്റുമായി ഞാൻ ഇസ്‌ലാമാബാദിലൂടെ സഞ്ചരിക്കുകയായിരുന്നു. എന്തോ അസാധാരണമായ ഒന്ന് റോഡിന്ന് നടുവിലുണ്ടെന്ന് ഞാൻ മനസ്സിലാക്കി. ഒരു അലാറാം മുന്നറിയിപ്പ് തന്നത് പോലെ ഞാൻ പെട്ടെന്ന് ബ്രേക്കിട്ടു. ഏതാനും അടി മുന്നിൽ ഒരു വലിയ കുഴി റോഡിന്ന് കുറുകെയായി കുഴിച്ചിരിക്കുന്നു. അവിടെ ഒരു അടയാളമോ മുന്നറിയിപ്പ് സംവിധാമോ ഇല്ല. ആവശ്യമായ വെളിച്ചവും ഇല്ല. കൂടുതൽ അപകടകരമായ വസ്തുത എന്താണെന്ന് വെച്ചാൽ ആ കുഴിയുടെ ചുറ്റുഭാഗത്ത് നിന്നും മണ്ണെടുത്തിട്ടുണ്ട്. അത് പകരം ഒരു അടയാളമായി വെച്ചതായിരിക്കാം. അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ് ഞങ്ങൾ രക്ഷപ്പെട്ടത്. ഞാൻ എന്റെ കുടുംബവുമായി സഞ്ചരിക്കുകയായിരുന്നു. ഉടൻ തന്നെ ബ്രേയ്ക്ക് ചവിട്ടിയിട്ടില്ലായിരുന്നുവെങ്കിൽ ഞങ്ങൾ തീർച്ചയായും ഗുരുതരമായ ഒരു അപകടത്തിൽ പതിക്കുമായിരുന്നു. അടുത്ത ദിവസം തന്നെ ഞങ്ങൾ കേട്ടത് അതേ കുഴിയിൽ ഒരു ജർമ്മൻ ടൂറിസ്റ്റ് അദ്ദേഹത്തിന്റെ മെർസിഡസ് ഓടിച്ചു പോവുമ്പോൾ വീഴുകയുണ്ടായി എന്നാണ്. ഭാഗ്യത്തിന്ന് ഗുരുതരമായ പരിക്കുകകളൊന്നു മുണ്ടായില്ല.

മറ്റൊരു സംഭവം ഞാൻ പാകിസ്താനിലെ ശേഖ്പുരാ - ഗുജ്റൻവാലാ റോഡിൽ സഞ്ചരിക്കുമ്പോൾ നടന്നതാണ്. ഈ സംഭവത്തിൽ റോഡ് കിളച്ചിട്ടിരിക്കുന്നു. എന്നാൽ മണ്ണും കോൺക്രീറ്റും സ്ഥലത്ത് നിന്നും മാറ്റിയിട്ടില്ല. ഞാൻ ഇരുട്ടിൽ യാത്രചെയ്യുകയായിരുന്നു. റോഡിലെ മൺകൂനയിൽ എന്റെ ദൃഷ്ടി പതിഞ്ഞു. കൃത്യ സമയത്ത് തന്നെ ബ്രേക്ക് നിയന്ത്രിക്കാൻ ഞാൻ ശ്രമിച്ചു. ആ അപകടം പിടിച്ച സ്ഥല

ശേഷം പേജ് 35 ൽ

ലേഖനം



# മുസ്‌ലിം യഹൂദ സഹവർത്തിത്വം

മുസ്‌ലിംകളും യഹൂദരും നൂറ്റാണ്ടുകളോളം വിവിധ രാജ്യങ്ങളിൽ സഹകരിച്ചും സഹവർത്തിച്ചും കഴിഞ്ഞത് ചരിത്രത്തിലെ രോമാഞ്ച ജനകമായ അധ്യായങ്ങളാണ്. ഫലസ്തീനിൽ നടന്നുകൊണ്ടിരിക്കുന്ന സംഘർഷം നോക്കിക്കൊണ്ട് ജൂതന്മാർക്കും മുസ്‌ലിംകൾക്കും പരസ്പരം സമാധാനം സാദ്ധ്യമല്ല എന്ന് വിധിയെഴുതുന്നവർ ചരിത്രബോധമില്ലാത്തവരും യഹൂദമതത്തെ പറ്റിയുള്ള ഇസ്‌ലാമികാദ്ധ്യാപനങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്തവരുമാണ്.

ഫസൽ അഹമ്മദ്-യുകെ

ഈ ലേഖനം മുസ്‌ലിം യഹൂദ വിശ്വാസികൾ തമ്മിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ ഇടപെടലുകളുടെ ചരിത്രത്തിന്റെ നഖചിത്രം വരച്ചു കാട്ടുകയാണ്.

### പൊതു പൈതൃകം

മുസ്‌ലിംകളും ജൂതന്മാരും ഏക ദൈവവിശ്വാസികളാണ്. യഹൂദന്മാർ അബ്രഹാമിന്റെ[അ] പരമ്പരയിൽ നിന്നുള്ളവരാണ്, പ്രവാചകൻ മോശെ[അ] തോറ കൊണ്ടുവന്നതിന് ശേഷം അവർക്ക് പ്രവാചകന്മാരുടെയും രാജാക്കന്മാരുടെയും പിന്തുടർച്ചയുണ്ടായി. മുഹമ്മദ് നബി[സ]ക്ക് ഖുർആൻ അവതരിപ്പിക്കപ്പെട്ടതുപോലെ, അതേ വിധം തന്നെ ജൂത പ്രവാചകന്മാരെയും രാജാക്കന്മാരെയും ഖുർആനിൽ ആദരവോടെയാണ് പരാമർശിച്ചിട്ടുള്ളത്. തീർച്ചയായും മുമ്പത്തെ എല്ലാ പ്രവാചകന്മാരെയും വിശ്വസിക്കാനും ബഹുമാനിക്കാനും മുസ്ലിംകൾ ബാധ്യസ്ഥരാണ്. ജൂതന്മാർക്കും മുസ്‌ലിംകൾക്കും പൊതുവായ നിരവധി മതപരമായ ആചാരങ്ങളുണ്ട്. ഉദാ: ഇരുമതസ്ഥരും പുരുഷന്മാർക്ക് പരിച്ഛേദന നടത്തുകയും പന്നിയിറച്ചി കഴിക്കാതിരിക്കുക പോലുള്ള ഭക്ഷണ നിയന്ത്രണങ്ങൾ പാലിക്കുകയും ചെയ്യുന്നു. രണ്ട് മത വിഭാഗങ്ങളും ജറുസലേമിനെ ഒരു പ്രധാന ആത്മീയ നഗരമായി കാണുന്നു.

### അറേബ്യ

വിശുദ്ധ പ്രവാചകൻ[സ]ന്റെ കാലത്ത് ജൂതന്മാരോട് ആദരവോടെയും അന്തസ്സോടെയും പെരുമാറാൻ തന്റെ അനുയായികളെ അദ്ദേഹം പ്രോത്സാഹിപ്പിച്ച നിരവധി ഉദാഹരണങ്ങളുണ്ട്. അവർ അവരെ ഭീഷണിപ്പെടുത്തുകയോ അപമാനിക്കുകയോ ചെയ്താലും. മക്കയിലെ പീഡനങ്ങളിൽ നിന്ന് രക്ഷപ്പെടാൻ പ്രവാചകന് മദീനയിലേക്ക് (അക്കാലത്ത് യത്രിബ് എന്നറിയപ്പെട്ടിരുന്നു) കുടിയേറേണ്ടിവന്നു. ബനു നദിർ, ബനു ഖയ്നുഖ, ബനു ഖുറൈസ എന്നീ ഗോത്രങ്ങൾ ഉൾപ്പെടെ വലിയ ജൂത ജനസംഖ്യ അക്കാലത്ത് യത്രിബിലുണ്ടായിരുന്നു. വിവിധ അറബ്, ജൂത ഗോത്രങ്ങൾ തമ്മിലുള്ള ഐകൃത്തിന്റെയും സമത്വത്തിന്റെയും ചൈതന്യത്തിൽ ഒരു ഉടമ്പടിയിലൂടെ അവരെ സമാധാനത്തോടെ ഒന്നിപ്പിച്ചത് പ്രവാചകനാണ്. (അഹ്മദ്, 2012, പേ.80)

### ഫലസ്തീൻ

പ്രവാചകന്റെ[സ] മരണശേഷം ഇസ്‌ലാമിന്റെ സ്വാധീനം വളരാൻ തുടങ്ങിയപ്പോൾ, ഖലീഫ ഉമർ[റ] 638 ക്രി വ. ലളിതമായ വസ്ത്രങ്ങളിൽ ജറുസലേമിലെത്തി. പലരും അദ്ദേഹത്തെ റോമൻ ഭരണത്തിൽ നിന്ന് മോചിപ്പിച്ചയാളായി കാണുകയും വിവിധ ക്രിസ്ത്യൻ വിഭാഗങ്ങൾക്കും ജൂതന്മാർക്കും ആരാധിക്കാനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്തു. മുസ്‌ലിംകളുടെ ഹൃദയത്തിൽ ജെറുസലേമിന് ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു, കാരണം അവർ യഥാർത്ഥത്തിൽ ജെറുസലേം നഗരത്തിന്റെ ദിശയിൽ തിരിഞ്ഞാണ് പ്രാർത്ഥിച്ചിരുന്നത്. ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും സമാധാനത്തോടെ ജീവിക്കാൻ പ്രാപ്തമാക്കുന്ന ഒരു സമാധാന ഉടമ്പടിയിൽ ഉമർ[റ] ഒപ്പുവച്ചു. (അസീസ്, 2012, പേ.86) വിശുദ്ധ പ്രവാചകൻ [സ] നടപ്പാക്കിയ യഥാർത്ഥ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ നടപ്പാക്കുകയാണെങ്കിൽ ഈ ഉടമ്പടി ഭാവിയിൽ വിവിധ വിശ്വാസങ്ങളുടെ സഹവർത്തിത്വത്തിനുള്ള ഒരു അടിസ്ഥാനമാതൃകയായി പ്രവർത്തിക്കും.

രണ്ടാം ലോകമഹായുദ്ധത്തിനും യൂറോപ്പിന്റെ ഭൂരിഭാഗത്തും ജൂത സമൂഹം നേരിട്ട ഹോളോകോസ്റ്റിന്റെ അതിക്രമങ്ങൾക്കും ശേഷം, പലസ്തീനിലെ മുസ്‌ലിം

കൾ ജൂത അഭയാർത്ഥികളെ സ്വാഗതം ചെയ്യുകയും പലരും അവരെ സ്വന്തം ഫാമുകളിൽ പാർപ്പിക്കുകയും ചെയ്തു. അവർ തങ്ങളോടൊപ്പമുള്ള ഏകദൈവവിശ്വാസികളായി കാണപ്പെട്ടു, തുടക്കത്തിൽ അവർക്കിടയിൽ ഒരു പ്രശ്നവും ഉണ്ടായിരുന്നില്ല. സംഘർഷങ്ങൾ താമസിയാതെ ആരംഭിച്ചു, പക്ഷേ രണ്ട് സമുദായങ്ങൾ തമ്മിലുള്ള ഏതെങ്കിലും മതപരമായ പ്രശ്നങ്ങളേക്കാൾ സയണിസ്റ്റ് പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ അഭിലാഷങ്ങളുടെ ഫലമായാണ് ആ സംഘർഷങ്ങളെല്ലാം സംഭവിച്ചത്.

### സ്പെയിൻ

നിരവധി നൂറ്റാണ്ടുകളായി, പൊതുവർഷം 711 മുതൽ പൊതുവർഷം 1492 വരെ സ്പെയിൻ മുസ്ലികളുടെ അൽ-ആൻഡലൂസ് ആയിരുന്നു. യൂറോപ്പിലെ വികസനത്തിനുള്ള ഒരു ദീപസ്തംഭമായും വാണിജ്യം, ദൈവശാസ്ത്രം, സംസ്കാരം എന്നിവയുടെ കേന്ദ്രമായും സ്പെയിൻ മാറി. ഗ്രാനഡയിലെ അൽഹംബ്ര കൊട്ടാരം പോലുള്ള വാസ്തുപരമായ അത്ഭുതങ്ങളിലേക്ക് മുസ്ലിം സ്പെയിനിലെ സാഹചര്യങ്ങൾ നയിച്ചു. മുസ്ലിം ഖിലാഫത്തിന്റെ നേതൃത്വത്തിനു കീഴിൽ നിരവധി ജൂത സമൂഹങ്ങൾ അഭിവൃദ്ധി പ്രാപിച്ചു. പൊതുവർഷം 1135-ൽ കോർഡോബയിൽ ജനിച്ച മോസസ് ബെൻ മൈമോൺ (മൈമോണിഡസ്) ഏറ്റവും വലിയ തോറ പണ്ഡിതന്മാരിൽ ഒരാളായും ഒടുവിൽ ഈജിപ്തിലെ ജൂത സമൂഹത്തിന്റെ തലവനായും മാറി.

വ്യാപാരം, കവിത, വൈദ്യശാസ്ത്രം എന്നിവയിലെ കഴിവുകൾ കാരണം നിരവധി ജൂതന്മാർ ഉയർന്ന പദവി നേടി. ഇബ്നു ഷപ്രുത് ഖലീഫയുടെ വിശ്വസ്ത ഉപദേഷ്ടാവും ഡോക്ടറും ആയിത്തീരുകയും യഹൂദ സമൂഹത്തിലെ അദ്ദേഹത്തിന്റെ ചുമതലകൾ നിർവഹിക്കുകയും ചെയ്തു. (ഫ്ളെച്ചർ, 1994, പേ.70). 1038 മുതൽ 1056 വരെ ഗ്രാനഡയുടെ ആദ്യ മന്ത്രിയായി സേവനമനുഷ്ഠിച്ച സാമുവൽ ഇബ്നു നഗ്രിലയെപ്പോലെ മറ്റ് നിരവധി ഉദാഹരണങ്ങളുണ്ട്. ജ്ഞാനം, അന്തസ്സ്, കവിത എന്നിവയ്ക്ക് പേരുകേട്ട അദ്ദേഹം ഒരു റബ്ബി കൂടിയായിരുന്നു (ഫ്ളെച്ചർ, 1994, പേ. 96). ഇസ്ലാമിക സ്പെയിനിലെ ഏറ്റവും വലിയ പണ്ഡിതന്മാരിൽ ഒരാളായ സ്റ്റാൻലി ലെയ്ൻ-പൂൾ എഴുതുന്നു.

'യഹൂദന്മാരും മൂറും പേർഷ്യനും പഠനത്തിന്റെയും തത്ത്വചിന്തയുടെയും കലകളുടെയും ശാസ്ത്രങ്ങളുടെയും സൃഷ്ടിയിൽ പങ്കുചേർന്നു, ഇത് മധ്യകാലഘട്ടത്തിലെ സാരസെൻമാരുടെ (മുസ്ലിംകളുടെ) ഭരണത്തെ വേർതിരിച്ചു കാട്ടി.' (ലെയ്ൻ പൂൾ , 1984, പേ.24)

കോർഡോബയിലെ മഹത്തായ മെസ്ക്വിറ്റ അൽ ആൻറഡലൂസിലെ ഏറ്റവും പ്രധാനപ്പെട്ട പള്ളിയായിരുന്നു. കോർഡോബയിലെ സിനഗോഗ് നിർമ്മിക്കുന്നതുവരെ മുസ്ലിംകൾ തുടക്കത്തിൽ ജൂതന്മാരുമായി ആരാധനാലയം പങ്കിട്ടു, ഇന്നും, പള്ളിയുടെ വാസ്തുവിദ്യയിൽ ചില ജൂത രൂപങ്ങൾ കാണാൻ കഴിയും.

### ഈജിപ്ത്

തീർച്ചയായും, ഈജിപ്തിൽ ജൂത സമൂഹത്തിന് ഒരു നീണ്ട ചരിത്രമുണ്ടായിരുന്നു, എന്നാൽ മുസ്ലിം കാലഘട്ടത്തിൽ, അക്കാലത്തെ ഫാത്തിമിയ്യാ ഭരണാധികാരിയുടെ ഡോക്ടറായ ഡുനാഷ് ഇബ്ൻ തമിമിനെപ്പോലെ പലരും ഉയർന്ന പദവി നേടി. ബൈസന്റൈൻ ക്രിസ്ത്യൻ ഭരണാധികാരികളുടെ നൂറ്റാണ്ടുകളുടെ മോശം പെരുമാറ്റത്തിന് ശേഷം ഇസ്ലാം ഈജിപ്തിൽ വളരെ നേരത്തെ തന്നെ ചുവടുറപ്പിച്ചു. 641-ഓടെ അലക്സാണ്ട്രിയ ഉടമ്പടി ജൂതന്മാർക്ക് സമാധാനവും രാജ്യത്ത് തടസ്സമില്ലാതെ തുടരാനുള്ള അവകാശവും നൽകി.

### തുർക്കി

നിരവധി നൂറ്റാണ്ടുകളായി തുർക്കിയിലെ പഴയ വാസസ്ഥലങ്ങളിൽ ജൂത സമൂഹങ്ങൾ നിലനിന്നിരുന്നു, എന്നാൽ ക്രിസ്ത്യൻ പുനർനിർമ്മാണത്തിന് ശേഷം ജൂതന്മാരെയും മുസ്ലിംകളെയും സ്പെയിനിലെ അൽ ആൻഡലൂസിൽ നിന്ന് പുറത്താക്കിയതിന് ശേഷമായിരുന്നു ഏറ്റവും വലിയ വരവ്. സുൽത്താൻ ബയാസിത് രണ്ടാമൻ 150,000 സെഫാർഡിക് ജൂത അഭയാർഥികളെ തുർക്കിയിലേക്ക് സ്വാഗതം ചെയ്തു. ഇസ്ലാമിക സ്പെയിനിൽ നിന്ന് അവർ സംസ്കാരവും പുതുമയും അറിവും കൊണ്ടുവരികയും ഭൂമിയുടെയും നികുതി ഇളവുകളുടെയും പ്രോത്സാഹനത്തോടെ താമസിയാതെ സ്ഥിരതാമസമാക്കുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു. ഒട്ടോമൻ സാമ്രാജ്യത്തിൽ ഡോക്ടർമാർ, അഡ്മിനിസ്ട്രേറ്റർമാർ, നയതന്ത്രജ്ഞർ എന്നിവരുൾപ്പെടെ നിരവധി പേർ മുതിർന്ന സ്ഥാനങ്ങൾ ഏറ്റെടുത്തു. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം യൂറോപ്പിൽ നിന്നുള്ള ജൂത കുടിയേറ്റക്കാരുടെ മറ്റൊരു തരംഗത്തെ സ്വാഗതം ചെയ്തു. ഗലാറ്റ ഗോപുരത്തിന് ചുറ്റുമുള്ള പ്രദേശത്ത് ആധുനിക ഇസ്താംബൂളിന് ഇപ്പോഴും ജൂത പാരമ്പര്യമുണ്ട്.

### വടക്കൻ ആഫ്രിക്ക

നൂറ്റാണ്ടുകളായി, മൊറോക്കോ, അൾജീരിയ, ലിബിയ, ഈജിപ്ത് എന്നിവിടങ്ങളിലെ വടക്കൻ ആഫ്രിക്കയുടെ ഭൂരിഭാഗത്തും ജൂത സമൂഹങ്ങൾ തഴച്ചുവളർന്നു. മിഡിൽ ഈസ്റ്റിലെ റോമൻ അധി

(ശേഷം പേജ് 35 ൽ)

# ഉറുമ്പുകൾ: വിസ്മയകരമായ സാമൂഹിക ഏകോപനം.



ഉറുമ്പുകളുടെ സാമൂഹിക ജീവിതം സ്രഷ്ടാവിന്റെ അത്ഭുതകരമായ സൃഷ്ടിവൈഭവത്തിലേക്ക് നമ്മുടെ ശ്രദ്ധയെ ആകർഷിക്കു.

**മൂസ സത്താർ, ലണ്ടൻ**

പ്രകൃതിയിലെ സംഗീതം പോലെ ഏകോപിതവും രമ്യമനോഹരവുമായ ഒരു സാമൂഹിക ജീവിതമാണ് ഉറുമ്പുകൾ നയിക്കുന്നത്. നിസാരമായ ഈ കൊച്ചു ജീവി പലപ്പോഴും നാം ശ്രദ്ധിക്കാതെ പോകുന്നു. എന്നിട്ടും അതിന്റെ സഹകരണത്തിന്റെ അനുപമമായ സ്വരച്ചേർച്ചയുള്ള സിംഫണി ഒരു വിസ്മയകരമായ പ്രതിഭാസമായി അനുഭവപ്പെടുന്നു. പ്രാണി ലോകത്തിലെ ഉത്സാഹികളായ ആർക്കിടെക്റ്റുകൾ എന്ന നിലയിൽ, ഉറുമ്പുകൾ ടീം വർക്കിന്റെ കല വളരെ കൃത്യതയോടെ പരിപൂർണ്ണമായും നിർവ്വഹിക്കപ്പെടുന്നത്. അവരുടെ കുറ്റമറ്റ ഓർക്കസ്ട്രേഷന്റെ മുന്നിൽ നാമ തല കുനിച്ച പോകും.

ഈ ചെറിയ അത്ഭുത ജീവികൾ ലോകമെമ്പാടും വിവിധങ്ങളായ ആവാസവ്യവസ്ഥകളിൽ തഴച്ചു വളരുന്നു. ആഫ്രിക്കൻ സാവന്നകൾ മുതൽ തെക്കേ അമേരിക്കയിലെ സമൃദ്ധമായ മഴക്കാടുകൾ വരെ, ഉറുമ്പുകൾ മിക്കവാറും എല്ലാ പരിസ്ഥിതികളുമായും പൊരുത്തപ്പെട്ടു കഴിയുന്നു. ഓരോ ഇനവും അതിന്റേതായ സവിശേഷതകൾ പ്രദർശിപ്പിക്കുന്നു. ഉറുമ്പുകൾ മുകളിൽ നിന്ന് കീഴ്പ്പോട്ടേക്ക് ശ്രേണിപരമായ സംഘടിക്കപ്പെട്ടുള്ളത്. സമൂഹങ്ങളും ക്രമമായ വ്യവസ്ഥയോടുള്ള അചഞ്ചലമായ ഉറുമ്പുകളുടെ സമർപ്പിതജീവിതം, അവരുടെ ശ്രദ്ധേയമായ ആശയവിനിമയം, മുതലായ ഉറുമ്പിന്റെ പൊതു ഗുണങ്ങൾ പ്രകൃതിയുടെ കുറ്റമറ്റതും സങ്കീർണ്ണവുമായ ഏകോപനം തുറന്നു കാട്ടുന്നു.

ഒറ്റനോട്ടത്തിൽ, ഒരു ഉറുമ്പിൽ കൂട്ടം വളരെ തിരക്ക് പിടിച്ചതും ക്രമരഹിതമാനെന്നും നമുക്ക് തോന്നാം. പക്ഷേ കൂടുതൽ ആഴത്തിൽ ഗവേഷണം നടത്തുമ്പോൾ ഫെറോമോണുകൾളാൽ (ഉറുമ്പുകൾ അലഞ്ഞുതിരിഞ്ഞു സഞ്ചരിക്കുമ്പോൾ വിസർജ്ജിക്കുന്ന ചെറിയ രാസപാതകൾ) തങ്ങളുടെ വാസസ്ഥലത്തേക്ക് പോകുന്ന തിന്നുള്ള ഒരു റോഡ്മാപ്പ് രൂപപ്പെടുത്തുന്നു. ഫെറോമോണുകളാൽ നയിക്കപ്പെടുന്ന ഒരു നിയന്ത്രിത നൃത്തസംവിധാനത്തിലൂടെയാ അവ പ്രവർത്തിക്കുന്നതെന്ന് നിങ്ങൾ കണ്ടെത്തും.

ഉറുമ്പുകളുടെ സാമ്രാജ്യത്തിൽ ഓരോ ഉറുമ്പും അതിന്റെ സാമൂഹിക ജീവിതത്തിൽ ഒരു പ്രത്യേക പങ്ക് നിർവ്വഹിക്കുന്ന ശ്രേണിപരമായ സാമൂഹിക ഘടനയുണ്ട്. വിവിധ ജാതികളിൽ ജനിച്ച ഉറുമ്പുകൾക്ക് തൊഴിലാളികളോ പട്ടാളക്കാരോ മറ്റ് പ്രത്യേക റോളുകളിലോ ആണ് പ്രവർത്തിക്കുന്നത്. ഓരോന്നും സമൂഹത്തിന്റെ കൂട്ടായ ക്ഷേമത്തിന് സംഭാവന നൽകുന്നു. ഓരോ ഉറുമ്പിനും അതിന്റെതായ പങ്കുണ്ട്. അചഞ്ചലമായ വ്യക്തതയോടെ അവക്ക് പ്രവർത്തിക്കാനറിയാം. ഉപജീവനത്തിനായി ദൂരവ്യാപകമായി പരിശ്രമിക്കുന്ന വേട്ടക്കാർ, കോളനി സംരക്ഷിക്കുന്ന സൈനികർ സങ്കീർണ്ണമായ തുരങ്കങ്ങൾ സൂക്ഷ്മമായി നിർമ്മിക്കുന്ന വിദഗ്ധരായ ആർക്കിടെക്റ്റുകൾ വരെ അവർക്കിടയിൽ ഉണ്ട്. ഈ തൊഴിൽ വിഭജനമാണ് അവരുടെ കാര്യക്ഷമവും യോജിപ്പുള്ളതുമായ സഹകരണത്തിന്റെ അടിസ്ഥാനം.

തിരക്കേറിയ പ്രവർത്തനമാണ് ഉറുമ്പുകളുടെ കോളനികളിൽ നമുക്ക് കാണാൻ കഴിയുക. ഉറുമ്പുകളുടെ പ്രധാന സാമൂഹിക യൂണിറ്റായി വർത്തിക്കുന്നത് അവയുടെ വൈവിധ്യമാർന്ന ഘടനയുള്ള സങ്കീർണ്ണമായ കൂടുകളാണ്. അവിടെയാണ് ഉറുമ്പുകൾ കോളനി സ്ഥാപിക്കുകയും കുഞ്ഞുങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നത്. സുരക്ഷിതവും ക്ഷേമകരവും അഭിവൃദ്ധിപ്പെടുന്നതുമായ ഒരു ആവാസവ്യവസ്ഥയാണ് അവർ സൃഷ്ടിക്കുന്നത്. അവർക്ക് ലഭ്യമായ വിഭവങ്ങൾ എത്ര സൂക്ഷമവും മിതത്തിലുമാണ് അവ ഉപയോഗിക്കുന്നുവെന്ന് തെളിയിക്കുന്നതാണ് ഉറുമ്പുകളുടെ സവിശേഷമായ സാമൂഹിക ജീവിതം.

ഉറുമ്പുകൾ അവരുടെ സാമൂഹിക പെരുമാറ്റത്തിലും ശീലങ്ങളി

ലും വൈവിധ്യമുണ്ടെങ്കിലും, മിക്ക ഉറുമ്പുകളും 0.08 മുതൽ 1 ഇഞ്ച് വരെ (2 മുതൽ 25 മില്ലിമീറ്റർ വരെ) വലിപ്പമുള്ളതും മഞ്ഞ മുതൽ തവിട്ട്, ചുവപ്പ് അല്ലെങ്കിൽ കറുപ്പ് വരെയുള്ള നിറങ്ങൾ പ്രദർശിപ്പിക്കുന്നതുമായ ഒരു പൊതു ശാരീരിക ഘടന പങ്കിടുന്നു.

എന്നാൽ ഒരുപക്ഷേ ഉറുമ്പുകളുടെ ഏറ്റവും ആകർഷകമായ വശങ്ങളിലൊന്ന് അവയുടെ കൂട്ടായ ബുദ്ധിയാണ്. ഒരൊറ്റ ഉറുമ്പ് അതിന്റെ കൊച്ചു മസ്തിഷ്കം കാരണം നിസ്സാരമാണെന്ന് തോന്നിയേക്കാം, പക്ഷേ കോളനിയുടെ ഭാഗമായി, അവയുടെ മസ്തിഷ്ക്കം വളരെ വലുതും വികേന്ദ്രീകൃതവുമായ തലച്ചോറിലെ ഒരൊറ്റ ന്യൂറോണായി മാറുന്നു. ഈ നെറ്റ് വർക്ക് ഇന്റലിജൻസിലൂടെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉറുമ്പുകളെ പ്രാപ്തരാക്കുന്നു. ഒരു ഏകീകൃത ഏകകം എന്ന നിലയിൽ തീരുമാനങ്ങൾ എടുക്കുന്നു. ഇത് വാസ്തവത്തിൽ അത്ഭുതകരമായ ഒരു പ്രതിഭാസമാണ്.

പ്രാണികളുടെ ലോകത്തിലെ കർഷകർ എന്നറിയപ്പെടുന്ന മധ്യ-തെക്കേ അമേരിക്കയിലെ ഇല വെട്ടുന്ന ഉറുമ്പുകളെ പരിഗണിക്കുക. അവർ തികഞ്ഞ യോജിപ്പോടെ പ്രവർത്തിക്കുന്നു, ഇലകൾ സൂക്ഷ്മമായി മുറിച്ച് അവരുടെ ഭൂഗർഭ ഫംഗസ് തോട്ടങ്ങളിലേക്ക് തിരികെ കൊണ്ടുപോകുന്നു. ഈ ഇലകളുടെ വിളവെടുപ്പാണ് ഉറുമ്പുകളെ പോഷകാഹാരമയി വർത്തിക്കുന്നത്.

എന്നാൽ അവരുടെ സഹകരണ ജീവിതം മാത്രമല്ല നമ്മെ വിസ്മയിപ്പിക്കുന്നത് അത് അവരുടെ ഓരോ അവസ്ഥകളോടും പൊരുത്തപ്പെടാനുള്ള അനുകൂലനത്വം കൂടിയാണ്. മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനുള്ള അസാധാരണമായ കഴിവ് ഉറുമ്പുകൾക്കുണ്ട്. വിഭവങ്ങൾ കുറവായിരിക്കുമ്പോൾ, ചില സ്പീഷീസുകൾ 'റാഫ്റ്റിംഗ്' (പൊങ്ങിക്കിടക്കുന്ന ചങ്ങാടം) എന്ന ആശ്ചര്യകരമായ പരിശീലനത്തിൽ ഏർപ്പെടുന്നു. അവരുടെ ശരീരങ്ങളെ ബന്ധിപ്പിച്ച് അവ ഒരു ജീവനുള്ള റാഫ്റ്റ് ഉണ്ടാക്കുന്നു, ആഴ്ചകളോളം വെള്ളത്തിൽ പൊങ്ങിക്കിടക്കാൻ കഴിയുന്ന ഒരു ഘടന സൃഷ്ടിക്കുന്നു. ഇത് അപകടകരമായ വെള്ളപ്പൊക്കത്തെ അതിജീവിക്കാനും വെള്ളത്തിൽ ഒരു ഏകീകൃത അസ്തിത്വമായി സഞ്ചരിക്കാനും അവരെ പ്രാപ്തരാക്കുന്നു.

ഉറുമ്പുകളുടെ ഏറ്റവും കൗതുകകരമായ മറ്റൊരു വശം തലമുറകൾക്കിടയിൽ വിവരങ്ങൾ കൈമാറാനുള്ള കഴിവാണ്. ചില വിദഗ്ധർ ഒരു കോളനിയെ 'മെമ്മറി' (ഓർമ്മ) ആയിട്ടാണ് കണക്കാക്കുന്നു. ഇങ്ങനെ പങ്കിടുന്ന വിവരങ്ങൾ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനും കാലക്രമേണ അതിജീവന തന്ത്രങ്ങൾ ആവിഷ്ക്കരിക്കാനും ഇറുമ്പിൻ കൂട്ടങ്ങളെ പ്രാപ്തരാക്കുന്നു. ഉദാഹരണത്തിന്: സഹാറ മരുഭൂമിയിലെ ഉറുമ്പുകൾ ഭക്ഷണം തേടി വന്ധ്യമായ മരുഭൂമിക്ക് ചുറ്റും അലഞ്ഞുതിരിയുന്നു, പക്ഷേ അത് എത്ര ദൂരം നടന്നിട്ടുണ്ടെന്നോ അല്ലെങ്കിൽ അവസാനമായി കൂടു വിട്ടതിനുശേഷം എത്ര ചുവടുകൾ എടുത്തിട്ടുണ്ടെന്നോ അവക്ക് ഓർമ്മിച്ച് വെച്ച് അവ അടുത്ത തലമുറക്ക് ആ വിവരം കൈമാറാൻ കഴിയും.

ഉറുമ്പുകൾ നിലങ്ങളും മരങ്ങളും കീഴടക്കിയിട്ടുണ്ട്. ചിലർ ആകർഷകമായ ആയുധങ്ങൾ പോലും ഉപയോഗിക്കുന്നു. മധ്യ, തെക്കേ അമേരിക്കയിലെ മഴക്കാടുകളിൽ കാണപ്പെടുന്ന ബുള്ളറ്റ് ഉറുമ്പിനെ എടുക്കുക. പ്രാണികളുടെ സാമ്രാജ്യത്തിലെ ഏറ്റവും വേദനാജനകമായ കുത്തുകളിലൊന്ന് അവയുടെത്. പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ ഉറുമ്പുകൾ വഹിക്കുന്ന ബഹുമുഖമായ പങ്ക് അളവറ്റതാണ്. അവർ ഇരകളും വേട്ടക്കാരും ആണ്, സങ്കീർണ്ണമായ ജീവിത ശൃംഖലയാണ് അവക്കുള്ളത്.

ഉറുമ്പുകളുടെ ലോകത്തെ കുറിച്ച് ചിന്തിക്കുമ്പോൾ, അത് പ്രകൃതിയിലെ കുറ്റമറ്റ സഹകരണത്തിന്റെ സൗന്ദര്യം നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ ചെറിയ ആർക്കിടെക്റ്റുകൾ നിസ്വാർത്ഥതയുടെ കലയിൽ പ്രാവീണ്യം നേടിയവരാണ്.. ഉറുമ്പുകൾ അവരുടെ സമൂഹത്തിന്റെ നന്മയ്ക്കായി അശ്രാന്തമായി പ്രവർത്തിക്കുന്നു. എണ്ണയിട്ട യന്ത്രം പോലെ അവ പ്രവർത്തിക്കുന്നു. പ്രതികൂല സാഹചര്യങ്ങളിൽ അവരുടെ പ്രതിരോധശേഷി നമ്മുടെ ഗ്രഹത്തിലെ ജീവന്റെ സുസ്ഥിരതയെ കുറിച്ചാണ് വിളിച്ചോതുന്നത്.

12,000-ത്തിലധികം ഇനം ഉറുമ്പുകളെ കണ്ടെത്തിയിട്ടുണ്ട്. ഒരുപക്ഷേ ഇനിയും കണ്ടെത്താനിരിക്കുന്ന നിരവധി ഇനങ്ങളും ഉണ്ട്. ഉറുമ്പുകൾ ചില സ്ഥലങ്ങൾ ഒഴികെ നമ്മുടെ ഗ്രഹത്തിൽ എല്ലായിടത്തുമുണ്ട്. അവരുടെ അത്യത്ഭുതകരമായ ആശയവിനിമയ വൈദഗ്ധ്യവും സൂപ്പർ ഓർഗാനിസം പോലുള്ള പെരുമാറ്റങ്ങളും പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്നു, അതിന്റെ സഹകരണത്തിന്റെ സ്വരച്ചേർച്ചയുള്ള സിംഫണിപോലെയുള്ള ഏകോപനവും ഭൂമിയിലെ വിസ്മയകരമായ ഒരു പ്രതിഭാസമാണ്. പ്രാണികളുടെ ലോകത്തിലെ ഉത്സാഹികളായ ആർക്കിടെക്റ്റുകൾ എന്ന നിലയിൽ, ഉറുമ്പുകൾ അവയുടെ വിസ്മയകരമായ പ്രവർത്തനം മുഖേന സൃഷ്ടാവിന്റെ സൃഷ്ടിവൈഭവത്തെയാണ് വിളിച്ചോതുന്നത്.

# അല്ലാഹുവിന്റെ പറവകൾ




**അഖിൽ അജ്മൽ**

അല്ലാഹുവിന്റെ അത്ഭുതകരമായ സൃഷ്ടികളിൽ പെട്ട ഒന്നാകുന്നു ആകാശത്തിൽ ചിറകുകൾ വിരിച്ചു വിഹരിക്കുന്ന പറവകൾ. ഭൂമിയിലെ ജൈവ ശൃംഖല നിലനിർത്തുന്നതിലും അവക്കുള്ള ഭക്ഷ്യശൃംഖലയുടെ സന്തുലനത്തിനും പക്ഷികൾക്കുള്ള പ്രാധാന്യം വളരെ നിണ്ണായകമാണ്. ചരിത്രാതീത കാലം മുതൽ തന്നെ പക്ഷികൾ മനുഷ്യനുമായി ഇണങ്ങിക്കഴിഞ്ഞ ജീവികളായത് കാരണം മനുഷ്യ സംസ്കാരത്തിന്റെ പല തലങ്ങളിലും ഭൂതകാല പൈതൃകങ്ങളിൽ പക്ഷികളുടെ സാന്നിദ്ധ്യം കാണാം.

പല മഹാത്മാക്കളും മനുഷ്യന്റെ ആത്മീയ പ്രയാണത്തെ പറവകളായി ഉപമിച്ചിരിക്കുന്നു, എന്തെന്നാൽ ബുദ്ധിയുപയോഗിച്ചു ചിന്തിക്കുന്ന മനുഷ്യർക്ക് പല ആത്മീയ പാഠങ്ങളും നൽകാൻ കഴിവുള്ളവർ ആകുന്നു അവർ. വിശുദ്ധ ഖുർആനിൽ പത്തൊൻപതോളം സ്ഥലങ്ങളിൽ പറവകളെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അബ്റഹത്തും ആനപ്പട ആയ അവന്റെ ഇരുപതിനായിരത്തോളം വരുന്ന സൈന്യവും വിശുദ്ധ കഅ്ബ ദേവാലയം പൊളിക്കാൻ വന്നപ്പോൾ അല്ലാഹു ആ വമ്പൻ ആനകളുടെ സൈന്യത്തിന് എതിരെ പക്ഷികളുടെ കൂട്ടത്തെ അയക്കുകയും പിന്നീട് അവരെ നശിപ്പിച്ചതും എല്ലാം അല്ലാഹു മനുഷ്യർക്ക് ദൃഷ്ടാന്തം വിശുദ്ധ ഖുർആനിൽ വിവരിക്കുന്നു.

### പറവകളുടെ ഭാഷ – വിശുദ്ധ ഖുർആനിൽ

അല്ലാഹു വിശുദ്ധ ഖുർആനിൽ ഹദ്റത്ത് സുലൈമാൻ നബി[അ]ന് പക്ഷികളുടെ ഭാഷ പഠിപ്പിച്ചു കൊടുത്ത സംഭവം വിവരിക്കുന്നു.

***'സുലൈമാൻ ദാവൂദിന്റെ അവകാശിയായി. അദ്ദേഹം പറഞ്ഞു: 'ഓ മനുഷ്യരെ, പക്ഷികളുടെ ഭാഷ ഞങ്ങൾക്ക് പഠിപ്പിക്കപ്പെട്ടിരിക്കുന്നു. ആവശ്യമായ എല്ലാ കാര്യങ്ങളും ഞങ്ങൾക്ക് നല്കപ്പെട്ടിട്ടുമുണ്ട്. തീർച്ചയായും ഇത് സ്പഷ്ടമായ അനുഗ്രഹമാണ്'.*** (27:17)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി[റ] ഇതിനെ വിശദീകരിച്ച് കൊണ്ട് പറയുന്നു, ''കാലവസ്ഥാ വ്യതിയാനത്തിനനുസരിച്ച് ദേശാടനപക്ഷികൾ ഒരു പ്രദേശത്തുനിന്നും മറ്റൊരിടത്തേക്ക് പറക്കുന്നു. കൂട്ടമായും വളരെ ക്രമാനുഗതമായ രീതിയിലും ആണ് അവരുടെ ആകാശ ഗമനം. അതുപോലെ, ഉറുമ്പുകൾ സമൂഹമായി വസിക്കുന്നു, തേനീച്ചകൾക്ക് വളരെ വ്യവസ്ഥാപിതമായ ഭരണസംവിധാനമുണ്ട്. അവർക്കിടയിൽ ആശയവിനിമയത്തിനുള്ള മാർഗങ്ങളില്ലാതെ ഇത് സാധ്യമല്ല. ഈ ആശയവിനിമയ ഉപാധിയെ അവരുടെ ഭാഷ എന്ന് നമുക്ക് വിളിക്കാവുന്നതാണ്. പ്രവാചകൻമാരായ ദാവൂദ് നബിക്കും[അ] സുലൈമാൻ നബിക്കും[അ] അല്ലാഹു പക്ഷികളുടെ ഭാഷ പഠിപ്പിച്ചതായി ഇവിടെ പറയുന്നു, അതായത് പക്ഷികളെ എങ്ങനെ പ്രയോജന പെടുത്താം എന്നും അവർ പഠിച്ചുവെന്ന് സൂചിപ്പിക്കുന്നു. സുലൈമാൻ നബി[അ] തന്നെയാണ് ഒരു ദേശത്തു നിന്നും മറ്റൊരു ദേശത്തേക്ക് സന്ദേശങ്ങൾ എത്തിക്കുന്നതിന് പക്ഷികളെ ഉപയോഗിക്കുന്ന വിദ്യ വികസിപ്പിച്ചെടുത്തത്. കൂടാതെ അദ്ദേഹം ഭരിച്ചിരുന്ന അത്യന്തം വിസ്തീർണമുള്ള സാമ്രാജത്തിൽ പതിവായി ഈ സംവിധാനം ഉപയോഗിക്കുകയും ചെയ്തിരുന്നു'. ഇവിടെ പക്ഷികൾക് ആയി ഉപയോഗിച്ചിട്ടുള്ള പദം طیر (പക്ഷികൾ), ആത്മീയ ആകാശത്തേക്ക് കുതിച്ച് ഉയരുകയും ദൈവസാമീപ്യം കരസ്ഥമാക്കുന്ന സദ്വൃത്തരായ ദാസന്മാർ എന്ന് അർത്ഥമാക്കുകയാണെങ്കിൽ' പക്ഷികളുടെ ഭാഷ ഞങ്ങൾക്ക് പഠിപ്പിക്കപ്പെട്ടിരിക്കുന്നു' ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസന്മാർ സംസാരിക്കുന്ന ഭാഷ ദാവൂദ് നബി[അ] സുലൈമാൻ നബി[അ] അറിയാമായിരുന്നു, അതായത്, ആത്മീയ ഉന്നതിയിൽ ഉള്ള മനുഷ്യർക്ക് അല്ലാഹുവിൽ നിന്നും ലഭിക്കുന്ന ജ്ഞാനവും അറിവും അവർക്ക് നല്കപ്പെട്ടിരുന്നു.

തൊട്ട അടുത്ത ആയത്തിൽ സുലൈമാൻ നബിയുടെ[അ] സൈന്യത്തെ മൂന്ന് ആയി തരം തിരി



ച്ചിരിക്കുന്നു എന്ന് വിശുദ്ധ ഖുർആനിൽ കാണാം. ***'സുലൈമാന്റെ മുമ്പാകെ ജിന്നുകളിൽ നിന്നും ഇൻസുകളിൽ നിന്നും പക്ഷികളിൽ നിന്നുമുള്ള അദ്ദേഹത്തിന്റെ സൈന്യങ്ങൾ ഒരുമിച്ചു കൂട്ടപെട്ടു. എന്നിട്ട് അവർ പല വകുപ്പുകൾ ആയി ക്രമീകരിക്കപ്പെടുകയും ചെയ്തു'*** (ഖുർആൻ 27:18) ഇവിടെ ഓർക്കേണ്ടത് അല്ലാഹുവിന്റെ പ്രവാചകന്മാരിൽ വലിയ സിംഹാസനം ഉള്ള ഒരു ചക്രവർത്തിയായിരുന്നു ഹദ്റത്ത് സുലൈമാൻ നബി(അ). ആലങ്കാരികമായി ഈ ആയത്തിന് വ്യാഖ്യാനം നൽകുകയാണെങ്കിൽ, ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു: 'ജിന്ന്' എന്നുള്ളത് വലിയ മനുഷ്യരും, 'ഇൻസ്' എന്നുള്ളത് സാധാരണക്കാരും എന്നാൽ 'പക്ഷികൾ' എന്നത് അർത്ഥമാക്കുന്നത് ആത്മീയ ഉന്നതിയിൽ ഉള്ള മനുഷ്യർ എന്നും ആകുന്നു.

സൈനിക പര്യവേഷണങ്ങളിൽ സുലൈമാൻ നബി(അ) ഈ മൂന്ന് തരം ആളുകളും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു, കാരണം ഓരോ വിഭാഗത്തെക്കൊണ്ടും അതിന്റേതായിട്ടുള്ള പ്രയോജനങ്ങൾ ഉണ്ടായിരുന്നു'. ആത്മീയതയിൽ ഉന്നതിയിൽ ഉള്ള അല്ലാഹുവിന്റെ ദാസരെ ആകാശത്തിലൂടെ അനന്തമായി ഉയരത്തിൽ പറക്കുന്ന പക്ഷികളും ആയി താരതമ്യം ചെയ്തിരിക്കുന്നു വിശുദ്ധ ഖുർആൻ. ഏതുപോലെ ആകാശത്തിൽ ഉയരത്തിൽ പറക്കുന്ന പറവക്ക് ഭൂമി വളരെ ചെറുത് ആയി തോന്നുന്നുവോ, അതുപോലെ തന്നെ ആത്മീയതയിൽ പുരോഗതി കൈവരിച്ചവർക് ഇഹലോകം അഥവാ ബൗദ്ധികതയെ വളരെ ചെറുതും നിസ്സാരവും ആയി കാണുന്നു. അവർ ഭൗതികതയെ ആത്മീയ ഉന്നതിയ്ക്കുള്ള ഒരു മാർഗം മാത്രം ആയി കണക്കാക്കുന്നു.

**ആതിഥ്യമര്യാദ**

ആതിഥ്യമര്യാദയെ മനുഷ്യന്റെ വലിയ ഒരു ധാർമ്മികഗുണം ആയാണ് ഇസ്‌ലാം വിശേഷിപ്പിക്കുന്നത്. ഹദ്റത്ത് റസൂൽ(സ)യും മസീഹ് മൗഊദ്(അ)ഉം വളരെ അധികം ഊന്നൽ നൽകിയിട്ടുമുണ്ട് ഈ വിഷയത്തിൽ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പക്ഷിയുടെ ആതിഥ്യ മര്യാദയെക്കുറിച്ച് ഉള്ള ഒരു കഥ വിവരിക്കുന്നുണ്ട്. 'ഒരിക്കൽ ഘോരവനത്തിൽ മഞ്ഞുകാലത്ത് ഒരു മരത്തിന്റെ ചുവട്ടിൽ രാത്രി ഒരു സഞ്ചാരി വിശ്രമിക്കാൻ എത്തി. മരച്ചില്ലയിൽ ഒരു പക്ഷിക്കൂട് ഉണ്ടായിരുന്നു. അതിഥിയെ കണ്ട ഉടൻ അതിൽ ഉള്ള ആൺപക്ഷിയും പെൺപക്ഷിയും പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും പറയാൻ തുടങ്ങി: 'സ്വന്തം നാട്ടിൽ നിന്നും ദൂരെയുള്ള ഈ കാട്ടിൽ എത്തിയ ഈ വ്യക്തി ഇന്ന് രാത്രി നമ്മുടെ അതിഥിയാണ്. അയാൾ ഈ വിറയ്ക്കുന്ന തണുപ്പിൽ ആണല്ലോ ഈ രാത്രി കഴിയേണ്ടത്. അയാൾക്കു വേണ്ടി നമുക്ക് എന്ത് ചെയ്യാൻ കഴിയും?' കുറച്ചു സമയം അവർ രണ്ടുപേരും ആലോ

ചിച്ചതിനു ശേഷം തീരുമാനിച്ചു, തങ്ങൾ കഴിയുന്ന കൂട് പൊളിച്ചു താഴെ ഇട്ടാൽ അയാൾക്ക് അത് തീ കത്തിച്ചു തണുപ്പിൽ നിന്നും രക്ഷ നേടാമെല്ലോ എന്ന്. പിന്നീടുള്ള അവരുടെ ചിന്ത അയാൾക്ക് വിശക്കുന്നുണ്ടാവും എന്നും എങ്ങെനെ അയാളുടെ വിശപ്പ് അകറ്റാം എന്നും ആയിരുന്നു. ആ സമയത്ത് ആ രണ്ട് പക്ഷികളുടെയും അടുത്ത് ഒന്നും തന്നെ ഉണ്ടായിരുന്നില്ല . തങ്ങളുടെ ശരീരത്തിന്റെ വെന്ത മാംസം അതിഥിക്ക് അത്താഴം കഴിക്കാൻ നൽകുന്നതിന് വേണ്ടി അങ്ങനെ ആ രണ്ടു പക്ഷികളും തീയിലേക്ക് എടുത്തു ചാടി. അങ്ങനെ അവർ ആതിഥ്യമര്യാദയുടെ മാതൃകയായി. (Malfuzat, vol. 8,pg.281-282).

**അല്ലാഹുവിനെ ആശ്രയിക്കൽ**

അല്ലാഹു മനുഷ്യന് തന്റെ എല്ലാ ആവിശ്യങ്ങളും പൂർത്തീകരിച്ചു നൽകുവാൻ കഴിവുള്ളവാനാണ് എന്ന ദൃഡബോധം ഇല്ലാത്തിടത്തോളം കാലം അവന്റെ ഈമാൻ ബലഹീനമാണ്. അത്തരക്കാർ അല്ലാഹുവിന്റെ പറവകളുടെ ഉദാഹരണം കണ്ട് പഠിക്കേണ്ടിയിരിക്കുന്നു. ഹദ്റത്ത് മുഹമ്മദ് നബി(സ) ഇങ്ങനെ അരുൾ ചെയ്യുന്നതായി ഉമർ(റ) നിവേദനം ചെയ്യുന്നു. 'നിങ്ങൾ അല്ലാഹുവിൽ പരിപൂർണ്ണമായി ഭരമേൽപിച്ചാൽ, അവൻ പക്ഷികൾക്ക് നൽകുന്നതുപോലെ നിങ്ങൾക്കും നൽകുന്നതാണ്. അവർ രാവിലെ വിശപ്പോടെ പുറപ്പെടുകയും എന്നാൽ വൈകുന്നേരം വയറു നിറഞ്ഞു തിരിച്ചുവരുകയും ചെയ്യുന്നു'.

ഇവിടെ, റസൂൽ(സ) പക്ഷികളുടെ ഉദാഹരണം ആണ് അല്ലാഹുവിൽ പൂർണമായി തവക്കുൽ അഥവാ ഭരമേല്പിക്കുന്ന അവസ്ഥയെ കുറിച്ച് എടുത്ത് കാണിച്ചിട്ടുള്ളത്. ഇവിടെ മനസ്സിൽ ആകുന്നത് ഒരു പക്ഷി പ്രയത്നിക്കാതെ അല്ലാഹു തനിക്ക് വേണ്ട ആഹാരം കൊണ്ടു വന്നു തരും, അതല്ലെങ്കിൽ തന്റെ വിശപ്പ് അടക്കും എന്ന് കരുതുകയാണെങ്കിൽ ആ പക്ഷിയെ നിരാശയിലും വിശപ്പിന്റെ അവസ്ഥയിൽ തന്നെയും നിങ്ങൾക്ക് കണ്ടെത്താൻ സാധിക്കും. എന്നാൽ പ്രകൃതിയിൽ മനുഷ്യൻ അല്ലാത്ത മറ്റു ജന്തുജാലങ്ങൾ എല്ലാം തന്നെ അവരുടേതായ പരിശ്രമങ്ങളിൽ ഏർപ്പെട്ടതായി നമുക്ക് പൊതുവിൽ കാണാൻ സാധിക്കും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഒരിടത്ത് പറയുന്നു: 'പ്രവൃത്തി ദുആയാണ്, ദുആ പ്രവൃത്തിയാണ്'. ഇതിൽ വളരെ ഗഹനമായ അർത്ഥം ഉണ്ട്. ഒരുവൻ ഒരു കാര്യത്തിന് വേണ്ടി പ്രവർത്തിക്കുകയും എന്നാൽ ദുആ ചെയ്യാതെ ഇരിക്കുകയും ആണെങ്കിൽ അതല്ലെങ്കിൽ ഒരുവൻ വെറും ദുആ മാത്രം ചെയ്തു കൊണ്ട് പരിശ്രമിക്കാതെ അഥവാ അവന്റെ കാര്യനിർവഹണത്തിന് ആവശ്യവുമായ കർമം ചെയ്യാതെ ഇരുന്നാൽ അവന് എങ്ങെനെ വിജയം നേടാൻ സാധിക്കും? ഇനി അവൻ ദുആ വിട്ടുകൊണ്ട് കർമം മാത്രം ചെയ്യുകയാണെങ്കിൽ പ്രത്യക്ഷത്തിൽ ഒരു പക്ഷെ അവനെ വിജയിച്ചവനായി കാണാൻ സാധിക്കുമെങ്കിലും അവന്റെ വിജയം അപൂർണമായിരിക്കും. മറിച്ച് അവൻ കർമം ഇല്ലാത്ത ദുആ മാത്രം ആണെങ്കിൽ അവൻ അല്ലാഹുവിനെ പരീക്ഷിക്കുന്നത് പോലെ ആയിത്തീരുന്നതാണ്. അതുകൊണ്ട് ഏതൊരു ലക്ഷ്യം നേടാനും ദുആയും കർമവും വേണം. ആരോ പറഞ്ഞത് പോലെ,' പരിശ്രമിക്കുമ്പോൾ ദൈവം ഇല്ലാ എന്ന രീതിയിൽ തന്റെ കർമം തന്നെയാണ് നൂറ് ശതമാനം എന്നും കരുതി പരിശ്രമിക്കുക. എന്നാൽ അതെ സമയം ദുആയിൽ ഏർപ്പെടുമ്പോൾ എല്ലാം ദൈവം ആണെന്നും തന്റെ കർമം ഒന്നും അല്ലാ എന്നും ദൈവേച്ഛ ഇല്ലാതെ ഒന്നും തന്നെ സാധ്യം അല്ലാ എന്നും നല്ലവണ്ണം ഓർക്കുക. അത് തന്നേയാണ് യാഥാർഥ്യവും .

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: ***'വിശ്വസിച്ചവരെ! നിങ്ങൾ സഹനവും പ്രാർത്ഥനയും വഴി സഹായം തേടുവിൻ! നിശ്ചയമായും അല്ലാഹു സഹനശീലരുടെ കൂടെ ആകുന്നു.*** (2:154). ഈ ആയത്തിനെ വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു: 'വിജയത്തിന്റെ ഒരു സുവർണ്ണ തത്വം ഈ ആയത്തിൽ അടങ്ങിയിരിക്കുന്നു. ഒന്നാമതായി, ഒരു മനുഷ്യൻ തന്റെ പ്രയത്നങ്ങളിൽ സ്ഥിരചിത്തത പുലർത്തണം, തന്റെ ശ്രമങ്ങളിൽ ഒരിക്കലും അയവ് വരുത്തുകയോ ഹൃദയ സാന്നിധ്യം നഷ്ടപ്പെടുത്തുകയോ ചെയ്യരുത്, അതേ സമയം, ദോഷകരമായത് ഒഴിവാക്കുകയും എല്ലാ നല്ല കാര്യങ്ങളിലും ഉറച്ചുനിൽക്കുകയും വേണം. രണ്ടാമതായി, അവൻ അല്ലാഹുവിനോട് വിജയത്തിനായി പ്രാർത്ഥിക്കണം; എന്തെന്നാൽ എല്ലാ നന്മയും അല്ലാഹുവിൽ നിന്നും ആകുന്നു, അഥവാ അവൻ അത്രെ എല്ലാ നന്മകളുടെയും ഉറവിടം.

ഇവിടെ صبر (സഹനം) എന്ന പദം അർത്ഥമാക്കുന്നത്:

(1)ഒരുകാര്യത്തിൽ ഉറച്ചുനിൽക്കുക, അഥവാ സ്ഥിരത പുലർത്തുക.

(2)പിറുപിറുക്കമോ പരാതിയോ ആവലാതി പറയുകയോ ഇല്ലാതെ മനക്കരുത്തോടെ കഷ്ടതകൾ സഹിക്കുക.

(3) ദൈവീക നിയമങ്ങളെ മുറുകെ പിടിക്കുകയും യുക്തിഭദ്രമായ നിലയിൽ അടിയുറച്ചും നിൽക്കുക.



(4) ദൈവീക നിയമങ്ങൾ വിലക്കിയീട്ടുള്ളതും യുക്തിക്ക് നിരക്കാത്തതും ആയ കാര്യങ്ങൾ പ്രവർത്തിക്കുന്നതിൽ നിന്നും വിട്ടു നിൽക്കുക.'

ഹുസൂർ തുടർന്നു പറയുന്നു: 'ഈ ആയത്തിൽ' صبر (സഹനം) എന്ന പദം صلوة(പ്രാർത്ഥന)എന്ന പദത്തിന് മുമ്പായി പറയാൻ ഉള്ള കാരണം എന്തെന്നാൽ മനുഷ്യന്റെ അജ്ഞത നിമിത്തം ലംഘിക്കപ്പെട്ടേക്കാവുന്ന ദൈവീക നിയമങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. സാധാരണഗതിയിൽ, ഒരു ലക്ഷ്യം നേടുന്നതിനായി അല്ലാഹു സൃഷ്ടിച്ച ആവശ്യമായ എല്ലാ മാർഗങ്ങളും ദുആയോടൊപ്പം പ്രാവർത്തികമാക്കുമ്പോൾ മാത്രമേ പ്രാർത്ഥന ഫലപ്രദമാകുകയുള്ളു.എന്നാൽ, ഈ വസ്തുത പ്രാർത്ഥനയുടെ പ്രാധാന്യത്തെ നിസ്സാരമാക്കുകയോ അഥവാ സർവ്വശക്തനായ അല്ലാഹുവിന്റ ശക്തികൾക് പരിധി നിശ്ചയിക്കുന്നുമില്ല. അല്ലാഹു ഉദ്ദേശിച്ചാൽ , എല്ലാ ബൗദ്ധിക മാർഗങ്ങളും പരാജയപ്പെടുന്നിടത്ത് പോലും ദുആക് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ സാധിക്കുന്നതായിരിക്കും. ഭൗതിക മാർഗ്ഗങ്ങളെ അന്ധമായ നിലയിൽ ആശ്രയിക്കാൻ ഇസ്‌ലാം ഒരിക്കലും പഠിപ്പിക്കുന്നില്ല. തീർച്ചയായും ദുആ തന്നെ ആകുന്നു ഇസ്‌ലാമിന്റെ സത്ത. നിസ്സാരനായ മനുഷ്യന്റെ അവസ്ഥ എന്തന്നാൽ അവൻ സർവ്വജ്ഞനോ സർവ്വശക്തനോ അല്ല, അതിനാൽ അവൻ ദൈവിക മാർഗനിർദേശവും സഹായവും തേടുന്നില്ലെങ്കിൽ, അവന് നന്മകൾ എല്ലാം കാണാനോ തനിക്കായി അത് സ്വരുക്കൂട്ടാണോ സാധിക്കുന്നതല്ല.

**പ്രതീക്ഷയും ഭയവും-**
**രണ്ട് ചിറകുകൾ**

ഇമാം ഇബ്നു ഖയ്യിം അൽ ജൗസിയ(റ) പറയുന്നു: 'അല്ലാഹുവിലേക്ക് ഉള്ള യാത്രയിൽ ഹൃദയം ഒരു പറവയെപോലെയാണ്. അതിന്റെ ഒരു ചിറക് പ്രതീക്ഷയും മറ്റൊന്ന് ഭയവും ആകുന്നു. സ്നേഹം അതിന്റ ശിരസ്സാകുന്നു. ശിരസ്സ് ഓജസ്സുള്ളതാണെങ്കിൽ അതിന്റെ രണ്ട് ചിറകുകളും നന്നായി പറക്കുന്നതാണ്. എന്നാൽ പറവയുടെ ശിരസ്സ് വെട്ടി മാറ്റിയാൽ അതിന് ജീവഹാനി സംഭവിക്കുന്നതാണ്. രണ്ട് ചിറകുകളിൽ ഏതെങ്കിലും ഒന്നിന് ക്ഷതം സംഭവിക്കുന്ന പക്ഷം, ആ പറവ എല്ലാ വേട്ടക്കാർക്കും വന്യമൃഗങ്ങൾക്കും ഇരയാക്കുന്നതാണ്'.

ഇവിടെ അല്ലാഹുവിലേക്ക് ഉള്ള യാത്ര എന്നുള്ളത് മനുഷ്യന്റെ ജീവിത ലക്ഷ്യം ആയ തന്റെ നാഥനെ കണ്ടുമുട്ടലും അവന്റെ സ്നേഹം കരസ്ഥമാക്കലും ആകുന്നു. പറവയുടെ ഒരു ചിറക് അല്ലാഹുവിനെ തൊട്ടുള്ള പ്രതീക്ഷയാകുന്നു. ഏതുപോലെ, അല്ലാഹുവിന്റെ കല്പന പ്രകാരം ഭാര്യയായ ഹാജറ(റ)നെയും പിഞ്ചുകുഞ്ഞായിരുന്ന ഇസ്മായിൽ നബി(അ)യും

ഇബ്രാഹിം നബി(അ) വിജനമായ മരുഭൂമിയിൽ ഉപേഷിച്ച് പോകാൻ നേരത്ത്, ഹാജറ(റ) ചോദിക്കുയുണ്ടായി: 'നിങ്ങൾ എന്നെയും കുട്ടിയേയും ഉപേക്ഷിച്ചു പോവുകയാണോ?' ഇബ്രാഹിം നബി(അ) മറുപടി ഒന്നും നൽകിയില്ല. മൂന്നാമത്തെ പ്രാവശ്യം അവർ ചോദിച്ചു: 'നിങ്ങൾ അല്ലുവിന്റെ കൽപ്പന പ്രകാരം ആണോ പോകുന്നത് എന്ന്' അപ്പോൾ ഇബ്രാഹിം നബി(അ) അതെ എന്ന് തലയാട്ടി. അപ്പോൾ ഹാജറ(റ) പറഞ്ഞു: 'അങ്ങനെയാണെങ്കിൽ അല്ലാഹു ഞങ്ങളെ കൈവെടിയില്ല' പിന്നീട് അങ്ങനെ കുട്ടി ദാഹിച്ചു കരയാൻ തുടങ്ങിയപ്പോൾ ആ ഉമ്മ അല്ലാഹുവിൽ അചഞ്ചലമായ വിശ്വാസവും പ്രതീക്ഷയും അർപ്പിച്ചു കൊണ്ട് സഫ-മർവ പർവ്വതങ്ങൾക്ക് ഇടയിൽ വെള്ളത്തിന് വേണ്ടി ഓടിയേതും പിന്നീട് സംസം വെള്ളം ഉണ്ടാവുന്നതും. ഇതാകുന്നു അല്ലാഹുവിൽ ഉള്ള പ്രതീക്ഷയുടെ ഉന്നത മാതൃക. പറവയുടെ രണ്ടാമത്തെ ചിറക് അല്ലാഹുവിനോടുള്ള ദാസന്റെ ഭയം ആകുന്നു. തന്റെ അടുക്കൽ നിന്നും വന്നു പോകുന്ന തെറ്റുകൾ കാരണമായി അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്നും സ്നേഹത്തിൽ നിന്നും താൻ അകറ്റപ്പെടുമോ എന്നുള്ളത് ആണ്. ഈ രണ്ട് ചിറകുകളും സന്തുലിതമായി പറക്കുമ്പോൾ മാത്രമേ പറവ

മുന്നോട്ട് പോകുന്നുള്ളൂ. അതിനാൽ അല്ലാഹുവിനോടുള്ള ഭയവും പ്രതീക്ഷയും ഒരു പോലെ വേണം. വിശുദ്ധ ഖുർആനിൽ അല്ലാഹു സക്കറിയ നബിയെ(അ) കുറിച്ച് പറയുന്നു: ***'...തീർച്ചയായും ഇവരെല്ലാവരും സൽകാര്യങ്ങളിൽ വേഗത്തിൽ മുന്നോട്ടുവരുന്നവരായിരുന്നു. പ്രതീക്ഷയോടും ഭയത്തോടും കൂടി നമ്മെ വിളിച്ചു പ്രാർത്ഥിക്കുന്നവരുമായിരുന്നു. നമ്മോട് ഭയഭക്തിയുള്ളവരുമായിരുന്നു'*** (21:91). പറവയുടെ ശിരസ്സ് ദൈവസ്നേഹം ആവുന്നു. അതില്ലെങ്കിൽ പിന്നെ ബാക്കി എല്ലാം നിഷ്ഫലം ആണ്.

### പറവകൾ സ്വപ്നവ്യാഖ്യാനത്തിൽ.

സ്വപ്നവ്യാഖ്യാനങ്ങളിൽ പ്രഗൽഭനായ വ്യക്തി ആകുന്നു ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന താബി ആയ ഇബ്ൻ സിരിൻ(റ അ). അദ്ദേഹത്തിന് സ്വപ്ന വ്യാഖ്യാനത്തിൽ അല്ലാഹുവിൽ നിന്ന് പ്രത്യേക ജ്ഞാനം ലഭിച്ചിരുന്നു. മഹാനായ ഇബ്ൻ സിരിൻ(റ അ) പോലെ ഉള്ള സ്വപ്ന വ്യാഖ്യാതാക്കൾ പറവകളും ആയി ബന്ധപ്പെട്ട സ്വപ്നങ്ങളെ കുറിച്ച് വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. ഒരിക്കൽ ഇബ്ൻ സീറിൻ(റ അ) നോട് ഒരാൾ താൻ കണ്ട സ്വപ്നത്തെ കുറിച്ചു ചോദിക്കുകയുണ്ടായി; 'ഒരു വലിയ പക്ഷി മുല്ലപ്പൂ ചെടിയുടെ മുകളിൽ ഇരുന്ന് അതിന്റെ പൂവുകളെല്ലാം തിന്നുന്നതായി താൻ സ്വപ്നം കണ്ടു എന്ന് '. ഇത് കേട്ട് ഇബ്ൻ സിരിൻ(റ അ) അസ്വസ്ഥനായി, എന്നിട്ട് പറഞ്ഞു; 'ഇതിന്റെ അർഥം പണ്ഡിതന്മാരുടെ മരണം ആകുന്നു'.

പല ഇടങ്ങളിലും പറവ മനുഷ്യന്റെ ആത്മാവിനെ സൂചിപ്പിക്കുന്നതായി കാണാൻ കഴിയുന്നുണ്ട്. ഒരിക്കൽ ഒരു വ്യക്തി തന്റെ ഹൃദയത്തിന്റെ ഉള്ളിൽ നിന്നും ഒരു പറവ പറക്കുന്നതായും അതിന് ശേഷം അയാൾ തന്റെ മാതാവിനെ തേടുകയും മാതാവ് ആ വ്യക്തിയെ തന്റെ വസ്ത്രത്തിന് ഉള്ളിൽ മൂടുകയും ചെയ്യുന്നതായി സ്വപ്നം കാണുകയുണ്ടായി. സ്വപ്ന വ്യാഖ്യാനത്തിൽ പറയപ്പെടുന്നു, ഇവിടെ പക്ഷി എന്നുള്ളത് അയാളുടെ ആത്മാവ് ആകുന്നു, അതായത് പക്ഷി ഹൃദയത്തിൽ നിന്നും പറക്കുക എന്നുള്ളത് അയാളുടെ മരണവും അതിന് ശേഷം മാതാവിന്റെ വസ്ത്രത്തിൽ ഒളിക്കുക എന്നുള്ളത് അയാളുടെ കഫൻ പൊതിയലും ആകുന്നു .


ഒരു വ്യക്തിയെ പറവ ആകാശത്തിലൂടെ എടുത്ത് കൊണ്ടുപോകുന്നത് കണ്ടാൽ അതിന് അർഥം അയാൾ തന്റെ രോഗത്തിൽ നിന്നും സുഖം പ്രാപിക്കുക അല്ലെങ്കിൽ വളരെ ദൂരെ ഉള്ള യാത്ര പോകൽ ആകുന്നു. അതും അല്ലെങ്കിൽ ദൈർഗ്യം ഏറിയ യാത്ര കഴിഞ്ഞു വീട്ടിലേക്ക് തിരിച്ച് വരുന്നതും ആകാം.

സ്വപ്നത്തിൽ അജ്ഞാതമായ ഒരു പക്ഷിയെ കാണുക എന്നുള്ളത് ജീവൻ എടുക്കുന്ന മലക്കിനെ സൂചിപ്പിക്കുന്നു, അല്ലെങ്കിൽ ഒരു താകീതും ആവാം. ഗർഭിണിയായ സ്ത്രീയുടെ മടിയിൽ ഒരു ആൺ പക്ഷി വന്ന് ഇരിക്കുക എന്നുള്ളത് അവൾ ഒരു ആൺ കുഞ്ഞിന് ജന്മം നൽകും എന്നാകുന്നു, അതുപോലെ അത് പെൺ പക്ഷി ആണെങ്കിൽ അവൾ ഒരു പെൺ കുഞ്ഞിനെ പ്രസവിക്കും എന്നും ആകുന്നു. പറവകളുടെ കൂട്ടത്തെ സ്വപ്നത്തിൽ സൂചിപ്പിക്കുന്നത് സമ്പത്തും അധികാരവും ആവാം അല്ലെങ്കിൽ ബന്ധുമിത്രാദികളുടെ ഒത്തുചേരൽ ആകാം. തന്റെ വീട്ടിൽ പറവകൾ പറക്കുന്നതായി ഒരുവൻ സ്വപ്നം കാണുകയാണെങ്കിൽ ആ വീട്ടിൽ മലക്കുകളുടെ സാന്നിദ്ധ്യം ഉണ്ടെന്നാണ് അർഥം. പറവ തന്റെ കരങ്ങളിലേക്ക് പറന്നു വരുന്നതായി കണ്ടാൽ അതിന് അർഥം സുവാർത്തയാകുന്നു. കറുത്ത പക്ഷി ചീത്ത കർമ്മങ്ങളെയും വെളുത്ത പക്ഷി സൽക്കർമ്മങ്ങളെയും സൂചിപ്പിക്കുന്നു. ഇവിടെ നാം മനസ്സിൽ ആകേണ്ടത് സ്വപ്ന വ്യാഖ്യാനം എന്നുള്ളത് വളരെ സങ്കീർണ്ണമായ വിഷയം ആകുന്നു. സ്വപ്നം കാണുന്ന വ്യക്തിയുടെ മാനസിക അവസ്ഥയെ, അയാളുടെ ആത്മീയ നിലവാരത്തെ, അയാളുടെ ജീവിത ചുറ്റുപാടുകളെ എല്ലാം ബന്ധപ്പെട്ട് നിലകൊള്ളുന്നു. അതിനാൽ ഒരേ പോലെയുള്ള സ്വപ്നം രണ്ടു പേര് കണ്ടാൽ തന്നെ അതിന്റെ വ്യാഖ്യാനം ഒന്നു തന്നെ ആകണം എന്നില്ല. ഒരിക്കൽ ഒരാൾ ഇബ്ൻ സിരിൻ(റ)നോട് ചോദിക്കുകയുണ്ടായി, സ്വപ്നവ്യാഖ്യാനത്തിനെ കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ് എന്ന്, അദ്ദേഹം പറഞ്ഞു: 'ഉണർന്നിരിക്കുന്ന സമയങ്ങളിൽ അല്ലാഹുവിനെ ഭയപ്പെട്ടു കൊണ്ട് ജീവിക്കുകയും സ്വപ്നങ്ങളിൽ കാണുന്നതിനെ കുറിച്ച് ഭയപ്പെടാതിരിക്കുയും ചെയ്യുക'. അതായത് രാവും പകലും ആര് അല്ലാഹുവിനെ ഭയപ്പെട്ട് കൊണ്ട് ജീവിക്കുന്നുവോ അവന് മറ്റൊന്നിനെയും കുറിച്ച് ഭയപ്പെടേണ്ട ആവശ്യം ഇല്ല.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ്(റ) ഫ്രാൻസിലെ ഒരു വനിത ഇസ്ലാം അഹ്മദിയ്യത്ത് സ്വീകരിച്ചതും ആയി ബന്ധപ്പെട്ട സംഭവം വിവരിക്കുന്നു; 'ഫ്രാൻസിൽ നിന്നും ഉള്ള ആ വനിത MTA യിലെ ഹിവാറുൽ മുബാഷിർ എന്ന പ്രോഗ്രാമിൽ ഈസ(അ)ന്റെ വഫാത്തിനെ സംബന്ധിച്ച തെളിവുകളേ കുറിച്ച് കാണുകയുണ്ടായി. അപ്പോൾ അവർക്ക് ഒരു കിണറ്റിലേക്ക് വീഴാൻ പോകു

ശേഷം പേജ് 36 ൽ


ഉടൻ പുറത്തിറങ്ങുന്നു!!
ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.
കേവലനീതി കാരുണ്യം ബന്ധുത്വം
മൂന്ന് സക്രിയ തത്വങ്ങൾ
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)
വിവ: എ. എം മുഹമ്മദ് സലീം
മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന
ദൈവികഗുണങ്ങളുടെ
അസാധാരണവും അത്യുജ്ജ്വലവുമായ
ആവിഷ്ക്കാരം




# ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും

**ഡോ: അലക്സാണ്ടർ ജേക്കബ് IPS**
**ഡയറക്ടർ ജനറൽ ഓഫ് പോലീസ്(റിട്ട:)**
**വിവ: മുഹമ്മദ് സഫ്‌വാൻ**

മിർസ മസ്റൂർ അഹ്മദിന്റെ ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും എന്ന പുസ്തകം വിഷയത്തെക്കുറിച്ച് ആധികാരിക പാഠം നൽകുന്നു. മനുഷ്യവംശം ചരിത്രപരമായി രേഖപ്പെടുത്തപ്പെട്ടതിനുശേഷം 27000 ഓളം യുദ്ധങ്ങൾ ലോകത്ത് നടന്നിരിക്കുന്നു.

ആഗോള സമാധാനത്തെ ബാധിക്കുന്ന നിരവധി കാരണങ്ങളുണ്ട്.

1.പ്രാദേശികമായ തർക്കങ്ങൾ
2.ഭൂമി, സ്വത്ത്, സ്ത്രീ എന്നിവ കൊള്ളയടിക്കുന്നതിനു വേണ്ടി നടത്തുന്ന യുദ്ധങ്ങൾ
3.മതങ്ങൾ തമ്മിലുള്ളതും മതങ്ങൾക്കുള്ളിലുള്ളതുമായ സംഘർഷങ്ങൾ
4.നദികൾ വറ്റുക, ഭൂപ്രദേശങ്ങളെ വരൾച്ച ബാധിക്കുക, ഭൗമകാരണങ്ങളാലുള്ള കാലാവസ്ഥാ വ്യതിയാനം, അഗ്നി പർവ്വത സ്ഫോടനം, ഉൽക്കാ പതനങ്ങൾ തുടങ്ങിയവ കാരണത്താൽ ഒരു പ്രദേശത്തു നിന്നു മറ്റൊരിടത്തേക്കുള്ള ആളുകളുടെ കുടിയേറ്റം
5.ഇന്ത്യയിൽ ജാതി സംഘർഷങ്ങൾ യുദ്ധത്തിനു കാരണമാകുന്നു.

എല്ലാ മനുഷ്യരും സമാധാനം ആഗ്രഹിക്കുന്നു. 21-ാം നൂറ്റാണ്ടിൽ ലോക സമാധാനം എങ്ങനെ കൈവരിക്കാമെന്നതിനെക്കുറിച്ചുള്ള ഉന്നതമായ ആശയങ്ങൾ ഗ്രന്ഥകാരൻ നമ്മുടെ മുൻപാകെ വെക്കുന്നു. യു.എൻ.ഒ, മറ്റ് ദേശീയ പാർലമെന്റുകൾ തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിർവഹിച്ചിട്ടുള്ള പത്തോളം പ്രഭാഷണങ്ങളുടെ സമാഹാരമാണ് ഈ കൃതി. വിവിധ ലോകഭരണകൂടങ്ങളുടെ തലവന്മാർക്കും വിശുദ്ധ പോപ്പിനും ബ്രിട്ടീഷ് രാജ്ഞിക്കുമുൾപ്പെടെ അയച്ച പതിമൂന്നോളം കത്തുകളും ഇതിൽ സമാഹൃതമാണ്. ഭാവിയിൽ സമാധാനം കൈവരിക്കുന്നതിനുള്ള സമഗ്രശ്രമമാണ് നടത്തുന്നത്. ആദ്യ പ്രസംഗം 2008ൽ ബ്രിട്ടീഷ് പാർലമെന്റ് ഹൗസ് ഓഫ് കോമൺസിൽ നിർവഹിച്ചതാണ്. ആഗോള പ്രതിസന്ധിയെകുറിച്ചുള്ള ഇസ്‌ലാമിക കാഴ്ചപ്പാട് അതിൽ വിവരിക്കുന്നു. രണ്ടാമത്തെ പ്രസംഗം 2012 ൽ ജർമ്മനിയിലെ സൈനിക ആസ്ഥാനത്ത് നടത്തിയതായിരുന്നു. ഇതിൽ ഒരു മുസ്‌ലിം താൻ വസിക്കുന്ന ദേശത്തോട് കാണിക്കേണ്ട കൂറിനെയും സ്നേഹത്തെയും കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനങ്ങൾക്കാണ് ഖലീഫ പ്രാധാന്യം കൊടുത്തത്. പാശ്ചാത്യർ ആരോപിക്കുന്ന അന്താരാഷ്ട്ര മുസ്‌ലിം തീവ്രവാദത്തെ അദ്ദേഹം നിരാകരിക്കുന്നു. മൂന്നാമത്തെ പ്രസംഗം, 2012ൽ ലണ്ടനിൽ നടന്ന ഒൻപതാമത് വാർഷിക പീസ് സിമ്പോസിയത്തിലേതാണ്. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ആണവ യുദ്ധം എത്ര മാത്രം വിനാശകരമാണെന്ന് അദ്ദേഹം അതിൽ വരച്ചുകാട്ടുന്നു. 2012ൽ വാഷിങ്ങ്ടൺ ഡി.സിയിലെ കാപിറ്റോൾ ഹില്ലിൽ നടത്തിയതാണ് നാലാമത്തെ പ്രസംഗം. അതിൽ അദ്ദേഹം ഊന്നിപ്പറയുന്നത് രാഷ്ട്രങ്ങൾ തമ്മിൽ നീതിപൂർവ്വകമായ ബന്ധം സ്ഥാപിക്കപ്പെടുന്നതിലൂടെ മാത്രമെ അന്തർദേശീയ സമാധാനം സാധ്യമാകുകയുള്ളുവെന്നാണ്. അഞ്ചാമത്തെ പ്രസംഗം 2012 ൽ ബ്രസ്സൽസിലെ യൂറോപ്യൻ പാർലമെന്റിൽ നടത്തിയതാണ്. ഖലീഫ ഇതിൽ ഊന്നിപ്പറയുന്നത് ആഗോള ഐക്യമാണ് ലോകസമാധാനത്തിന്റെ താക്കോൽ എന്നാണ്. ആറാമത്തെ പ്രസംഗം 2012ൽ ബൈത്തുർ റശീദ് മോസ്ക് ഹാംബർഗ്, ജർമ്മനിയിൽ ചെയ്തതാണ്. തങ്ങളുടെ മതപരമായ വ്യക്തിത്വം തുടച്ചുമാറ്റിക്കൊണ്ട് ഒരു മുസ്‌ലിമിന് പൂർണ്ണമായും പാശ്ചാത്യ സമൂഹത്തിൽ ലയിച്ചുചേരാൻ കഴിയില്ലെങ്കിലും ശാന്തിയും സമാധാനവും നിലനിൽക്കുന്നതിനു വേണ്ടി സാമൂഹിക ഉദ്ഗ്രഥനം നടത്താൻ അവർക്ക് കഴിയും. ലണ്ടനിലെ ഹൗസ് ഓഫ് പാർലമെന്റിൽ 2013 ൽ നിർവ്വഹിച്ച ഏഴാമത്തെ പ്രഭാഷണത്തിൽ ഇസ്‌ലാം സമാധാനത്തിന്റെയും അനുകമ്പയുടെയും മതമാണെന്ന് പ്രാധാന്യത്തോടെ അദ്ദേഹം വിവരിക്കുന്നു. കാലഘട്ടത്തിന്റെ അടിയന്തര ആവശ്യത്തെക്കുറിച്ച് 2013ൽ ന്യൂസിലന്റിന്റെ ദേശീയ പാർലമെന്റിൽ നടത്തിയ പ്രസംഗമാണ് എട്ടാമത്തേത്. ഒൻ

പതാമത്തെ പ്രസംഗമായി ചേർത്തിട്ടുള്ള 2015ൽ ഹേഗിലെ ഡച്ച് ദേശീയ പാർലമെന്റിൽ നിർവ്വഹിച്ച പ്രഭാഷണത്തിൽ ലോക സമാധാനവും സുരക്ഷയും അടിയന്തിര ആവശ്യമാണെന്നതിനെക്കുറിച്ച് അദ്ദേഹം പ്രാധാന്യത്തോടെ വിവരിക്കുന്നു. 2015ൽ ജപ്പാനിലെ ടോക്കിയോയിൽ നിർവ്വഹിച്ചതാണ് പത്താമത്തെ പ്രസംഗം. ക്രമരഹിതമായ ആഗോള വ്യവസ്ഥതിയുടെ കാലത്ത് സമാധാനത്തിലേക്കു വഴിതുറക്കുന്ന പ്രശ്നപരിഹാരത്തെക്കുറിച്ചാണ് ഇതിൽ ഖലീഫ ഏറെ പ്രാധാന്യത്തോടെ വിവരിക്കുന്നത്. ഇതിലുൾപ്പെടുത്തിയിട്ടുള്ള പതിമൂന്ന് കത്തുകളും പന്ത്രണ്ടോളം ലോക നേതാക്കൾക്കുള്ളതും ലോക സമാധാനത്തിനുള്ള ശക്തമായ ആഹ്വാനം അടങ്ങിയിരിക്കുന്നവയുമാണ്.


ഈ പുസ്തകം മനോഹരമായ വായനാനുഭവം നൽകുന്നതിനോടൊപ്പം ലോകത്ത് സമാധാനം സ്ഥാപിതമാവേണ്ടതിന്റെ അടിയന്തിര ആവശ്യത്തിലേക്ക് ഉൾക്കാഴ്ച നൽകുകയും ചെയ്യുന്നു. പൗരാണിക കാലഘട്ടത്തിലെ യുദ്ധത്തിനുള്ളകാരണങ്ങളല്ല ഇന്നത്തെ യുദ്ധങ്ങൾക്കുള്ളത്.

1.കൊറിയൻ യുദ്ധം യു.എസ്.എ സൃഷ്ടിച്ചു. മുപ്പത് ലക്ഷം കൊറിയക്കാർ കൊല്ലപ്പെട്ടു. എന്തിനു വേണ്ടി? രാജ്യം വിഭജിക്കപ്പെട്ടു.

2.വിയറ്റ്നാം യുദ്ധത്തിനു യു.എസ്.എ കാരണക്കാരായി. പത്ത് ലക്ഷം ആളുകൾ കൊല്ലപ്പെട്ടു. എന്തിനു വേണ്ടി? വിയ്റ്റ്നാം ജനത അമേരിക്കക്കാരെ തോൽപ്പിക്കുകയും ഒന്നിക്കുകയും ചെയ്തു.

3.യു.എസ്.എ, യു.കെ, ഫ്രാൻസ് നടത്തിയ ഇമ്പീരിയലിസ്റ്റ് യുദ്ധങ്ങളായിരുന്നു അഫ്ഗാൻ യുദ്ധം, ഇറാക്ക് യുദ്ധം ലിബിയൻ യുദ്ധം എന്നിവ. ഇരുപത്തഞ്ച് ലക്ഷം ആളുകൾ മരണപ്പെട്ടു.

4.അൽഖ്വയ്ദ,ഐ.സി.സ്,താലിബാൻ, ഹമാസ് ഇവക്കൊക്കെ രൂപം കൊടുക്കുകയും ഇസ്ലാമിക തീവ്രവാദികളെന്നു വിളിക്കുകയും ചെയ്തത് യു.എസ്.എ ആയിരുന്നു.




5.യൂഗോസ്ലാവ്യയെ അധിനിവേശം നടത്തിയത് യു.എസ്.എ, യു.കെ, ഫ്രാൻസ് ഒരുമിച്ചായിരുന്നു. എട്ട് രാജ്യങ്ങളായി യൂഗോസ്ലാവ്യ വിഭജിക്കപ്പെട്ടു. മൂന്ന് ലക്ഷം ആളുകൾ കൊല്ലപ്പെട്ടു.

ഈ എല്ലാ യുദ്ധങ്ങളും നടന്നത് കഴിഞ്ഞ അൻപതു കൊല്ലത്തിനിടയിലാണ്. മൂന്ന്, നാല്, അഞ്ച് ഇനങ്ങൾ നടന്നു കൊണ്ടിരിക്കുമ്പോൾ 1999-2016 വരെയുള്ള കാലയളവിൽ ഖലീഫ ഈ പ്രഭാഷണങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. ലോക സമാധാനം പ്രഭാഷണങ്ങളിലൂടെ നേടിയെടുക്കാൻ കഴിയില്ല.

നാൽപതോളം യുദ്ധങ്ങളിപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളെയും മൂന്നാം ലോകരാജ്യങ്ങളെയും തകർത്തുകൊണ്ട് ലോക തലസ്ഥാനം പിടിച്ചെടുക്കുന്ന സാമ്രാജ്യത്ത മുതലാളിത്തത്താലാണ് ഇതിൽ അധികപക്ഷവും സംഭവിക്കുന്നത്. ഇത് അവസാനിപ്പിക്കാൻ കഴിയില്ല. യു.എസ് സമ്പദ് വ്യവസ്ഥയുടെ 25% ആയുധ നിർമ്മാണത്തിൽ നിന്നാണ്. ലോകത്തിലെ പതിനാറോളം വലിയ ആയുധ നിർമ്മാതാക്കൾ യു.എസ്.എ യിൽ നിന്നുള്ളവരാണ്. കച്ചവടം ഉറപ്പുവരുത്തുന്നതിന് യുദ്ധം അനിവാര്യമാണ്. നമുക്കൊന്നും ചെയ്യാൻ കഴിയില്ല. യുദ്ധോപകരണങ്ങൾ വ്യവസായിക യന്ത്രങ്ങളുടെ നിർമ്മാണത്തിനു വേണ്ടി പുനരുപയോഗം ചെയ്യേണ്ടിയിരിക്കുന്നു. എങ്കിൽ യുദ്ധങ്ങൾ കുറഞ്ഞു തുടങ്ങും. യുദ്ധം തടയുന്നതിൽ യു.എൻ.ഒ പരാജയപ്പെട്ടിരിക്കുന്നു. ഹക്സ്‌ലി ആശിച്ച പോലെ ഒരു ലോക ഗവൺമെന്റ് രൂപപ്പെടുകയാണെങ്കിൽ യുദ്ധങ്ങൾ അവസാനിച്ചേക്കാം. ഇതൊരു പ്രത്യാശ മാത്രമാണ്.

ഉത്കൃഷ്ടമായ ആശയങ്ങളാണ് ഈ ഗ്രന്ഥത്തിൽ പങ്കുവെച്ചിട്ടുള്ളത്. ഖലീഫയ്ക്ക് പ്രഭാഷണ ചാതുരിയും ഭാഷാശൈലിയുമുണ്ട്. അദ്ദേഹത്തിന്റെ കത്തുകളും മനോഹരമാണ്. ഞാനീ ഗ്രന്ഥം നന്നായി ആസ്വദിച്ചു.

ആശംസകളോടെ,

***ഡോ:അലക്സാണ്ടർ ജേക്കബ് IPS. ഡയറക്ടർ ജനറൽ ഓഫ് പോലീസ്(റിട്ട:)***

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## ഖലീഫത്തുൽ മസീഹ് അവ്വൽ ؓ



ഇബ്നു വഫാ ബേപ്പൂർ

### ഹദ്റത്ത് അബൂബക്കറുؓമായുള്ള ഹുദൂറിന്റെ സാദൃശ്യം

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വലിനു ഹദ്റത്ത് അബൂബക്കർ സിദ്ധീഖുؓമായി ഒരു പ്രത്യേക സാദൃശ്യമുണ്ട്. ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്ؓ ഹദ്റത്ത് നബി കരീമിﷺനേക്കാൾ പ്രായത്തിൽ എത്ര വർഷം ചെറുതായിരുന്നുവോ അത്രയും വർഷമായിരുന്നു അദ്ദേഹത്തിന്റെ ഖിലാഫത്തു കാലം. അവസാനം അറുപത്തിമൂന്നാമത്തെ വയസ്സിൽ തിരുമേനിയെ പോലെ തന്നെ വഫാത്താവുകയും ചെയ്തു. അതുപോലെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ പ്രായത്തിൽ ഹദ്റത്ത് മസീഹ് മൗഊദിനേക്കാൾ ആറു വയസ്സു ചെറുതായിരുന്നു. അദ്ദേഹത്തിന്റെ ഖിലാഫത്തു കാലവും ആറു വർഷമായിരുന്നു. അവസാനം ഹദ്റത്ത് മസീഹ് മൗഊദിؑനെ പോലെ ഖലീഫത്തുൽ മസീഹ് അവ്വൽ തന്റെ എഴുപത്തി നാലാമത്തെ വയസ്സിൽ വഫാത്താവുകയും ചെയ്തു.

ഇത്തരത്തിലുള്ള, പരിശുദ്ധനും സാത്വികനും അനുഗ്രഹീതനുമായ വ്യക്തികളെ ലോകം വളരെ കുറച്ചു മാത്രമേ കണ്ടിട്ടുണ്ടാവുകയുള്ളു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ വ്യക്തിപരമായി നേരത്തെ തന്നെ വളരെ ഉന്നതനും പ്രസിദ്ധനും ബഹുമാനിതനുമായിരുന്നിട്ടും ഹദ്റത്ത് വാഗ്ദത്ത മസീഹ്ؑനെ കണ്ടെത്തിയ ശേഷം ആ പുണ്യാത്മാവിനോടു അദ്ദേഹം കാണിച്ച ആദരവിനും വിനയത്തിനും അനുസരണത്തിനും സമാനമായ ഒരു മാതൃകയോ ഉദാഹരണമോ മറ്റൊന്നു കാണിക്കാൻ ആർക്കും സാധിക്കുകയില്ല.

### ഖാദിയാന്റെ അതി ദയനീയാവസ്ഥ

ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വഫാത്തിനു ശേഷം ഖാദിയാൻ ഏതൊരു ദയനീയാവസ്ഥയിലൂടെ യായിരുന്നു കടന്നു പോയിരുന്നത്. മുഅ്മിനീങ്ങളുടെ ഹൃദയാവസ്ഥ എന്തായിരുന്നു. പിന്നീട് എങ്ങനെയായിരുന്നു രണ്ടാം ഖിലാഫത്തു നിലവിൽ വന്നത് എന്നതിനെ കുറിച്ചു ഖമറുൽ അമ്പിയാ ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എؓ വിവരിക്കുകയാണ്. ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വിയോഗം മുഅ്മിനീങ്ങൾക്കു സഹിക്കാവുന്നതിലും എത്രയോ ഭാരിച്ച ദു:ഖവും വ്യസനവുമായിരുന്നു ഉണ്ടാക്കിയിരുന്നത്. എന്നാൽ ഈ ദു:ഖത്തേക്കാൾ വലിയയൊരു മറ്റൊരാശങ്കയും ഭയവും മുഅ്മിനീങ്ങളുടെ ഹൃദയത്തെ കാർന്നു തിന്നുന്നുണ്ടായിരുന്നു. അതു ജമാഅത്തിന്നകത്തെ അഭിപ്രായ ഭിന്നതകളും ഖിലാഫത്തു വിരോധികളുടെ കുതന്ത്രങ്ങൾ കാരണവുമായിരുന്നു. ആ രംഗങ്ങൾക്കു സാക്ഷിയായിരുന്നവരിൽ നല്ലൊരു ഭാഗം കഴിഞ്ഞു കടന്നു പോയിരിക്കുന്നു. ധാരാളം പേർ അതിനു ശേഷം ജനിച്ചവരോ അല്ലെങ്കിൽ ആ സമയം വളരെ ചെറിയ കുട്ടികളോ ആയിരുന്നതിനാൽ ഇതൊന്നും തന്നെ അവർക്കു ഓർമയുണ്ടാവുകയില്ല. എന്നാൽ ആ ദിനങ്ങളുടെ ഓർമ ഇന്നും തങ്ങളുടെ ഹൃദയങ്ങളിൽ സൂക്ഷിക്കുന്നവരുണ്ടെങ്കിൽ അതവർക്കു ഒരിക്കലും മറക്കാനാവുകയില്ല. ആ ദിനം ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ഒരു ഖിയാമത്തു നാളിനു തുല്യമായിരുന്നു.

ലോകത്തു വ്യാപിക്കാനായുള്ള ആവേശത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്ന അല്ലാഹുവിനാൽ നിയോഗിതനായ ഒരു മസീഹിനാൽ സ്ഥാപിതമായ ഒരു പുതിയ ജമാഅത്തിനു മുന്നിൽ ദീനായിരുന്നു എല്ലാം. അവരുടെ മുന്നിൽ ഭൗതികതയ്ക്കു ഒരു സ്ഥാനവുമില്ല. അവരുടെ കൺമുന്നിൽ ഒരു ഭാഗത്തു തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ ചേതനയറ്റ ശരീരമാണുള്ളത്. എന്നാൽ ആ ഇമാമിനേക്കാൾ പ്രിയപ്പെട്ട അല്ലാഹുവിന്റെ വരിഷ്ഠദാസനായ മസീഹിനാൽ സ്ഥാപിതമായ ജമാഅത്തിനെ നശിപ്പിക്കാനായി ഇറങ്ങി പുറപ്പെട്ടവരുടെ കുതന്ത്രങ്ങളും കുത്സിത പ്രവർത്തനങ്ങളുമാണു അവർ മറുവശത്തു കണ്ടു കൊണ്ടിരിക്കുന്നത്. സങ്കീർണവും വേ

ദനാജനകവുമായ ഈ പരീക്ഷണഘട്ടത്തിൽ ജമാഅത്തിന്റെ ഭാവിയോർത്തു ജമാഅത്തിനെ ജീവനുതുല്യം സ്നേഹിക്കുന്ന, അവർ ഒന്നോ രണ്ടോ അല്ല പത്തോ ഇരുപതോ അല്ല നൂറുക്കണക്കിനു മുഅ്മിനീങ്ങൾ കുട്ടികളെ പോലെ ഏങ്ങലടിച്ചു വിലപിക്കുന്നത് കാണാമായിരുന്നു.

അവരുടെ ഭയവും വേവലാതിയും ഖിലാഫത്തു നിഷേധികൾ എണ്ണത്തിൽ കൂടുതലാണെന്നോ അവരു ടെ വാദം ശരിയാണെന്നോ കരുതുന്നതു കൊണ്ടല്ല. മറിച്ചു അവർ എണ്ണത്തിൽ കുറഞ്ഞവരും സത്യത്തിൽ നിന്നകന്നവരുമായിരുന്നു. എന്നാൽ അവർ ഖിലാഫത്തിനെ ഇല്ലാതാക്കാനായി ജമാഅത്തിന്നകത്തു വിരിച്ചിരിക്കുന്ന ഗൂഢാലോചനയുടേയും ദുർബോധനത്തിന്റേയും വല വളരെ വിശാലവും ശക്തവും സംഘടിതവുമായിരുന്നു എന്നു മനസ്സിലാക്കിയതു കൊണ്ടായിരുന്നു. ഖാദിയാനിലെ കേന്ദ്ര ഓഫീസുകൾ മുഴുവനും അവരുടെ സ്വാധീനത്തിലും അധീനതയിലുമായിരുന്നു. അതിനു പുറമെ ഖിലാഫത്തു നിഷേധികളായ ഇക്കൂട്ടർ, സാമ്പത്തികവും സാമൂഹികവുമായ വലിയ സ്വാധീന ശക്തിയുള്ളവരും പേരും പെരുമയുള്ളവരുമായിരുന്നു. അവരുടെ മുന്നിൽ ജമാഅത്താണെങ്കിൽ ആരോരുമില്ലാത്ത ഒരു വിധവയെപോലെയോ, അക്രമിക്കാനായി തക്കം പാർത്തിരിക്കുന്ന ഒരു കൂട്ടം ചെന്നായ്ക്കൾക്കു മുന്നിൽ പെട്ട ആട്ടിടയനില്ലാത്ത ഒരാട്ടിൻ പറ്റത്തെ പോലെയോ ആയിരുന്നു.

**ഹദ്റത്ത് സാഹിബ് സാദാ സാഹിബിന്റെ പ്രസംഗം**

ഈ ചുറ്റുപാടിൽ ഇനി ജമാഅത്തിന്റെ സ്ഥിതി എന്തായിത്തീരും എന്ന ചിന്ത മുഅ്മിനീങ്ങളുടെ ഹൃദയങ്ങളെ ഭീതിദത്തവും സംഭ്രമജനകവുമായ അവസ്ഥയിലെത്തിച്ചിട്ടുണ്ടായിരുന്നു. അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്നവർ തന്നെയായിരുന്നു അവർ. പക്ഷേ, ഖിലാഫത്തിന്റെ എതിരാളികളും നിഷേധികളുമായിട്ടുള്ളവർ കൈവരിച്ചിട്ടുള്ള ബാഹ്യോപാധികൾ കണ്ട് ആ മുഅ്മിനീങ്ങ ളുടെ ധൈര്യവും മനഃകരുത്തും ചോർന്നു പോകുന്നുണ്ടായിരുന്നു. ജുമുആക്ക് ഹുദൂർ അന്തരിച്ച ശേഷം അസർ വരെയുള്ള സമയത്തിന്റെ ദൈഘ്യം ചെറുതായിരുന്നിട്ടും ഭാവിയെ കുറിച്ചുള്ള വിഭ്രാന്തി കാരണം ആ കാലയളവ് എത്രയോ ദീർഘമുള്ളതായി അവർക്കു അനുഭവപ്പെടുകയും സമയം മുന്നോട്ട് ചലിക്കാത്തതു പോലെ അനുഭവപ്പെടുന്നുണ്ടായിരുന്നു. അവസാനം അസർ നമസ്ക്കാര സമയമെത്തി. ദൈവ സ്മരണ യിലൂടെ ഹൃദയങ്ങൾക്കു സമാധാനം ലഭിക്കുന്നതിനായി എല്ലാവരും വേഗം തന്നെ മസ്ജിദ് നൂറിൽ ഒരുമിച്ചു കൂടി.

നമസ്ക്കാരാനന്തരം ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മ്മൂദ് അഹ്മദ് സാഹിബ് കാര്യമാത്ര പ്രസക്തവും ഹൃദങ്ങളിൽ വേദനയുളവാക്കുന്നതുമായ രീതിയിൽ ഒരു പ്രസംഗം നടത്തുകയുണ്ടായി. കലിമ ശഹാദത്തിനു ശേഷം അദ്ദേഹം പറഞ്ഞു അല്ലാഹുവിന്റെ തീരുമാനത്താൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് വഫാത്തായിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിനു മേൽ ആയിരമായിരം കാരുണ്യവും അനുഗ്രഹവും ചൊരിയുമാറാകട്ടെ, സ്വർഗത്തിൽ അദ്ദേഹത്തിനു ഏറ്റവും ഉന്നത സ്ഥാനം നൽകുമാറാകട്ടെ.

ജീവിത കാലം മുഴുവനും തന്റെ ജീവനേക്കാൾ കൂടുതൽ സ്നേഹിച്ച അദ്ദേഹത്തിനു ഏറ്റവും പ്രിയങ്കരരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺയോടും മസീഹ് മൗഊദിؑനുമോടൊപ്പം അദ്ദേഹത്തിന്റെ പരലോക ജീവിതം അല്ലാഹു ആക്കിത്തീർക്കട്ടെ. ആമീൻ

ഇപ്പോൾ അഹ്മദിയാ ജമാഅത്തിനു മുകളിൽ വലിയൊരു ഭാരിച്ച ഉത്തരവാദിത്വം വന്നിരിക്കുകയാണ്. ആ ഉത്തരവാദിത്വം എല്ലാ ഓരോ കുട്ടിയുടേയും യുവാക്കളുടേയും വൃദ്ധരുടേതുമാണു. മുഴുവൻ ജമാഅത്തും വലിയൊരു പരീക്ഷണത്തിനു കീഴെയാണ്. ഏതൊരാൾ ഈ പരീക്ഷണത്തെ അതിജീവിക്കുമോ അയാൾ വിജയം പ്രാപിച്ചു. അതോടൊപ്പം അല്ലാഹുവിന്റെ ഇഷ്ടപ്പെട്ടവരും പ്രിയപ്പെട്ടവരുമായിത്തീർന്നു. എന്നാൽ ഏതൊരാൾ ഈ പരീക്ഷണത്തിൽ പരാജയപ്പെടുമോ അയാൾ അല്ലാഹുവിന്റെ സജ്ജനങ്ങളിൽ എണ്ണപ്പെടുകയില്ല. ആ ഉത്തരവാദിത്വം ഏറ്റെടുത്തു നിർവഹിക്കണമെങ്കിൽ നമ്മൾ അതിനുള്ള ഒരുക്കങ്ങൾ നന്നായി ചെയ്തിട്ടുണ്ടാവണം. പ്രവർത്തികൾ മഹത്തരവും മഹനീയവും ആയാൽ മാത്രം പോര. ഉദ്ദേശ്യ ങ്ങളിൽ ശുദ്ധിയുമുണ്ടായിരിക്കണം. അല്ലാത്തപക്ഷം ആ കാര്യത്തിൽ ഒരനുഗ്രഹവും ഉണ്ടായിരിക്കുന്നതല്ല. നോക്കൂ, നമസ്ക്കാരം എത്ര മഹത്തരമായ കാര്യമാണ്. പക്ഷേ, അല്ലാഹു പറയുകയാണ്.

فَوَيۡلٌ لِّلۡمُصَلِّيۡنَ۝ الَّذِيۡنَ هُمۡ عَنۡ صَلَاتِهِمۡ سَاهُوۡنَ۝

الَّذِيۡنَ هُمۡ يُرَآءُوۡنَ وَيَمۡنَعُوۡنَ الۡمَاعُوۡنَ۝۔

(അപ്പോൾ തങ്ങളുടെ നമസ്ക്കാരത്തെപറ്റി അശ്രദ്ധരായ നമസ്ക്കാരക്കാർക്കു നാശം. അന്യരെ കാണിക്കാൻ വേണ്ടി സൽകർമം ചെയ്യുന്നവരത്രെ അവർ. അവർ അൽപമായ ഔദാര്യം പോലും തടയുകയും ചെയ്യുന്നു. ഖുർആൻ 107: 5,6,7,8)

അല്ലാഹു പറയുകയാണ് അവരെല്ലാം നമസ്ക്കരിക്കുന്നവരാണു. പക്ഷേ അവരുടെ നമസ്ക്കാരത്തിൽ യാതൊരു ആത്മാർഥതയുമില്ല. അവർ മറ്റുള്ളവരെ കാണിക്കുവാനാണു നമസ്ക്കരിക്കുന്നത്. അതിനാൽ അല്ലാഹു

വിന്റെ സാമീപ്യം കരസ്ഥമാക്കുവാനുള്ള മാർഗമായ നമസ്ക്കാരം അവരുടെ നാശത്തിനും ശാപത്തിനും കാരണമായിത്തീരുന്നു. ചുരുക്കത്തിൽ ഒരു കാര്യം എത്ര തന്നെ പരിശുദ്ധമായാലും ശരി അതോടൊപ്പം ആത്മാർഥതയും സദുദ്ദേശ്യവും ഇല്ലായെങ്കിൽ അതിലൂടെ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനാവുകയില്ല. ഇപ്പോൾ മഹത്തായ ഒരു അമാനത്തിന്റെ ഭാരമാണു നമ്മുടെ ചുമലിലുള്ളത്. അല്ലാഹുവിന്റെ സഹായവും അനുഗ്രഹവുമില്ലാതെ നമുക്ക് ആ ഉത്തരവാദിത്വവും ചുമതലയും നിറവേറ്റാനാവുകയില്ല. അതിനാൽ തങ്ങളുടെ കഴിവിന്റെ പരമാവധി അല്ലാഹുവിനു മുന്നിൽ കുനിഞ്ഞു കൊണ്ട് അവനോടു സഹായം തേടണം.

ഈ ഇരുട്ടിന്റെ അവസ്ഥയിൽ ജമാഅത്തിനു വേണ്ടി ഒരു പ്രകാശം കാണിക്കാനും നമ്മുടെ കാലുകളിടറാതെ അബദ്ധത്തിൽ ചെന്നു വീഴാതെ ജമാഅത്തിനു ഏറ്റവും ഗുണകരവും അനുഗ്രഹീതവുമായ കാര്യങ്ങൾ നിർവഹിക്കാൻ നമുക്കു സാധിക്കുന്നതിനുമായി അല്ലാഹുവിനു മുന്നിൽ ഏങ്ങലടിച്ചു ദുആ ചെയ്യുകയാണു വേണ്ടത്. ഈ പ്രസംഗം നടക്കുന്ന സമയത്തു പള്ളിയുടെ നാലു ഭാഗത്തു നിന്നും ആളുകൾ ധാരാളമായി കരയുന്നുണ്ടായിരുന്നു. തുടർന്നദ്ദേഹം പറഞ്ഞു സാധിക്കുന്നവർ എല്ലാവരും തന്നെ നാളെ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ ഇന്നു രാത്രിയിലെ നമസ്ക്കാരത്തോടൊപ്പം നാളെ പകൽ സമയവും നമുക്കു ദുആയിലും ദൈവ സ്മരണയിലും കഴിച്ചു കൂട്ടാൻ സാധിക്കും. ഇന്നു രാത്രി എല്ലാവരും എഴുന്നേറ്റു നമസ്ക്കാരത്തിലും ദുആയിലും കഴിച്ചു കൂട്ടുവിൻ. അതിനു ശേഷം മിയാ സാഹിബ് പറഞ്ഞു ഇനി ഞാൻ ദുആ ചെയ്യാം നിങ്ങളും എന്നോടൊപ്പം ദുആയിൽ പങ്കുചേരുവിൻ. അങ്ങനെ എല്ലാവരും മിയാ സാഹിബിനോടൊപ്പം ദുആ ചെയ്യാൻ തുടങ്ങി. മസ്ജിദ് നൂർ എന്ന ആ ചെറിയ പള്ളി അപ്പോഴേയ്ക്കും ഒരു വിലാപത്തിന്റേയും രോദനത്തിന്റേയും പള്ളിയായി മാറിക്കഴിഞ്ഞിരുന്നു. ഈ പ്രസംഗത്തിനും ദീർഘമായ ദുആയ്ക്കും ശേഷം എല്ലാവരുടേയും ഹൃദയം ശാന്തമാവുകയും ജനങ്ങളുടെ മനസ്സിനു വലിയൊരു സമാധാനം ലഭിച്ചതു പോലുള്ള പ്രതീതി ഉളവാകുകയും ചെയ്തു.

**മുഹമ്മദ് അലി സാഹിബുമായുള്ള സംഭാഷണം**

മസ്ജിദ് നൂറിലെ പ്രസംഗം കഴിഞ്ഞിറങ്ങി കോഠി ദാറുസ്സലാമിലേക്കു പോയി കൊണ്ടിരുന്ന ഹദ്റത്ത് മിയാ സാഹിബിനെ വഴിയിൽ വെച്ച് മുഹമ്മദ് അലി സാഹിബ് കാണുകയും അവിടെ വഴിയിൽ തന്നെ നിന്നു കൊണ്ട് സംസാരിക്കാൻ തുടങ്ങുകയും ചെയ്തു. മുഹമ്മദ് അലി സാഹിബ് പറഞ്ഞ കാര്യങ്ങൾ മിയാ സാഹിബ് പിന്നീട് ജമാഅത്തിലെ പ്രധാനികളെ അറിയിക്കുകയുണ്ടായി. മുഹമ്മദ് അലി സാഹിബ് പറയുകയാണു എല്ലാ കാര്യങ്ങളും കൂടിയലോചനയ്ക്കു ശേഷം ചെയ്യുന്നതായിരിക്കും നല്ലത്. ഇപ്പോൾ ഖലീഫത്തുൽ മസീഹിന്റെ വഫാത്തിനു ശേഷം തിരക്കിട്ട് എന്തെങ്കിലും തീരുമാനം കൈകൊള്ളുന്നതു ഒരിക്കലും ശരിയല്ല. മിയാ സാഹിബ് പറഞ്ഞു പെട്ടെന്നുള്ള തീരുമാനങ്ങൾ ശരിയല്ലെന്നും കൂടിയാലോചനയ്ക്കു ശേഷം കൈകൊള്ളുന്ന തീരുമാനമാണു ഉത്തമമെന്നും താങ്കൾ പറഞ്ഞതു ഞാൻ അംഗീകരിക്കുന്നു. ജനങ്ങൾ ഇപ്പോൾ ഖാദിയാനിൽ എത്തിക്കൊണ്ടിരിക്കുകയാണ്. നാളത്തേയ്ക്കു നല്ലൊരു ജനക്കൂട്ടംഇവിടെ എത്തിയിട്ടുണ്ടാകും. ജമാഅത്തിൽ സ്വാധീനമുള്ളവർ ഇവിടെ സമീപത്തു തന്നേയാണു താമസിക്കുന്നത് അവരെല്ലാം നാളെ ഇവിടെ എത്തും. ആ അവസരത്തിൽ നമുക്കു കൂടിയാലോചന ചെയ്യാവുന്നതാണു. മൗലവി മുഹമ്മദ് അലി സാഹിബ് പറഞ്ഞു ജമാഅത്തിൽ അഭിപ്രായ ഭിന്നത ഉള്ള കാര്യം താങ്കൾക്കറിയാവുന്നതാണു. ജനങ്ങൾ രണ്ടു ചേരിയിലാണുള്ളത്. ഒരാൾ മറ്റൊരാളെ അംഗീകരിക്കാനോ ബൈഅത്തു ചെയ്യുവാനോ തയ്യാറല്ല. ആ നിലയ്ക്കു ഖിലാഫത്തു തെരഞ്ഞെടുപ്പു തൽക്കാലം അഞ്ചാറു മാസത്തേയ്ക്കു മാറ്റി വെക്കുന്നതാണു നല്ലത്.

മിയാ സാഹിബ് പറഞ്ഞു അഞ്ചാറു മാസക്കാലത്തേയ്ക്കു ഖിലാഫത്തു തെരഞ്ഞെടുപ്പു മാറ്റി വെച്ചാൽ ജമാഅത്തിൽ ഒരാത്മീയ നേതാവില്ലാത്ത അവസ്ഥയുണ്ടാകും. ഈ കാലയളവിൽ ഫസാദും കുഴപ്പവുമുണ്ടായാൽ അതിനാരായിരിക്കും ഉത്തരവാദി. മറ്റുള്ളവരെ ആരായിരിക്കും നേർവഴിയിൽ നടത്തുക. ഹദ്റത്ത് മസീഹ് മൗഊദിﷺന്റെ വഫാത്തിനു ശേഷം ഇവിടെ ഒരുമിച്ചു കൂടിയവർ തന്നെയായിരുന്നു തീരുമാനമെടുത്തത്. ഈ രീതി തന്നേയായിരുന്നു ഇസ്‌ലാം മുമ്പും അവലംബിച്ചിരുന്നത്. ആറു മാസത്തെ കാത്തിരിപ്പ് മുൻ കാലങ്ങളിലോ മസീഹ് മൗഊദിﷺനു ശേഷമോ ഉണ്ടായിട്ടില്ല. അതു കേട്ടപ്പോൾ മുഹമ്മദ് അലി സാഹിബ് പറഞ്ഞു മുമ്പ് അഭിപ്രായ ഭിന്നത ഉണ്ടായിട്ടില്ല. ഇപ്പോഴതുണ്ട്. ആറു മാസം കാത്തിരിക്കുന്നതിൽ എന്താണു കുഴപ്പം. ഖലീഫയില്ലായെങ്കിൽ എന്തു പ്രശ്നമാണുള്ളത്. ഖലീഫ വന്നു കൊണ്ട് നാളെ തന്നെ ചെയ്തു തീർക്കേണ്ട എന്തു പണിയാണു ഇവിടെ ഉള്ളത്.

മിയാ സാഹിബ് പറഞ്ഞു മസീഹ് മൗഊദിﷺന്റെ വഫാത്തിനു ശേഷം ജമാഅത്തിൽ ഖിലാ

ഫത്തു സംവിധാനം നിലവിലുണ്ടായിരിക്കണമെന്നതു ജമാഅത്തെടുത്ത തീരുമാനമായിരുന്നു. അതിനെ കുറിച്ചു ഇനി കൂടിയാലോചനയുടെ ആവശ്യമില്ല. ഖലീഫ ആരായിരിക്കണമെന്നതിനെ കുറിച്ചു മാത്രമാണു ചർച. ഖലീഫയ്ക്കുള്ള പണിയെന്താണെന്നു താങ്കൾ ഇപ്പോൾ ചോദിച്ചില്ലേ? പണിയെന്താണെന്നു ഞാൻ പറയാം. ജമാഅത്തിന്റെ ആത്മീയ നിലവാരത്തെ പരിരക്ഷിച്ചു കൊണ്ട് ജമാഅത്തിന്റെ ഐക്യം നിലനിർത്തുക. ഫസാദിൽ നിന്നും കുഴപ്പങ്ങളിൽ നിന്നും ദുആ കൊണ്ടും തന്റെ ഉപദേശ നിർദേശങ്ങൾ കൊണ്ടും ജമാഅത്തിനെ നേർവഴിയിൽ നടത്തുക. പക്ഷേ, ഖലീഫയുടെ ഈ കർത്തവ്യങ്ങളും പ്രവർത്തനങ്ങളും ആർക്കും പെട്ടെന്നു കാണാൻ സാധിച്ചെന്നു വരില്ല. കൃത്യമായി പറഞ്ഞാൽ ഖലീഫയുടെ ജോലി ആത്മീയമായ തർബിയത്താണ്. അതിന്റെ ആവശ്യം എപ്പോഴാണുണ്ടാവുകയെന്നു ആർക്കും പറയുവാൻ സാധിക്കുകയില്ല. ഒരുപക്ഷേ നാളെ തന്നെ അതിന്റെ ആവശ്യമുണ്ടായെന്നു വരാം. അതിനാൽ ഖിലാഫത്തിന്റെ ആവശ്യമുണ്ടോ ഇല്ലയോയെന്നതിനെ കുറിച്ചു താങ്കൾ അഭിപ്രായം പറയേണ്ടതില്ല. അപ്പോൾ അദ്ദേഹം പറഞ്ഞു ചില കാര്യങ്ങളിൽ ഞങ്ങൾക്കു എതിരഭിപ്രായമുണ്ട് അതുകൊണ്ട് സമയം വേണം.

മിയാ സാഹിബ് പറഞ്ഞു ഞങ്ങളിൽ അഭിപ്രായ ഭിന്നത ഉണ്ടെന്നും ഒരു സംഘം മറ്റൊരു സംഘത്തെ അംഗീകരിക്കാനോ ബൈഅത്തു ചെയ്യാനോ തയ്യാറല്ലെന്നു താങ്കൾ പറഞ്ഞത് ശരിയല്ല. താങ്കൾ താങ്കളുടെ ഭാഗത്തു നിന്നും ഒരാളെ ഖലീഫയായി നിശ്ചയിച്ചു കൊള്ളു. അയാളുടെ കൈയിൽ ഞാനാദ്യം ബൈഅത്തു ചെയ്യാം എങ്കിൽ എന്നെ തുടർന്നു മറ്റുള്ളവരും അദ്ദേഹത്തെ ഖലീഫയായി അംഗീകരിച്ചു കൊണ്ട് അദ്ദേഹത്തിന്റെ കൈയിൽ ബൈഅത്തു ചെയ്യുമെന്നു എനിക്കുറപ്പാണ്. ഈ കാര്യം പല രീതിയിൽ അദ്ദേഹത്തോടു പറഞ്ഞിട്ടും അതിന്റെ എല്ലാ വശങ്ങളും അദ്ദേഹത്തിനു മുന്നിൽ വിശദീകരിച്ചിട്ടും ഇതു താങ്കൾ വെറുതെ പറയുന്നതാണെന്നും ഇതു അസംഭവ്യമാണെന്നും അതിനാൽ ഏതാനും മാസത്തേയ്ക്കു ഈ എല്ലാ പ്രക്രിയകളും നിർത്തി വെക്കുന്നതാണു ഉചിതമെന്നും അദ്ദേഹം പറഞ്ഞു കൊണ്ടിരുന്നു.

മിയാ സാഹിബ് തുടർന്നു പറയുകയാണ് ഒരു തരത്തിലും ഞാൻ പറയുന്നത് മൗലവി മുഹമ്മദ് അലി സാഹിബ് വിശ്വസിക്കാനോ അതംഗീകരിക്കാനോ തയ്യാറാകാതിരുന്നപ്പോൾ ഞാൻ പറഞ്ഞു മൗലവി സാഹിബ്, താങ്കളും ഞാനും ഈ ജമാഅത്തിലെ രണ്ടു അംഗങ്ങളാണ്. ആ നിലയ്ക്കു നമ്മൾ രണ്ടു പേരും ഒരു കാര്യം തീരുമാനിച്ചു മുഴുവൻ ആളുകളോടും അതനുസരിച്ച് പ്രവർത്തിക്കാൻ പറയാൻ നമുക്കെന്ത് അധികാരമാണുള്ളത്? അതിനാൽ താങ്കൾ താങ്കളുടെ ആളുകളുമായും ഞാൻ ഞങ്ങളുടെ സഹോദരന്മാരുമായി കൂടിയാചന നടത്താം. എന്റെ സ്നേഹിതർ താങ്കളുടെ അഭിപ്രായം അംഗീകരിക്കുകയാണെങ്കിൽ അതോടെ പ്രശ്നം കഴിഞ്ഞു. താങ്കൾ അഭിപ്രായപ്പെട്ടതു പോലെ പ്രവർത്തിക്കുകയും ആറു മാസം വരെ ഖിലാഫത്തു തെരഞ്ഞെടുപ്പിനു കാത്തിരിക്കുകയും ചെയ്യാം. എന്നാൽ അവരത് അംഗീകരിക്കുകയില്ലെങ്കിൽ അവിടെ അഭിപ്രായ ഭിന്നതയുണ്ടാവും. അതുപോലെ നിബന്ധനകൾക്കോ നിയന്ത്രണങ്ങൾക്കോ വിധേയനല്ലാത്ത ജമാഅത്തിനാൽ പൂർണമായും അനുസരിക്കപ്പെടുന്ന ഒരു ഖലീഫയുടെ തെരഞ്ഞെടുപ്പ് ഉടനെ നിലവിൽ വരണമെന്നു ഞാൻ അഭിപ്രായപ്പെട്ടതിനെ താങ്കളുടെ ആളുകൾ അംഗീകരിക്കുകയാണെങ്കിൽ അവിടേയും പ്രശ്നങ്ങളില്ല. എന്നാൽ താങ്കളുടെ ആളുകൾ എന്റെ അഭിപ്രായത്തെ അംഗീകരിക്കുകയില്ലെങ്കിൽ അവിടേയും അഭിപ്രായ ഭിന്നതയുണ്ടാവും. അപ്പോഴേക്കും മഗ്രിബ് ബാങ്ക് വിളിച്ചു. മിയാ സാഹിബ് പറയുകയാണ് ദീർഘ നേരം വഴിയിൽ നിന്നുകൊണ്ട് സംസാരിച്ചിട്ടും ഒരു തീരുമാനവും ഉണ്ടാകാതിരുന്നതിനാൽ പിറ്റെ ദിവസം രാവിലെ പത്തു മണിക്കു വീണ്ടും കാണാമെന്ന തീരുമാനത്തിൽ ഞങ്ങൾ രണ്ടു പേരും പിരിഞ്ഞു.

### മയ്യത്തു കുളിപ്പിക്കലും കഫൻ ചെയ്യലും

വെള്ളിയാഴ്ച മഗ്രിബ് നമസ്ക്കാരാനന്തരം ഇശാ നമസ്ക്കാരത്തിനു മുമ്പ് ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ മയ്യത്ത് കുളിപ്പിക്കാനായി എടുത്തു. ഹദ്റത്ത് മൗലാനാ ശേർ അലി സാഹിബായിരുന്നു കുളിപ്പിച്ചിരുന്നത്. സഹായത്തിന്നായി മുഫ്ത്തി ഫസ്ലുർ റഹ്മാൻ സാഹിബ് ഹദ്റത്ത് മൗലാനാ സർവർ ശാഹ് സാഹിബ്, ഹദ്റത്ത് ഖാസി അമീർ ഹുസൈൻ സാഹിബ്, മിയാ നജ്മുദ്ദീൻ സാഹിബ്, മൗലാനാ ഗുലാം മുഹമ്മദ് സാഹിബ് എന്നിവർക്കു പുറമെ ഹുദൂറിന്റെ പ്രധാന ശിഷ്യരിൽ ചിലരും സഹായികളായി അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. കുളുപ്പിച്ച ശേഷം കഫൻ ചെയ്തു ജനാസ നമസ്ക്കാരത്തിനും ഖബറടക്കത്തിനുമായി തയ്യാറായി വെക്കുകയും ചെയ്തു

### കോഠിദാറുസ്സലാമിൽ ഒരു അടിയന്തര മീറ്റിംങ്ങ്

പിറ്റെ ദിവസം ശനിയാഴ്ച രാവിലെ പത്തു മണിക്കു വീണ്ടും കാണാമെന്നു മൗലവി മുഹമ്മദ് അലി സാഹിബിനോടു സമ്മതി

ച്ചതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് സാഹിബ് കോഠി ദാറുസ്സലാമിൽ അന്നു രാത്രി (വെള്ളിയാഴ്ച) ഒരു അടിയന്തര യോഗം ചേരാൻ തീരുമാനിച്ചു. അതിനായി അറുപതു പേരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അതു ഹദ്റത്ത് മൗലവി സയ്യിദ് സർവർ ശാഹ്സാഹിബിനെ ഏൽപിച്ചു കൊണ്ട് അംഗങ്ങളെ വിവരമറിയിക്കേണ്ട ചുമതല അദ്ദേഹത്തിനു നൽകുകയും ചെയ്തു. അൽപം വൈകിയാണെങ്കിലും അറുപതു പേരുടെ ആ യോഗം അന്നു രാത്രി നടക്കുകയുണ്ടായി. ആ യോഗത്തിൽ എല്ലാവരും ചേർന്നുള്ള ചർചയ്ക്കും കൂടിയാലോചനയ്ക്കും ശേഷം നമുക്ക് ഒരു വാജിബുൽ ഇത്വാഅത്ത് ഖലീഫയെ തെരഞ്ഞെടുക്കണമെന്നും ജനാസ നമസ്ക്കരിപ്പിക്കേണ്ടതു ആ ഖലീഫ തന്നെയായിരിക്കണമെന്നും എല്ലാവരും ചേർന്നു ഉറച്ച തീരുമാനമെടുത്തു. ആ യോഗത്തിൽ തന്നെ രാത്രി എല്ലാവരും തഹജ്ജുദ് നമസ്ക്കരിക്കാനും പിറ്റേ ദിവസം നോമ്പനുഷ്ടിച്ചു കൊണ്ട് കാരുണ്യവാനും സർവ ശക്തനുമായ അല്ലാഹു അവൻ ഇഛരിക്കുന്ന പാതയിൽ നമ്മെ നയിക്കുന്നതിനും വേണ്ടി പ്രത്യേകം ദുആ ചെയ്യുവാനും നിർദേശിക്കപ്പെട്ടു.

### പുതിയ ലഘുലേഖയും മുഹമ്മദ് അലി സാഹിബിന്റെ വൻ കുതന്ത്രവും

ഹദ്റത്ത് ഭായി അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനി ലാഹോറിലാണുള്ളത്. അദ്ദേഹം മിയാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് അപേക്ഷിച്ചതനുസരിച്ചു തലേ ദിവസം വ്യാഴാഴ്ച ഖലീഫത്തുൽ മസീഹിന്റെ ചികിത്സക്കായി അത്യാവശ്യമായിരുന്ന കസ്തൂരി വാങ്ങിക്കൊണ്ടുവാനായി ലാഹോറിൽ പോയതായിരുന്നുവല്ലോ? അദ്ദേഹം എഴുതുകയാണ്. ഹുദൂർ വഫാത്തായ വിവരം കമ്പി സന്ദേശത്തിലൂടെ ഞാനവിടെ ഉണ്ടായിരുന്നപ്പോൾ തന്നെ ലാഹോർ ജമാഅത്തിനും ലഭിച്ചു. വിവരമറിഞ്ഞതോടെ ഞാനാകെ തളർന്നു പോയി. ദു:ഖം നിമിത്തം എനിക്കാരോടും സംസാരിക്കാൻ പോലും സാധിക്കുന്നില്ലായിരുന്നു. ഖാദിയാനിൽ മൗലവി മുഹമ്മദ് അലി സാഹിബും കൂട്ടരും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഖിലാഫത്തു വിരുദ്ധ ഫിത്നകളും കുഴപ്പങ്ങളും മൂർദ്ധന്യാവസ്ഥയിലാണുള്ളത്. ഹുദൂറിന്റെ വഫാത്തോടുകൂടി ഇനി മുഹമ്മദ് അലി സാഹിബ് എന്തൊക്കെയായിരിക്കും ചെയ്യുക ജമാഅത്തിന്റെ ഭാവി എന്തായിത്തീരും എന്നും മറ്റും ആലോചിച്ചു ഞാൻ വല്ലാത്ത വേവലാതിയാൽ അസ്വസ്ഥനായിക്കൊണ്ടിരുന്നു. താമസിയാതെ ഖാദിയാനിലേയ്ക്കു പുറപ്പെടാനായി ഞാൻ ലാഹോർ റെയിൽവെ സ്റ്റേഷനിലേയ്ക്കു തിരിച്ചു.

ലാഹോർ ജമാഅത്തിൽ നിന്നുള്ള ധാരാളം പേർക്കു പുറമെ അകലെയുള്ള ജമാഅത്തിൽ നിന്നുള്ള വരും ഖാദിയാനിലേയ്ക്കു പോകുന്നതിനു ലാഹോർ സ്റ്റേഷനിൽ എത്താൻ തുടങ്ങിയിട്ടുണ്ടായിരുന്നു. ഞാൻ ആരോടും സംസാരിക്കാതെ ഒരു മൂലയിൽ ചെന്നിരുന്ന് ജമാഅത്തിന്റെ ഭാവിക്കു വേണ്ടിയും അല്ലാഹുവിന്റെ സഹായവും മാർഗദർശനത്തിനുമായി ദുആയിൽ സമയം കഴിച്ചു കൂട്ടാൻ തീരുമാനിച്ചു. അപ്പോഴാണു ഒരു കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടത്. ലാഹോറിൽ നിന്നുള്ള മിക്കവരുടേയും കൈയിൽ ഒരു ലഘുലേഖയുണ്ട്. പലരും അതു ശ്രദ്ധാപൂർവം വായിക്കുന്നുമുണ്ട്. ചിലർ അതിനെ കുറിച്ചുള്ള ചർചയിലുമാണ്. ദൂരെ ദിക്കിൽ നിന്നും ലാഹോറിലേയ്ക്കു വന്ന ചില തീവണ്ടിയിലും ഖാദിയാനിലേയ്ക്കു പോകാനായി വന്നവരുണ്ടായിരുന്നു. അവരുടെ കയ്യിലും ഞാനാലഘുലേഖ കണ്ടു. അതെന്തിനെ കുറിച്ചുള്ള ലഘുലേഖയാണെന്നറിയാൻ എനിക്കു ജിജ്ഞാസയായി. അവസാനം ഒരു സഹോദര്നിൽ നിന്നു ഞാനൊരെണ്ണം സംഘടിപ്പിച്ചു.

വായിച്ചു കാര്യങ്ങൾ മനസ്സിലാക്കിയപ്പോൾ എന്റെ ഹൃദയത്തിൽ നിന്നും ഞാനറിയാതെ ***ഇന്നാലില്ലാഹി വ ഇന്നാ ഇലെഹി രാജിഊൻ*** എന്ന വിളി അല്ലെങ്കിൽ നിലവിളി ഉയരുകയുണ്ടായി. അതുവരെ ഖലീഫത്തുൽ മസീഹിന്റെ വേർപാടു കൊണ്ടുണ്ടായ വേദനയായിരുന്നു മനസ്സു നിറയെ. ഹൃദയം നുറുങ്ങുകയായിരുന്നു. എന്നാൽ ലഘുലേഖ വായിച്ചശേഷം ആ വേദനയും അരക്ഷിതാവസ്ഥയും ഉൽകണ്ഠയും പതിന്മടങ്ങു വർദ്ധിച്ചു. പ്രതിസന്ധികൾക്കു മേൽ പ്രതിസന്ധികളുടേയും പരീക്ഷണങ്ങൾക്കു മേൽ പരീക്ഷ ണങ്ങളുടേയും ഇരുണ്ട കാർമേഘങ്ങളാണു ജമാഅത്തിനുമേൽ ഉരുണ്ടു കൂടുന്നതെന്നു കണ്ട ഞാൻ ജമാഅത്തിന്റെ ഭാവിയെ കുറിച്ചോർത്തു മുമ്പത്തേക്കാൾ കൂടുതൽ ഭയപ്പെടാൻ തുടങ്ങി. എന്റെ സകല സമാധാനവും ശക്തിയും ഊർജവും നഷ്ടപ്പെട്ടു. ഞാനൊരു ജീവച്ഛവമായി. എല്ലാവരിൽ നിന്നും ഒഴിഞ്ഞു പ്ലേറ്റ്ഫോമിന്റെ ഒരു ഭാഗത്തു ചെന്നിരുന്നു ആലോചിക്കാൻ തുടങ്ങി. ആറു വർഷം മുമ്പ് ഏറെക്കുറേ ഇതേ ചുറ്റുപാടിൽ ഇതേ തീവണ്ടിയിൽ എനിക്കും യാത്ര ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, അന്നത്തേയും ഇന്നത്തേയും അവസ്ഥകൾക്കു അജഗജാന്തരമുണ്ട്.

അന്നു ഹദ്റത്ത് മസീഹ് മൗഊദിﷺന്റെ ഭൗതിക ശരീരവുമായി സഹാബാക്കൾ ഖാദിയാനിലേയ്ക്കു പോവുകയായിരുന്നു. എല്ലാവരും ദു:ഖം സഹിക്കാനാവാതെ

മാനസികമായും ശാരീരികമായും തകർന്നിട്ടാണുണ്ടായിരുന്നത്. എങ്കിലും എല്ലാവരും ഒന്നിച്ചിരുന്ന് അല്ലാഹുവിനോടു മാർഗദർശനത്തിനും പുതിയൊരു നേതൃത്വത്തിനും വേണ്ടി ഏങ്ങലടിച്ചു ദുആ ചെയ്തു കൊണ്ടിരിക്കുകയായിരുന്നു.ഹദ്റത്ത് മസീഹ് മൗഊദിﷺന്റെ പരിശുദ്ധ മൃതശരീരവും വഹിച്ചു ദുആയുടേയും തസ്ബീഹ്, തഹ്മീദിന്റേയും അകമ്പടിയോടെ ഖാദിയാനിലേയ്ക്കുള്ള പരിശുദ്ധരുടെ ആ യാത്രാ സംഘത്തെ വേണമെങ്കിൽ മലക്കുകളുടെ സംഘമെന്നു വിശേഷിപ്പിക്കാം. എന്നാൽ ഇന്നു കാര്യങ്ങൾ അങ്ങനെയല്ല. ഇവിടെ ഫിത്നയും ഫസാദും ഭിന്നിപ്പും ഒരാൾ മറ്റൊരാളെ തകർക്കാനും ഇല്ലാതാക്കാനും ശ്രമിക്കുന്ന അവസ്ഥയാണുള്ളത്.

ഖിലാഫത്തു നിഷേധികളുടേയും വിരോധികളുടേയും തലവനായ മൗലവി മുഹമ്മദ് അലി സാഹിബിന്റെ അങ്ങേയറ്റം നീചമായ ഒരു ഗൂഢാലോചനയുടെ പരിണിതഫലമാണു ഈ ലഘുലേഖ. ഇരുപത്തിഒന്നു പേജുകളുള്ള ഈ ലഘുലേഖയുടെ ഫിത്നയെ കുറിച്ചും അതു ജമാഅത്തിൽ ഉണ്ടാക്കാൻ പോകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ചും ചിന്തിച്ചു ഞാനെന്റെ തലയും താങ്ങി ഒരു ഭാഗത്തു ചെന്നിരുന്നു. അതിപ്രധാനമായ ഒരറിയിപ്പ് (ایک نہایت ضروری اعلان - ഏക്നിഹായത്ത് സരൂരി ഇഅ്ലാൻ) എന്ന പേരിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ വഫാത്താകുന്നതിനു എത്രയോ മുമ്പു മൗലവി മുഹമ്മദ് അലി സാഹിബ് രഹസ്യമായി അച്ചടിപ്പിച്ചു തയ്യാറാക്കിയതായിരുന്നു പ്രസ്തുത ലഘുലേഖ. ഹുദൂറിന്റെ വിയോഗ വാർത്ത ലഭിച്ചയുടനെ അവർ ഇതെല്ലായിടത്തും വ്യാപകമായ തോതിൽ വിതരണം ചെയ്യാനാരംഭിച്ചു. പുറത്തുള്ള ജമാഅത്തുകൾക്കു തപാലിൽ അയക്കുവാനായി പാക്കറ്റുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ മരണം ആസന്നമാണെന്നു നേരത്തെ കണക്കു കൂട്ടി ദൂരെ ദിക്കിലുള്ള ജമാഅത്തുകൾക്കു കാലേകൂട്ടി ഇവർ അയച്ചു കൊടുത്തിട്ടുണ്ടെന്നും പലരിൽ നിന്നും അറിയാൻ കഴിഞ്ഞു. ലഘുലേഖയിൽ നിന്നുള്ള ചില ഭാഗങ്ങളും ഉദ്ധരണികളും ഇങ്ങനെയാണ്.

1. നാൽപതു പേർ ഒരാളുടെ കയ്യിൽ ബൈഅത്തു ചെയ്തിട്ടുണ്ടെന്നോ മറ്റുള്ളവരിൽ നിന്നും ബൈഅത്തു സ്വീകരിക്കാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നോ ഉള്ള വല്ല വിവരവും നിങ്ങൾക്കു ലഭിക്കുകയാണെങ്കിൽ നല്ലവണ്ണം ഓർക്കുക ഹദ്റത്ത് മസീഹ് മൗഊദിﷺന്റെ വസീയത്ത് അനുസരിച്ച് അഹ്മദിയാ ജമാഅത്തിൽ ഇതുവരേയും അംഗമല്ലാത്തവർക്കു ജമാഅത്തിൽ പ്രവേശിക്കാനായി മസീഹ് മൗഊദിന്റെ പേരിൽ ബൈഅത്തു സ്വീകരിക്കാൻ അയാൾക്കു അർഹതയുണ്ട്. എന്നാൽ ജമാഅത്തിൽ അയാൾക്കു ഇതിൽ കൂടുതൽ യാതൊരു സ്ഥാനമാനങ്ങളും കൽപിക്കപ്പെടാവതല്ല. ഇതിനു വാക്കുകളിലൂം എഴുത്തിലൂടേയുമുള്ള ഹദ്റത്ത് മസീഹ് മൗഊദിﷺന്റെ സാക്ഷ്യം ശ്രദ്ധേയമാണ്. 'അയാൾ എന്റെ പേരിൽ ബൈഅത്തു സ്വീകരിക്കട്ടെ' എന്നാണ്. ഇവിടെ ഹുദൂർ പറഞ്ഞിരിക്കുന്നത്. ഇത് ഒരാളെ അഹ്മദിയാ ജമാഅത്തിൽ പ്രവേശിപ്പിക്കാൻ വേണ്ടി മാത്രമുള്ളതാണെന്നും മറ്റൊരു ഉദ്ദേശ്യവും ഇതിനു പിന്നിലില്ലെന്നും വ്യക്തമാണ്. പിന്നീട് ജമാഅത്തിലെ നേരത്തെ ബൈഅത്തു ചെയ്തിട്ടുള്ള ഭക്തരായ ആളുകളുടെ ബൈഅത്തിന്റെ കാര്യം വന്നപ്പോൾ ഹുദൂർ പറഞ്ഞത് 'എല്ലാവരേയും ഏക ദീനിൽ (ദീനെ വാഹിദയിൽ) ഒരുമിച്ചു കൂട്ടുക'എന്നാണ്. ഇവിടേയും ജമാഅത്തിൽ പ്രവേശിപ്പിക്കുന്ന കാര്യം തന്നേയാണു ഹുദൂർ പറഞ്ഞിരിക്കുന്നത്. അല്ലാതെ ബൈഅത്തെ തൗബയുടെ കാര്യമല്ല ഇവിടെ പ്രസ്താവിച്ചിരിക്കുന്നത് എന്നതു സ്പഷ്ടമാണ്.

2. ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള ഒരാൾക്ക് വീണ്ടും പുതുതായി ബൈഅത്തു ചെയ്യേണ്ടയാതൊരു ആവശ്യമില്ലെന്ന കാര്യമാണ് എനിക്കു നിങ്ങളോടു രണ്ടാമതായി പറയുവാനുള്ളത്.

3. സദർ അഞ്ചുമൻ അഹ്മദിയായിലെ സെക്രട്ടിമാരെ ഹദ്റത്ത് മസീഹ് മൗഊദ്ﷺസ്വന്തമായി നാമ നിർദേശം ചെയ്യുകയും അവർ തന്റെ പ്രതിനിധികളും പിൻഗാമികളായിരിക്കുമെന്നു വസീയത്തിൽ പ്രഖ്യാപിക്കുകയും ദുആ ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന കാര്യമാണ് എനിക്കു നിങ്ങളോടു മൂന്നാമതായി പറയുവാനുള്ളത്. കൂടാതെ അഞ്ചുമൻ സ്ഥാപിച്ചതിനു ഒന്നേമുക്കാൽ കൊല്ലത്തിനു ശേഷം ഹുദൂറിന്റെ വഫാത്തിനു കേവലം എട്ടൊമ്പതു മാസങ്ങൾക്കു മുമ്പ് അഞ്ചുമന്റെ തീരുമാനങ്ങൾ ഹുദൂറിന്റെ കാല ശേഷം അന്തിമമായിരിക്കുമെന്നും ഹുദൂർ സ്വന്തം കൈപ്പടയിൽ എഴുതിയിട്ടുള്ളതും വളരെ പ്രധാനപ്പെട്ട തുമായ കാര്യമാകുന്നു.

4. അഞ്ചുമനെ തകർക്കുന്നതിനു വേണ്ടി ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ഖിലാഫത്തിന്റെ ആരംഭ കാലത്തു തന്നെ വലിയ ശ്രമങ്ങൾ നടക്കുകയുണ്ടായി. അതിന്റെ ഭാഗമായി ഖലീഫയുടെ എല്ലാ തീരുമാനങ്ങളും പാലിക്കാനും നടപ്പിൽ വരുത്തുവാനും അംഗങ്ങൾ ബാദ്ധ്യസ്ഥരായിരിക്കുമെന്നും അതുപോലെ മെമ്പർമാരിൽ ആരെ വേണമെങ്കിലും അഞ്ചുമനിൽ നിന്നു പുറത്താക്കാനും ആരെ വേണമെങ്കിലും അംഗമാക്കാനുമുള്ള അധികാരം ഖലീഫയ്ക്കു നൽകുന്ന

തരത്തിലുള്ള ഭേദഗതികൾ അഞ്ചുമന്റെ ചട്ടങ്ങളിൽ കൂട്ടിച്ചേർക്കാൻ വലിയ ശ്രമങ്ങൾ നടക്കുകയുണ്ടായി. യഥാർഥത്തിൽ ഇത് അഞ്ചുമനെ ഇല്ലായ്മ ചെയ്യുന്നതിനു തുല്യമാണ്. ആയതിനാൽ നമ്മുടെ ജമാഅത്തിലെ ഇത്തരത്തിലുള്ള അപകടത്തെ കുറിച്ചും അത്തരക്കാരുടെ ഗൂഢ ലക്ഷ്യങ്ങളെകുറിച്ചും ഞാൻ നിങ്ങൾക്കു മുന്നറിയിപ്പു നൽകുകയാണ്. അതുകൊണ്ട് മേലിൽ ഇത്തരത്തിലുള്ള വല്ല ശ്രമവും കാണുകയാണെങ്കിൽ അതിനെ ശക്തമായി എതിർക്കേണ്ടത് നിങ്ങൾ ഓരോരുത്തരുടേയും നിർബന്ധ കടമയിൽപെട്ടതാണ്. ഇതു ജമാഅത്തിന്റെ അസ്ഥിവാരത്തിനു തന്നെ ക്ഷത മേൽപിക്കുന്ന അതിക്രമമാണ്. ഇതു ഹദ്റത്ത് മസീഹ് മൗഊദിعليه السلامന്റെ കൈകളാൽ നട്ട ചെടിയെഇല്ലാമ ചെയ്യുന്നതിനു തുല്യമാണ്.

5. മൗലവി മുഹമ്മദ് അലി സാഹിബ് പറയുകയാണ്. നിങ്ങൾ അൽവസീയത്തിനെയാണു പിന്തുടരേണ്ടത്.

അതിനെയാണു നിങ്ങൾ മുറുകെ പിടിക്കേണ്ടത്. അത് അല്ലാഹുവിനാൽ നിയോഗിതനായ ഒരാളുടെ വചനങ്ങളാണെന്നു മനസ്സിലാക്കണം. വാഗ്ദത്ത മസീഹ് عليه السلام തന്റെ ജീവിതകാലം മുഴുവനും അഞ്ചുമൻ അല്ലാഹുവിനാൽ നിയമിതനായ ഖലീഫയുടെ പ്രതിനിധിയും പിൻഗാമിയുമാണെന്നാണു വിശ്വസിച്ചു കൊണ്ടിരുന്നത്. അതു പോലെ മുസ്‌ലിംകളെ കാഫിറാക്കുന്നവർ തഖ്‌വയുടെ പാതയിൽ നിന്നും ദൂരെയാ ണെന്നും അവർ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞ ജനസമ്മതിയുടെ വിശേഷണത്തിൽ നിന്നും അകന്നവരാണെന്നും എനിക്കു നിർഭയം പറയുവാൻ സാധിക്കും.

ഈ ലഘുലേഖയിൽ ജമാഅത്തിന്നെതിരിലും ഖിലാഫത്തു വിരുദ്ധവുമായ കാര്യങ്ങൾ പലതും വിശദമായി പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. ചുരുക്കത്തിൽ വാജിബുൽ ഇതാഅത്ത് ആയിട്ടുള്ള (നിർബന്ധമായും അനുസരിക്കപ്പെടേണ്ട, ചോദ്യം ചെയ്യപ്പെടാനാകാത്ത) ഒരു ഖിലാഫത്തിനെ ഒരിക്കലും അംഗീകരിക്കരുതെന്നും ജമാഅത്തിൽ ഖിലാഫത്തു വ്യവസ്ഥിതിയുടെ യാതൊരാവശ്യവുമില്ലെന്നും മസീഹ് മൗഊദ് عليه السلام അഞ്ചുമനെയാണു തന്റെ പിൻഗാമിയും പ്രതിനിധിയുമാക്കിയിട്ടുള്ളതെന്നും പലയിടത്തും വിശദീകരിച്ചിട്ടുണ്ടായിരുന്നു. കൂടാതെ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ വസീയത്തിനു വില കൽപിച്ചു എന്നു വരുത്തിത്തീർക്കുന്നതിനായി മുത്തഖിയായ ഒരാളെ അമീറാക്കാമെന്നും എന്നാൽ അയാൾ അനഹ്മദികളെ കാഫിർ എന്നു പറയുന്നയാളാണെങ്കിൽ അയാൾ ഒരിക്കലും മുത്തഖിയുടെ ഗണത്തിൽപ്പെടുകയില്ലെന്നും വ്യക്തമാക്കീട്ടുണ്ടായിരുന്നു.

(തുടരും). .

**പേജ് 8 ൽ നിന്ന്**

രമാകുന്നു. നബി(സ) ആ സ്ത്രീകളെ അവരെ വിലക്കുകയും ചെയ്തു അതേസമയം അവരോട് നന്ദി പ്രകടിപ്പിക്കുകയും ചെയ്തു. ഇത്രയും സങ്കീർണമായ ഘട്ടത്തിലും നബി(സ) സ്വീകരിച്ച ഈ നിലപാട് നമുക്ക് വളരെ ഉന്നത രീതിയായി കാണപ്പെടുന്നു.

നബി(സ) വീട്ടിലെത്തി തന്റെ മകൾ ഫാത്വിമക്ക് തന്റെ വാൾ കൊടുത്തുകൊണ്ട് പറഞ്ഞു: എന്റെ പ്രിയ മകളേ, ഈ വാളിലുള്ള രക്തം കഴുകി വൃത്തിയാക്കൂ. അല്ലാഹുവാണെ, ഇന്ന് ഈ വാൾ അതിന്റെ കടമ യഥാവിധി നിറവേറ്റിയിരിക്കുന്നു. പിന്നെ ഹദ്റത്ത് അലിയും തന്റെ വാൾ ഹദ്റത്ത് ഫാത്വിമക്ക് കൊടുത്തുകൊണ്ട് പറഞ്ഞു: ഇതിൽ പറ്റിപ്പിടിച്ചിരിക്കുന്ന രക്തം കഴുകി വൃത്തിയാക്കൂ, തുടർന്ന് നബി(സ) മറ്റു ചില സ്വഹാബാക്കളുടെ പേരെടുത്ത് പറഞ്ഞുകൊണ്ട് അവരും നല്ലപോലെ ധീരത പ്രകടിപ്പിക്കുകയുണ്ടായി എന്ന് പറഞ്ഞു.

ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: തന്റെ ജാമാതാവ് മറ്റ് സ്വഹാബാക്കൾക്ക് അസ്വസ്ഥതയുണ്ടാക്കുന്ന എന്തെങ്കിലും പറയുന്നത് നബി(സ)ന് സഹിക്കാൻ കഴിയുമായിരുന്നില്ല.

ഉഹുദ് യുദ്ധസംഭവങ്ങൾ ഇവിടെ അവസാനിക്കുകയാണ്. അടുത്തത് ഹംറാഉൽ അസദ് എന്ന യുദ്ധമാണ്. അത് ഹിജ്റ മൂന്നാം വർഷം ശവ്വാൽ മാസത്തിലാണ് ഉണ്ടായത്. ഈ യുദ്ധം വാസ്തവത്തിൽ ഉഹുദ് യുദ്ധത്തിന്റെ തന്നെ ഭാഗവും അനുബന്ധവും ആയിരുന്നു. ഹംറാഉൽ അസദ് യുദ്ധത്തിന്റെ ഫലങ്ങളുടെ വെളിച്ചത്തിൽ ഉഹുദ് യുദ്ധം യഥാർഥത്തിൽ മുസ്‌ലിംകളുടെ തന്നെ വിജയമായി വിലയിരുത്തപ്പെടുകയും ചെയ്യുന്നു. ഏതായാലും ഈ വിവരണം ഇൻശാ അല്ലാഹ് തുടർന്നും ഉണ്ടായിരിക്കുന്നതാണ്.

ഞാൻ പൊതുവിൽ ദുഃആക്ക് വേണ്ടി ആഹ്വാനം ചെയ്യാറുള്ള താണ് അടുത്ത കാര്യം. ദുഃആകൾ തുടർന്നുകൊണ്ടിരിക്കുക. വിചാരിച്ചതും ആശങ്ക ഉണ്ടായിരുന്നതുംപോലെ ഇറാനെ ഇസ്റായീൽ നേരിട്ടും ആക്രമിച്ചിരിക്കുന്നുവെന്ന് എല്ലാവർക്കും അറിയാം. ഇനി അവസ്ഥകൾ കുറേക്കൂടി മോശമാകുന്നതാണ്. ആഗോള യുദ്ധത്തിന് കൂടുതൽ പ്രേരിപ്പിക്കുന്ന ഈ ഭൗതിക നേതാക്കന്മാർക്ക് അല്ലാഹു വിവേകം നൽകുമാറാകട്ടെ. മുസ്‌ലിം ഉമ്മത്തിനും ഒന്നായി നിന്നുകൊണ്ട് തങ്ങളുടെ എതിരാളിയെ നേരിടാൻ കഴിയുന്നതിനും യുക്തിയെ അവലംബിക്കാനും അല്ലാഹു വിവേകവും ബുദ്ധിയും നൽകുമാറാകട്ടെ.

തുടർന്ന് ഹുസൂർ മുബല്ലിഗ് ആയിരുന്ന മൗലാനാ ഗുലാം അഹ്മദ് സാഹിബ് നസീം യു.എസ്.എ., അമേരിക്കയിലെ മുൻ അമീർ ഡോ. ഇഹ്സാനുല്ലാഹ് സഫർ സാഹിബ് എന്നീ മർഹൂമീങ്ങളെ അനുസ്

മരിക്കുകയും അവരുടെ ജനാസ ഗാഇബ് നമസ്കരിക്കുന്ന താണെന്നു വിളംബരപ്പെടുത്തുകയും ചെയ്തു.

പേജ് 15 ൽ നിന്ന്

ത്ത് നിന്നും ഏതാനും അടി അകലെ എന്റെ കാർ നിർത്തുവാൻ എനിക്ക് സാധിച്ചു. ഇവിടെയും ഡ്രൈവർമാർക്ക് അപകടത്തിന്റെ മുന്നറിയിപ്പ് നൽകുന്ന യാതൊരു മുന്നറിയിപ്പുമില്ലായിരുന്നു. ഞങ്ങൾ കാറിൽ നിന്നിറങ്ങി. കുറച്ച് അടുത്ത് നിന്ന് രംഗം വീക്ഷിച്ചു. ആ ഭീകര രംഗം അപ്പോഴാണ് ഞങ്ങൾ കണ്ടത്. കുഴിയെടുത്ത സ്ഥലം വളരെ വലുതായിരുന്നു. ഒരു ബസ്സ് മുഴുവനും അതിൽ വീണു കിടക്കുന്നുണ്ടായിരുന്നു. ബസ്സിന്റെ അവശിഷ്ടങ്ങൾ അവിടെ കാണാമായിരുന്നു. ദിനേന സംഭവിക്കുന്ന ഇത്തരം അപകടങ്ങളിൽ നിന്നുമുള്ള രണ്ട് സംഭവങ്ങളാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്.

ജനങ്ങളിൽ നിന്നും നീതി പ്രാഥമിക രൂപത്തിൽ തന്നെ തടയപ്പെടുമ്പോൾ അതിന്റെ പ്രത്യാഘാതം വമ്പിച്ചതായിരിക്കാമെന്ന് ഇത്കൊണ്ട് തന്നെ സ്ഥാപിക്കാനാവും. അത്തരം സമൂഹങ്ങളിൽ മറ്റു മൗലികാവകാശങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്ന് നമുക്ക് സങ്കൽപ്പിക്കാനാവും. അതായത് ആ സന്ദേശത്തിന്റെ കാതൽ എന്താണെന്ന് വെച്ചാൽ മുസ്‌ലിം സമൂഹം നീതിയുടെ മുന്നറിയിപ്പുകൾ അത് ഏറ്റവും താഴ്ന്ന വിതാനത്തിലായാൽ പോലും അവഗണിക്കാൻ പാടില്ല എന്നാണ്.

The Official Website of
the Ahmadiyya Muslim Community
AL-ISLAM

പേജ് 17 ൽ നിന്ന്

നിവേശത്തിന് ശേഷം പുരാതന കാലത്ത് പലരും വടക്കേ ആഫ്രിക്കയിലേക്ക് പലായനം ചെയ്തിരുന്നു. മൊറോക്കോയിൽ, പൊതുവർഷം 789-ൽ ഫെസ് നഗരം സ്ഥാപിതമായതിനുശേഷം, ആഫ്രിക്ക, മിഡിൽ ഈസ്റ്റ്, ഏഷ്യ എന്നിവിടങ്ങളിൽ മുസ്‌ലിം സമൂഹങ്ങൾ സ്ഥാപിതമായതിനാൽ ലോകമെമ്പാടും വളരുന്ന വ്യാപാരത്തിൽ നിന്ന് പ്രയോജനം നേടുന്നതിനായി നിരവധി ജൂതന്മാർ സ്ഥിരതാമസമാക്കി. ജൂത സമൂഹം അവരുടെ സ്വന്തം ദൈവശാസ്ത്ര പഠന കേന്ദ്രങ്ങൾ (യെഷിവോട്ട്) സ്ഥാപിക്കുകയും നിരവധി രാജ്യങ്ങളിൽ നിന്നുള്ള പണ്ഡിതന്മാരെയും കവികളെയും ആകർഷിക്കുകയും ചെയ്തു.

തുടർന്നുള്ള നൂറ്റാണ്ടുകളിലെ വസീറുകളിൽ ചിലർ അബു അയ്യൂബ് സോളമൻ, എബ്രഹാം ഇബ്ൻ മെയിർ, സോളമൻ ഇബ്ൻ ഫാറൂസാൽ തുടങ്ങിയ ജൂതന്മാരായിരുന്നു. എന്നിരുന്നാലും, വടക്കൻ ആഫ്രിക്കയിൽ അൽമോറാവിഡുകൾ, അൽമോഹദുകൾ തുടങ്ങിയ വിവിധ വിഭാഗങ്ങൾ നിയന്ത്രണം ഏറ്റെടുത്തതോടെ ജൂത സമൂഹത്തിന്റെ ഭാഗ്യം ഏറ്റക്കുറച്ചിലുകൾ നേരിട്ടു.

### ഉപസംഹാരം

അതിനാൽ, നമ്മൾ കാനുന്നതു പോലെ, 1,400 വർഷത്തിലേറെയായി, മുസ്‌ലിംകളും ജൂതന്മാരും തങ്ങൾക്ക് വ്യത്യാസങ്ങളേക്കാൾ പരസ്പരം സാമ്യമുണ്ടെന്ന് തിരിച്ചറിയുകയും സഹവർത്തിത്വത്തിലും അഭിവൃദ്ധിയിലും കഴിയുകയും ചെയ്തു. ഇരുകൂട്ടരും പൊതുവായ പൈതൃകവും ചരിത്രവും സമാന മതപരമായ ആചാരങ്ങളും പങ്കിടുന്നു.

അവർ തമ്മിലുള്ള ബന്ധങ്ങൾ എല്ലായ്പ്പോഴും എല്ലാം തികഞ്ഞതാണെന്ന് ഇതിനർത്ഥമില്ല. രണ്ട് സമുദായങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളും അതിക്രമങ്ങളും പോലും നടന്ന നിരവധി ഉദാഹരണങ്ങളുണ്ട്. എന്നാൽ ഇവ ഫലസ്തീനും ഇസ്റായേലും തമ്മിലുള്ള നിലവിലെ പോരാട്ടങ്ങൾ പോലെ മതത്തേക്കാൾ രാഷ്ട്രീയത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണ്. സംഘർഷം രൂക്ഷമാകുമ്പോൾ, സമാധാനത്തിനായി ജൂതന്മാരും മുസ്‌ലിംകളു ഒന്നിച്ചു ശബ്ദമുയർത്തുക.

ലേഖനത്തിൽ നമ്മൾ കാണിച്ചതുപോലെ, ക്രിസ്ത്യൻ രാജ്യങ്ങളിൽ പീഡനം നേരിടുന്ന ജൂതന്മാർ അഭയം തേടി മുസ്‌ലീം പ്രദേശങ്ങളിലേക്ക് പലായനം ചെയ്യുകയും അഭിവൃദ്ധി പ്രാപിക്കാൻ കഴിയുകയും ചെയ്തതോ അല്ലെങ്കിൽ മുസ്‌ലീം പ്രദേശങ്ങളിൽ ജൂത, ക്രിസ്ത്യൻ സമൂഹങ്ങൾക്ക് അഭിവൃദ്ധി പ്രാപിക്കാൻ കഴിഞ്ഞതോ ആയ നിരവധി ഉദാഹരണങ്ങളുണ്ട്.

എഴുത്തുകാരനെ കുറിച്ച് റിവ്യൂ ഓഫ് റിലീജിയൻസിന്റെ ലോക മതവിഭാഗത്തിന്റെ എഡിറ്ററാണ് ഫസൽ അഹമ്മദ്. ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ഗ്ലോബൽ ഓപ്പറേഷൻസ് ഡയറക്ടറായും സേവനമനുഷ്ഠിക്കുന്ന അദ്ദേഹം 54 രാജ്യങ്ങളിലെ, പ്രധാനമായും ആഫ്രിക്ക, ദക്ഷിണേഷ്യ, മധ്യ അമേരിക്ക എന്നിവിടങ്ങളിലെ ദാരിദ്ര്യ നിർമാർജന പദ്ധതികളുടെ ചുമതല വഹിക്കുന്നു.

### പരാമർശങ്ങൾ

അഹമ്മദ്, എം. ബി. എം, (2012) ലൈഫ് ഓഫ് മുഹമ്മദ് (സോ) ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ് ലിമിറ്റഡ്, ടിൽഫോർഡ്, യുകെ

അസീസ്, എ., (2012) ശരിയായ മാർഗനിർദേശമുള്ള ഖലീഫമാരുടെ യുഗം: ഉമർ ഇബ്നു അൽ ഖത്താ

ബ്, ദാറുസ്സലാം, റിയാദ്, സൌദി അറേബ്യ

ഫ്ലെച്ചർ, ആർ., (1994) മൂറിഷ് സ്പെയിൻ, ഫീനിക്സ് (ഓറിയോൺ ബുക്സ് ലിമിറ്റഡ്) ലണ്ടൻ, യുകെ

ജോൺസ്, സി., (2010) സ്പെഷ്യൽ ഇഷ്യൂ: ദ ഹോളി ലാൻഡ്, നാഷണൽ ജിയോഗ്രാഫിക്, 26 ജനുവരി 2010, യുഎസ്എ.

നോബ്ലോക്ക്, ഇ., (2001) മോണുമെന്റ്സ് ഓഫ് സെൻട്രൽ ഏഷ്യ, ക. ബി. ടോറസ്, ന്യൂയോർക്ക്, യുഎസ്എ

Jewish and Muslim Co-Existence, 11th January 2024.

പേജ് 25 ൽ നിന്ന്

മ്പോൾ ചില വെളുത്ത പറവകൾ വന്ന് തന്നെ രക്ഷിക്കുന്നതായി കണ്ട സ്വപ്നം ഓർമ വരികയുണ്ടായി. അവർ ജമാഅത്തിന്റെ പുസ്തകങ്ങൾ വായിക്കുകയും ഇസ്തിഖാറ നമസ്കരിക്കുകയും പിന്നീട് ജമാഅത്തിൽ ബയ്അത്ത് ചെയ്ത് പ്രവേശിക്കുകയുമുണ്ടായി.

### കർമങ്ങൾ പറവകളെ പോലെ

***“എല്ലാ ഓരോ മനുഷ്യന്റെയും കർമഫലം നാം അവന്റെ കഴുത്തിനോട് ബന്ധിച്ചിരിക്കുന്നു. പുനരുത്ഥാനനാളിൽ ഒരു പുസ്തകം അവനുവേണ്ടി നാം പുറത്തുകൊണ്ടുവരുകയും ചെയ്യും. അത് തുറന്നുവെക്കപ്പെട്ടതായി അവൻ കാണുന്നതാണ്”.*** (ഖുർആൻ 17:14).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; ഈ ആയത്തിൽ പ്രയുക്തമായ ‘ത്വാഇർ’ എന്ന പദം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. ഇതിന്റെ ശബ്ദാർത്ഥം പറവ എന്നാണെങ്കിലും ഉപമാലങ്കാരമായി ‘കർമ്മം’ എന്ന അർത്ഥത്തിലാണ് ഇവിടെ ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. എന്തെന്നാൽ നല്ലതോ ചീത്തയോ ആയ ഏത് കർമ്മവും സംഭവാനന്തരം പറവയെപ്പോലെ പറന്നു മറഞ്ഞു പോകുന്നു. അതായത് ആ കാര്യത്തിന്റെ നിർവ്വഹണത്തോടുകൂടി അതിനായി കൊണ്ട് അനുഭവിച്ച ക്ലേശമോ തദവസരത്തിൽ അനുഭവപ്പെട്ട ആനന്ദമോ എന്തായിരുന്നാലും അതു മാഞ്ഞുപോകുന്നു. ആ ക്രിയയുടെ ശുഭമോ അശുഭമോ ആയ ഫലം അഥവാ ചിഹ്നം മാത്രം ഹൃദയത്തിൽ ശേഷിക്കുമാറാകുന്നു. മനുഷ്യന്റെ ഏത് കർമ്മവും അതിന്റെ ചിഹ്നത്തെ പരോക്ഷമായി ഹൃദയത്തിൽ പതിപ്പിക്കുന്നുവെന്നത് വിശുദ്ധ ഖുർആന്റെ പാഠമാകുന്നു. മനുഷ്യന്റെ കർമ്മം ഏതു വിധമായിരിക്കുമോ അതിനനുസൃതമായി ദൈവ കർമ്മവും വെളിപ്പെടുന്നതാണ്. ആ നിയത്തി കർമ്മം മനുഷ്യന്റെ ക്രിയാഫലമായ നന്മയേയോ തിന്മയേയോ നശിക്കാൻ അനുവദിക്കുന്നില്ലെന്നു മാത്രമല്ല, അതിന്റെ ചിഹ്നം ഹൃദയത്തിലും മുഖത്തും കണ്ണുകളിലും കാതുകളിലും കൈകളിലും കാലുകളിലുമെല്ലാം ഗുപ്തരൂപത്തിൽ പതിപ്പിക്കുക കൂടി ചെയ്യുന്നു. ഇതുതന്നെയാണ് അവനിൽ ഗുപ്തമായിരിക്കുന്ന കർമ്മഗ്രന്ഥം. ഐഹിക ജീവതത്തിൽ പരോക്ഷമായ നിലയിൽ രൂപം കൊള്ളുന്ന ഈ കർമ്മവൃത്താന്തഗ്രന്ഥം പരലോകത്തിൽ പ്രത്യക്ഷ സിദ്ധമായിരിക്കുന്നതാണ്. *(ഇസ്ലാം മത തത്വജ്ഞാനം)*

### റഹ്മാനിയത്ത് ഓർമപ്പെടുത്തുന്ന പറവകൾ.

ഒരു സ്ഥലത്ത് ഹദ്റത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ ‘റഹ്മാനിയത്ത്’’ എന്ന സിഫത്തിനെ വിശുദ്ധ ഖുർആനിൽ ഈ ആയത്തിനെ അടിസ്ഥാനമാക്കികൊണ്ട് പറയുന്നു: ***അവരുടെ മീതെ പക്ഷികൾ ചിറകുവിടർത്തി പറക്കുന്നത് അവർ കാണുന്നില്ലേ? അവ ചിറകുകൾ കൂട്ടിപ്പിടിക്കുകയും ചെയ്യുന്നു. പരമകാരുണികനായ അല്ലാഹു അല്ലാതെ മറ്റാരും അവയെ പിടിച്ചുനിറുത്തുന്നില്ല. തീർച്ചയായും അവൻ സർവവസ്തുക്കളേയും നല്ലപോലെ നോക്കിക്കാണുന്നവനാകുന്നു.*** (ഖുർആൻ 67:20). ഇതിനർത്ഥം റഹ്മാനിയത്തിന്റെ കൃപ എല്ലാ ജീവജാലങ്ങളെയും ഉൾക്കൊള്ളുന്നു, നമുക്ക് വളരെ നിസ്സാരം എന്ന് തോന്നുന്ന പറവകൾ പോലും ഈ കൃപയുടെ പ്രവാഹത്തിൽ സന്തോഷത്തോടെ പറക്കുന്നു എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് പറഞ്ഞു തരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്, ഹദ്റത്ത് മുഹമ്മദ് നബി(സ)യോട് ഉള്ള അളവറ്റ സ്നേഹത്തിന്റേയും അനുരക്തിയുടേയും ഉദാഹരണം തന്റെ കവിത ശകലത്തിൽ ആ മഹാത്മാവ് പറവയോട് ഉപമിക്കുന്നുണ്ട്. ‘മുഹമ്മദ് നബി(സ)ന്റെ പൂന്തോട്ടത്തിൽ കൂടു കെട്ടിയ സ്വർഗ്ഗത്തിലെ പറവകളിൽ വെച്ച് ഏറ്റവും സന്തോഷവാൻ ഞാൻ ആകുന്നു, അങ്ങ് എന്റെ ഹൃദയത്തെയും ആത്മാവിനെയും സ്നേഹത്താൽ പ്രകാശിപ്പിച്ചു; അല്ലയോ മുഹമ്മദ്(സ)! എന്റെ ജീവിതം അങ്ങയ്ക്ക് ഉള്ള അർപ്പണമാണ്!. ‘മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു: ‘ആവേശത്തള്ളിച്ചയാൽ അങ്ങയുടെ സന്നിധിയിലേക്ക് പറന്നെത്തുന്നതിന് എന്റെ ദേഹം വെമ്പൽ കൊള്ളുകയാണ്. അഹോ എനിക്ക് പറക്കാനുള്ള കെല്പുണ്ടായിരുന്നുവങ്കിൽ എന്ന് ആശിച്ചു പോകുന്നു’.



കുറിപ്പുകൾ / മുസാഫിർ

# വധശിക്ഷയും ഇസ്‌ലാമിക നിയമവും



ഫറൂഖ് സ്വദേശിയായ അബ്ദുർറഹീം സഊദിയിൽ ഭിന്ന ശേഷിക്കാരനായ ഒരു ബാലനെ ശുശ്രൂഷിക്കുന്നതിനിടയിൽ കൈയ്യബദ്ധത്താൽ കഴുത്തിൽ ഘടിപ്പിച്ച ജീവൻ രക്ഷാ ഉപകരണങ്ങളിൽ തട്ടി മരിക്കുകയുണ്ടായി. ജന്മനാ രോഗിയായ ബാലൻ കൊല്ലപ്പെട്ട കേസിൽ അബ്ദുഹീമിനെ സഊദി ശരീഅത്ത് കോടതി വധശിക്ഷക്ക് വിധിക്കുകയും ശിക്ഷ ഒഴിവാകാൻ 1.5 കോടി സൗദി റിയാൽ(34 കോടിരൂപ) നഷ്ടപരിഹാരം(ദിയ) ആവശ്യപ്പെടാൻ ബന്ധുക്കളെ അനുവദിക്കുകയും ചെയ്തു. സാധാരണക്കാരായ അബ്ദുർറഹീമിന്റെ കുടുംബത്തെ സഹായിക്കാൻ നല്ലവരായ മലയാളികൾ ജാതിമത ഭേദമന്യേ മോചനത്തുക പിരിച്ചെടുക്കുകയുണ്ടായി. മലയാളികൾ ഇക്കാര്യത്തിൽ കാണിച്ച മനുഷ്യ സ്നേഹവും ഹൃദയ വിശാലതയും ലോകോത്തര മാതൃകയായി പ്രശംസിക്കപ്പെടുകയാണ്.

കൊലപാതകം എന്ന ഹീനമായ കുറ്റകൃത്യത്തിലെ ഏറ്റവും കാതലായ വശം അതിലെ കൊലചെയ്യാനുള്ള ഉദ്ദേശമാണ്. ഇവിടെ അബദ്ധത്തിൽ സംഭവിച്ച ഒരു ദുരന്തമാണ് രോഗിയായ ബാലന്റെ ജീവഹാനിയിൽ കലാശിച്ചത്. കുറ്റകൃത്യത്തിന്റെ ഉദ്ദേശം സംബന്ധിച്ച് വ്യക്തമായ അന്വേഷണം നടത്തി സത്യം കണ്ടെത്തുക എന്നതാണ് ശിക്ഷിക്കുന്ന കാര്യത്തിൽ നീതിയുടെ പ്രാഥമികമായ താൽപര്യം. പാപസുരക്ഷിതരായ പ്രവാചകമാരുടെ ജീവിതത്തിൽ പോലും അത്തരം പിഴവുകൾ സംഭവിച്ചതായി വിശുദ്ധ ഖുർആൻ വിവരിക്കുന്നു. 'അപ്പോൾ തന്റെ കക്ഷിയിൽപെട്ടവൻ (ഇസ്റായേൽ) തന്റെ ശത്രുക്കളിൽ പെട്ടവനെതിരായി അദ്ദേഹത്തോട് (മൂസാ നബി) സഹായം അഭ്യർത്ഥിച്ചു. ഉടനെ മൂസാ അവനെ മുഷ്ടി ചുരുട്ടി ഇടിച്ചു. അങ്ങനെ അതവന്റെ കഥ കഴിച്ചു.......... അദ്ദേഹം പ്രാർത്ഥിച്ചു എന്റെ നാഥാ എന്റെ ആത്മാവിനെ ഞാൻ ദ്രോഹിച്ചു പോയി. നീ എനിക്ക് പൊറുത്ത് തരേണമേ'*(അൽ ഖസസ്സ് 28: 16,17)*

തന്റെ സ്വന്തം ബന്ധുവിന്റെയോ ദേശക്കാരന്റെയോ ജീവൻ അപരന്റെ കൈകളാൽ അബദ്ധവശാൽ നഷ്ടപ്പെട്ടാൽ, വികാരവേശങ്ങൾക്കടിമപ്പെട്ട് അന്വേഷണവും ശിക്ഷയും പ്രതികാര ദാഹമായി മാററുത്. ഖുർആന്റെ ഒരു വചനം ഇവിടെ ശ്രദ്ധേയമാണ് 'വിശ്വസിച്ചവരെ നിങ്ങൾ പരിപൂർണ്ണമായും നീതി പാലിക്കുന്നവരും അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവീൻ. അത് നിങ്ങൾക്ക് തന്നെയോ (നിങ്ങളുടെ) മാതാപിതാക്കന്മാർക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും.' *(അന്നിസാഅ് 5: 136)*. 'വിശ്വസിച്ചവരെ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിനോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ.' (അൽമാഇദ 5:7) ബന്ധുത്വപരമായ കെട്ടുപാടുകൾക്കൊണ്ടോ വംശീയമോ ദേശീയമോ ആയ പരിഗണകൾക്കൊണ്ടോ നീതി നിർവ്വഹണത്തിൽ അന്യായവും കളങ്കവും പക്ഷപാതിത്വങ്ങളുമുണ്ടാവാൻ പാടില്ലെന്നാണ് വിശുദ്ധ ഖുർആന്റെ എക്കാലത്തേയും മാർഗ്ഗദർശകമായ ഈ നീതിവാക്യങ്ങൾ വിളിച്ചോതുന്നത്. പരിചരിപ്പിക്കാനേൽപ്പിച്ച ഭിന്നശേഷിക്കാരനെ അബദ്ധത്തിലായാൽ പോലും പരിചാരകന്റെ കൈകളാൽ തന്നെ കൊല്ലപ്പെടുക എന്നത് അക്ഷന്തവ്യമായ കുറ്റവും അതിഗുരുതരമായ കൃത്യവിലോപവുമാണ്. മാത്രമല്ല മരണമുണ്ടാക്കിയ വെപ്രാളത്തിൽ അബ്ദുർറഹീമും അയാളുടെ കൂട്ടുകാരനും കൂടി പോലീസിനെ തെറ്റിദ്ധരിപ്പിക്കാൻ ചില അവാസ്തവ കഥകൾ മെനഞ്ഞുണ്ടാക്കിയതായും പറയപ്പെടുന്നു. ഏതായാലും ഏതൊരു കുറ്റത്തിന്റെയും തോതനുസരിച്ചുള്ള ശിക്ഷയെ നൽകാൻ പാടുള്ളൂ. ശിക്ഷിക്കുന്നതിലും മോചനദ്രവ്യം വാങ്ങുന്നതിലും അതിരു കവിയാൻ പാടില്ലെന്ന് ഖുർആൻ വളരെ കർശനമായി പറയുന്നുണ്ട്. 'അല്ലാഹു (വധിക്കുന്നത്) നിഷിദ്ധമാക്കിയ ജീവനെ നിങ്ങൾ ന്യായമായ കാരണം കൂടാതെ വധിക്കരുത്. ആരെങ്കിലും മർദ്ദിതനായി കൊല്ലപ്പെടുകയാണെങ്കിൽ നാം അവന്റെ അടുത്ത അവകാശിക്ക് (പ്രതിക്രിയ നടത്താനുള്ള) അധികാരം നൽകിയിരിക്കുന്നു. എന്നാൽ അവൻ കൊലയിൽ (പ്രതിക്രിയയിൽ) പരിധി ലംഘിക്കരുത്. കാരണം അവൻ നിയമ സഹായം ലഭിച്ചവനാണ്.'(17:34) നീതി അനുവദിക്കപ്പെടുന്ന പരിധിയും തോതും ഇക്കാര്യത്തിൽ ഉണ്ടായിരിക്കണം എന്നും അത് ലംഘിക്കാൻ പാടില്ല എന്നുമാണ് വിശുദ്ധ ഖുർആന്റെ മാർഗ്ഗ നിർദ്ദേശം.

പകയും വിദ്വേഷവും വംശീയ-ദേശീയ പക്ഷപാതിത്വങ്ങളും നീതി നിർവ്വഹണത്തെ സ്വാധീനിക്കുന്നത് ഇസ്‌ലാമിക വിരുദ്ധമാണ്. അബ്ദുർ റഹീമിന്റെ കാര്യത്തിൽ അബദ്ധത്തിൽ സംഭവിച്ച് ഒരു കുറ്റത്തിന് അപരാധിയുടെ പരിധിയിൽ കവിഞ്ഞ പിഴയാണ് ചുമത്തിയത് എന്ന് കാണാൻ കഴിയും.

ഈ സംഭവത്തോടനുബന്ധിച്ച് സഊദിയിലെതടക്കം ഇസ്‌ലാമിക ശിക്ഷാ സമ്പ്രദായം ഒരിക്കൽ കൂടി ഇവിടെ ചർച്ചകൾക്കും വിശകലനങ്ങൾക്കും വിമർശനങ്ങൾക്കും വിധേയമാവുകയാണ്. സഊദി അറേബ്യ ഇപ്പോൾ തീർച്ചയായും സലഫി യാഥാസ്തിതികത്വത്തിൽ നിന്നും വികസനത്തിന്റെയും പുരോഗതിയുടെയും പാതയിലാണ്. അവരുടെ രാജാവ് മുഹമ്മദ് ബിൻ സൽമാൻ പുരോഗമന വീക്ഷണമുള്ള ഒരു ഭരണാധികാരിയായാണ് അറിയപ്പെടുന്നത്. സഊദിയിലെ പല പിന്തിരിപ്പൻ സലഫി നിയമങ്ങളും സ്തുതിപാഠകർ വിമർശിച്ചു കാണാറില്ല. എങ്കിലും പല നിയമങ്ങളും പരിഷ്ക്കരണത്തിന്റെ വഴിയിലാണ്.

### കുറ്റവും ശിക്ഷയും

കുറ്റകൃത്യങ്ങൾ സമൂഹത്തിൽ അരാചകത്വം സൃഷ്ടിക്കുന്നു. അത് തടയാൻ സമൂഹം ആവിഷ്ക്കരിച്ച പ്രതിരോധ സമ്പ്രദായമാണ് ശിക്ഷകൾ. ശിക്ഷ നടപ്പാക്കുന്നതോടൊപ്പം തന്നെ കുറ്റവാളിക്കെന്തെങ്കിലും വിധത്തിലുള്ള പരിവർത്തനം ഉണ്ടാകുന്ന വിധമാണ് ശിക്ഷകൾ നടപ്പാക്കേണ്ടതെന്നാണ് ആധുനിക കുറ്റശാസ്ത്രവും ശിക്ഷാ ശാസ്ത്രവും മനുഷ്യസ്നേഹികളും നിയമജ്ഞന്മാരും പറയുന്നത്. മനുഷ്യ സമൂഹം പുരോഗമനാത്മകവും പരിണാമാത്മകവുമായി വികസിക്കുന്ന ഒരു ജൈവവ്യവസ്ഥയാണ്. സമൂഹത്തിന്റെ വളർച്ചയും വികാസവും ഉൾക്കൊള്ളാൻ നീതിതത്വങ്ങൾക്കും അതിൽ നിന്നും നിർമ്മിച്ചെടുക്കുന്ന ശിക്ഷാനിയമങ്ങൾക്കും ആവണം. നൂറ്റാണ്ടുകളെ അഭിസംബോധന ചെയ്യുന്ന വിശുദ്ധ ഖുർആൻ ശുഷ്ക്കമായ ചട്ടകൂടുള്ള നിയമ രൂപങ്ങളല്ല അവതരിപ്പിക്കുന്നത്. മുഖ്യമായും അവ നീതിതത്ത്വങ്ങളാണ്. അത് സനാതനവുമാണ്. ആ നീതിതത്ത്വങ്ങൾക്ക് വികസിക്കുന്ന മനുഷ്യ സമൂഹത്തിന്റെ നാനാവിധ നൈയ്യാമിക പ്രശ്നങ്ങളും പരിഹരിക്കാനുള്ള ആശയ സമ്പുഷ്ടിയും അർത്ഥ ശേഷിയുണ്ട്. നിയമങ്ങൾ കാലികമാണ്. കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ആവിഷ്ക്കരിക്കപ്പെടുന്ന നിയമങ്ങൾ നേർവരപോലെയോ, ചതുരം പോലെയോ നീക്കുപോക്കില്ലാത്ത ജാമിതീയ ചട്ടുകങ്ങളാകാൻ പാടില്ല. ബഹുതല സ്പർശിയായ മാനവീയ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ കഴിയുംവിധം പൊളിച്ചെഴുതാനും മാറ്റിപണിയാനും കഴിയും വിധമുള്ളതായിരിക്കണം നിയമങ്ങൾ മതത്തിന്റെ പേരിൽ മനുഷ്യൻ നിർമ്മിച്ച നിയമങ്ങൾ. നീതി സമ്പുഷ്ടമായ ഖുർആന്റെ വെളിച്ചത്തിൽ തന്നെ കാലോചിതം പരിഷ്ക്കരിക്കുകയും പൊളിച്ചെഴുതുകയും തിരുത്തുകയും ചെയ്യാം. വിശുദ്ധ ഖുർആന്റെ നീതിത്ത്വങ്ങൾ അത്രമാത്രം അഴവുള്ളതാണ്. നിയമരംഗത്തും ശിക്ഷാശാസ്ത്രത്തിലും കുറ്റശാസ്ത്രത്തിലും കാലകാലങ്ങളിലുണ്ടാകുന്ന യഥാർത്ഥ ശാസ്ത്രീയവും മാനവീയവുമായ പുരോഗതി സ്വാംശീകരിക്കാനും ഉൾക്കൊള്ളാനും കഴിയാത്ത നിയമങ്ങൾ സമൂഹത്തിന് ഭാരമായിത്തീരുന്നു. അത്തരത്തിൽ പെട്ട പല നിയമങ്ങളും ഇസ്‌ലാമിന്റെ പേരിൽ സഊദിയിൽ നടപ്പാക്കികൊണ്ടിരിക്കുന്നത് ഇസ്‌ലാമിനുണ്ടാക്കുന്ന അപകീർത്തിയും അപമതിപ്പും വലുതാണ്

കുറ്റങ്ങൾ എങ്ങനെ ഉണ്ടാകുന്നു എന്നതിനെ സംബന്ധിച്ച് നിരവധി ശാസ്ത്രീയ ശാഖകളുടെ സംയുക്തപഠനമാണ് ക്രിമിനോളജി(Crim-minology). കുറ്റകൃത്യങ്ങളുടെ നിവാരണ മാർഗ്ഗങ്ങളായ ശിക്ഷയെ സംബന്ധിച്ച പഠനമാണ് പെനോളജി (Penology)

ഒരു കുറ്റവാളി സൃഷ്ടിക്കപ്പെടുന്നതിൽ സമൂഹത്തിനും കുടുംബത്തിനും സാഹചര്യങ്ങൾക്കുമുള്ള പങ്ക് അനിഷേധ്യമാണെന്ന് കുറ്റശാസ്ത്രം പറയുന്നു. ഇന്ത്യയെപോലെയുള്ള ദരിദ്രരാജ്യങ്ങളിലെ വൻനഗരങ്ങളിലാണ് കുറ്റവാളികളിൽ അധികവും ജനിക്കുന്നതും കുറ്റകൃത്യങ്ങൾ നടത്തുന്നതും. തെരുവുകളിൽ ജനിക്കുകയും തെരുവുകളിൽ ജീവിക്കുകയും തെരുവുകളിൽ തന്നെ മരിക്കുകയും ചെയ്യുന്ന ജനകോടികൾ വസിക്കുന്ന നാടാണ് നമ്മുടെത്. അങ്ങേയറ്റം ദരിദ്രാവസ്ഥയിൽ സ്നേഹ ശൂന്യമായ സാഹചര്യങ്ങളിൽ നഗരത്തിന്റെ പ്രലോഭനങ്ങൾ കണ്ടു വളരുന്ന യാതൊരു ധാർമിക ശിക്ഷണവും ലഭിക്കാത്ത മനുഷ്യരിൽ നിന്നാണ് അധികം കുറ്റവാളികളും ജനിക്കുന്നത്. ഒരു കുറ്റവാളി രൂപപ്പെടുന്നതിൽ പൊതു സമൂഹത്തിന്നും വമ്പിച്ച പങ്കുണ്ട്. കുറ്റകൃത്യങ്ങൾ ഉണ്ടാവുമ്പോൾ കുറ്റവാളിയേ മാത്രം പ്രതിയാക്കി ശിക്ഷകൾ കഠിനമാക്കുന്നത് യാതൊരു പ്രയോചനവും ഇല്ലെന്ന് മാത്രമല്ല അധാർമികവുമാണ്. 'സമൂഹം കുറ്റകൃത്യങ്ങൾ തയ്യാറാക്കുന്നു കുറ്റവാളി അത് നിർവ്വഹിക്കുന്നു' (The society prepares the crime, the criminal commits it) എന്ന ഹെൻട്രിതോമസ് ബക്കിളിന്റെ പ്രസിദ്ധമായ ആപ്തവാക്യം ശ്രദ്ധേയമാണ്.

### നിയമങ്ങളല്ല നീതിയാണ് പ്രധാനം

നീതിയും നിയമവും പരസ്പരം ബന്ധിതമാണെങ്കിലും തികച്ചും വ്യത്യസ്തമാണ്. നീതി എന്നത് സമത്വം, സാഹോദര്യം ന്യായം ധാർമികത സ്നേഹം മുതലായ ധാർമിക ഗുണങ്ങളെ അടിസ്ഥാനമാക്കിയുള്ള മാറ്റമില്ലാത്ത സനാതന സങ്കൽപ്പങ്ങളാണ്. നിയമം എന്നത് ആ നീതി സങ്കൽപ്പങ്ങൾ നടപ്പാക്കാൻ വേണ്ടി അധികാരത്തിന്റെ ബലത്തിൽ നിർമ്മിക്കുന്ന വിധിവിലക്കുകളും ചട്ടങ്ങളും മാനകങ്ങളും അടങ്ങിയതാണ്. ഒരു അധികാര സ്ഥാപനം പുറപ്പെടുവിക്കുന്ന അത്തരം ശാസനകൾ ലംഘിക്കപ്പെട്ടാൽ അതിനുള്ള ശിക്ഷയും ആ ശാസനകളിൽ വ്യവ

സ്ഥ ചെയ്യപ്പെട്ടിട്ടുണ്ടാകും. മിക്കവാറും നിയമങ്ങൾക്ക് ലിഖിതരൂപത്തിലായിരിക്കും.

വിശുദ്ധ ഖുർആനിൽ നിറഞ്ഞു നിൽക്കുന്നത് നീതിതത്ത്വങ്ങളും സങ്കൽപ്പങ്ങളുമാണ്. നിയമ രൂപങ്ങളല്ല. മിക്കവാറും അവ സാർവ്വത്രിക സ്വഭാവമുള്ളതാണ്. വിശുദ്ധ ഖുർആന്റെ നീതിതത്ത്വങ്ങൾ അഴവുള്ളതും അനുനയാത്മകവും ഉപദേശരൂപത്തിലുള്ളവയുമാണ്. ഇസ്‌ലാമിക സമൂഹത്തിലെ അധികാരസ്ഥന്മാർ ഇസ്‌ലാമിക നിയമങ്ങളുടെ രൂപത്തിലാണ് അത് നടപ്പാക്കാൻ ശ്രമിക്കുന്നത്. വിശുദ്ധ ഖുർആൻ, റസൂൽ തിരുമേനി(സ) യുടെചര്യ, വചനം എന്നിവ അടിസ്ഥാനമാക്കി കാലഘട്ടങ്ങളുടെ ആവശ്യങ്ങളെ മുൻനിർത്തി മുസ്‌ലിം കർമ്മശാസ്ത്രികളും പണ്ഡിതന്മാരും നിയമജ്ഞന്മാരും ഭരണാധികാരികളും ആവിഷ്ക്കരിച്ചിട്ടുള്ളവയാണ് ഇസ്‌ലാമിക നിയമങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്. അത് കാലികവും മാനുഷികവും ദേശീയവുമാണ്. അതുകൊണ്ട് തന്നെ തിരുത്തലുകൾക്ക് വിധേയമാണ്. എന്നാൽ ഖുർആനിലെ നീതി തത്വങ്ങളും റസൂൽ തിരുമേനി(സ) അദ്ധ്യാപനങ്ങളും കാലാതിവർത്തിയും സനാതനവുമാണ്. ഇസ്‌ലാമിലെ വിശാലവും സാർവ്വത്രികവുമായ നീതി തത്വങ്ങങ്ങൾ സാർവ്വ ജനീനമാണ്. കർക്കശമായ നിയമങ്ങൾ വഴി നടപ്പാക്കി അധികാരത്തിന്റെ ബലത്തിൽ നിലവിൽ വരേണ്ട ഒരു സമൂഹമല്ല ഇസ്‌ലാമിക സമൂഹം. ഇസ്‌ലാം നടപ്പാകണമെങ്കിൽ അധികാരവും ഭരണവും കൂടിയേകഴിയൂ എന്ന പൊളിറ്റിക്കൽ ഇസ്‌ലാമിന്റെ ഫാസിസ്റ്റ് അജണ്ട ഇത്തരം ഇസ്‌ലാമിക നിയമ വാഴ്ത്തലുകളുടെ പിന്നിലുണ്ട്.

**വധശിക്ഷയും ലോകാഭിപ്രായവും**

വധശിക്ഷ നിർത്തലാക്കണം എന്ന മുറവിളി ലോകത്ത് കൂടി വരികയാണ്. വധശിക്ഷ മനുഷ്യാവകാശ വിരുദ്ധമാണ് എന്നാണ് അവരുടെ വാദം. പുരോഗമന വാദികളായ പാശ്ചാത്യരാണ് ഇതിന്റെ വക്താക്കൾ. മനുഷ്യജീവന് പുല്ലുവില കൽപ്പിക്കാതെ അന്യന്റെ ജീവനെടുക്കൽ അവിടെ നിബാധം തുടരുകയാണ്. അമേരിക്കയിൽ 50 സ്റ്റേറ്റുകളുള്ളതിൽ 23 സ്റ്റേറ്റ്റുകളിൽ വധശിക്ഷ നിരോധിച്ചിരിക്കുകയാണ്. 2022 ൽ 48,183. പേർ ആത്മഹത്യ മൂലവും 24,600 പേർ കൊലപാതകത്തിന്നിരയായും അമേരിക്കയിൽ മാത്രം കൊല്ലപ്പെട്ടു. കൗമാര പ്രായക്കാർ സ്കൂളുകളിലും പൊതുയിടങ്ങളിലും വെച്ച് നിരന്തരം ആളുകളെ കൂട്ടക്കൊല നടത്തുന്ന സംഭവങ്ങൾ അമേരിക്കയെ കിടിലം കൊള്ളിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ സ്വന്തം കുട്ടികളുടെ മുമ്പിൽ മുട്ടു വിറച്ച് നിൽക്കുന്ന അമേരിക്കയിയിൽ നിന്നും യൂറോപ്പിൽ നിന്നുമാണ് വധശിക്ഷ നിർത്തലാക്കണമെന്ന മുറവിളി ഉയരുന്നത്.




2022 ൽ 111 രാജ്യങ്ങൾ വധശിക്ഷ നിർത്തി വെച്ചിരിക്കുകയാണ്. 54 രാജ്യങ്ങളാണ് വധശിക്ഷ നിലവിലുള്ളത്. 7 രാജ്യങ്ങൾ യുദ്ധകുറ്റം തുടങ്ങിയ അപൂർവ്വം സന്ദർഭങ്ങളിൽ മാത്രം ഉപയോഗിക്കാൻ വധശിക്ഷ നിലനിർത്തിയിട്ടുണ്ട്. 24 രാജ്യങ്ങൾ വധശിക്ഷ നടപ്പിലാക്കുന്നത് നിർത്തിയിരിക്കുകയാണ്. എങ്കിലും 60 % ജനങ്ങൾ വസിക്കുന്ന ലോകരാജ്യങ്ങളിൽ ഇപ്പോഴും വധശിക്ഷയുണ്ട്. ആംനെസ്റ്റി ഇന്റർനാഷനണിലിന് വധശിക്ഷ മനുഷ്യാവകാശ വിരുദ്ധമാണെന്ന അഭിപ്രായമാണുള്ളത്. സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന് വിരുദ്ധമാണ് വധശിക്ഷ എന്നാണ് അവർ വാദിക്കുന്നത്.

ആംനസ്റ്റി ഇന്റർനാഷനലിന്റെ 2022 ലെ കണക്ക് പ്രകാരം ലോകത്ത് ഏറ്റവും കൂടുതൽ വധശിക്ഷ നടത്തുത്തിയത് ചൈനയാണ്. കൃത്യം എണ്ണം അറിയില്ല ഏകദേശം 1000 പിന്നീട് ഇറാൻ 596, സഊദി അറേബ്യ 146, ഈജിപ്ത് 13 എന്നിങ്ങനെ. അമേരിക്ക, ജപ്പാൻ, തായ്‌വാൻ, ഇസ്‌ലാമിക രാജ്യങ്ങൾ ഇന്ത്യ എന്നീ രാജ്യങ്ങൾ വധശിക്ഷ നിരോധിച്ചിട്ടില്ല.

**ഖുർആനും കൊലപാതകവും വധശിക്ഷയും**

മനുഷ്യ ജീവന്റെ വില മറന്നുകൊണ്ട് കൊലക്ക് പകരം പരമാവധി വധശിക്ഷ എന്ന സങ്കൽപ്പം എക്കാലത്തേക്കുമായി നിർത്തിവെക്കുന്നത് മനുഷ്യ ജീവൻ ഹനിക്കുന്നതിനെ പറ്റി ഭയമില്ലായ്മ സ്വഭാവിക കുറ്റവാളികളിൽ സൃഷ്ടിക്കും എന്ന കാര്യത്തിൽ തർക്കമില്ല. വധശിക്ഷ എന്ന ഒരു പ്രതിക്രിയ ഇല്ലെങ്കിൽ കൊലപാതകം നടന്ന് സമയം കഴിയുന്തോറും അതിന്റെ വൈകാരിക ക്ഷോഭം തണുക്കുകയും കുറ്റവാളിക്ക് രക്ഷപ്പെടാൻ നിരവധി പഴുതുകൾ

തുറക്കുകയും ചെയ്യുമെന്നുള്ളത് സ്വാഭാവികമാണ്. വധശിക്ഷയില്ലാത്ത സാഹചര്യം സമൂഹത്തിൽ അരക്ഷിതത്വം ഉണ്ടാക്കും. അതുകൊണ്ട് ജീവന് പകരം ജീവൻ എന്ന ഖിസാസിന്റെ നിയമം നിലനിർത്തേണ്ടത് സമൂഹ സുരക്ഷക്ക് അത്യാവശ്യമാണ്.

എന്തുതന്നെയായാലും മനുഷ്യ ജീവനെ അങ്ങേയറ്റം വിലമതിക്കുന്ന സമീപനമാണ് വിശുദ്ധ ഖുർആൻ സ്വീകരിച്ചത്. അകാരണമായി ഒരു മനുഷ്യ ജീവനെ നഷ്ടപ്പെടുന്നതിന്റെ ഗൗരവം ചൂണ്ടിക്കാണിച്ചുകൊണ്ട് ഖുർആൻ പറയുന്നു: 'ആരെങ്കിലും മറ്റൊരാളെ വധിക്കുകയോ നാട്ടിൽ കുഴപ്പമുണ്ടാക്കുകയോ ചെയ്യാത്ത നിലയിൽ (നിരപരാധിയായ) ഒരാളെ വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചത് പോലെയാകുന്നു. ഇനി ആരെങ്കിലും ഒരാളുടെ ജീവൻ രക്ഷിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ രക്ഷിച്ചത് പോലെയാകുന്നു.' *(മാഇദ: 5:33)*

ആധുനിക വിജ്ഞാന ശാഖകളും മറ്റ് മാനവീയ ശാസ്ത്രങ്ങളും കുറ്റങ്ങളെ സംബന്ധിച്ചും ശിക്ഷകളെ പറ്റിയും നിരവധി പഠനങ്ങൽ നടത്തിയിട്ടുണ്ട്. കുറ്റവാളിക്കും സമൂഹത്തിനുമുള്ള പാഠം എന്ന നിലക്ക് ശിക്ഷ പ്രതികാരാത്മകം (Retributive) ആയിരിക്കുന്നതോടൊപ്പം അത് കുറ്റവാളികളിൽ പരിഷ്ക്കരണങ്ങൾ (Reformative) വരുത്തുന്നതു മായിരിക്കണം എന്നുമാണ് ആധുനിക സങ്കൽപ്പം. മാത്രമല്ല ശിക്ഷകളെ സംബന്ധിച്ച് പ്രതികാരാത്മകം എന്ന മദ്ധ്യകാല യാഥാസ്തിക സങ്കൽപ്പത്തേക്കാൾ അത് പരിഷ്കരണാത്മകമായിരിക്കണം എന്ന വശത്തിന്നാണ് ആധുനിക നീതി പീഠങ്ങൾ താൽപര്യപ്പെടുന്നത്.

എന്നാൽ ബൈബിളിൽ തികച്ചും പ്രതികാരാത്മകവും ക്രൂരവുമായ ശിക്ഷാ നിയമങ്ങളാണുള്ളത്. വിട്ടുവീഴ്ച്ചയുടെയോ മാപ്പിന്റേയോ ഉപാധികളില്ല.

'മൃഗത്തെ കൊല്ലുന്നവൻ പകരം മൃഗത്തെ കൊടുക്കണം. അതായത് ജീവന് പകരം ജീവൻ. അയൽക്കാരനെ ഏതെങ്കിലും വിധത്തിൽ വിരൂപപ്പെടുത്തുന്നവനെ അതേ വിധത്തിൽ വിരൂപപ്പെടുത്തണം. ഒടിവിന് ഒടിവ്, കണ്ണിന് കണ്ണ്, പല്ലിന്നു പല്ല്, അയാൾ എങ്ങനെ അംഗഭംഗപ്പെടുത്തിയോ അങ്ങനെ തന്നെ അയാളെയും അംഗഭംഗപ്പെടുത്തണം.' *(ലേവ്യർ 24: 17-21)* വിശുദ്ധ ഖുർആനിലുടനീളം മാപ്പിന്റെ മഹത്വമാണ് വിളംബരംചെയ്യുന്നത്: **'(അവർ) കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്ക് (അവരുടെ തെറ്റുകൾക്ക്) മാപ്പ് ചെയ്ത് കൊടുക്കുന്നവരുമത്രെ. അല്ലാഹു സുകൃതവാന്മാരെ ഇഷ്ടപ്പെടുന്നു'** *(ആലു ഇംറാൻ 3:135)* **'വിശ്വസിച്ചവരെ വധിക്കപ്പെട്ടവരുടെ കാര്യത്തിൽ തത്തുല്യമായ പ്രതിക്രിയാ ശിക്ഷാ നിയമം(ഖിസാസ്) നിങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. സ്വതന്ത്രനാണ് കുറ്റവാളിയാണെങ്കിൽ സ്വതന്ത്രനുള്ളതും, അടിമയാണ് കുറ്റവാളിയെങ്കിൽ അടിമക്കുള്ളതും, സ്ത്രീയാണ് കുറ്റവാളിയെങ്കിൽ സ്ത്രീക്കുള്ളതും (കൃത്യമായ ശിക്ഷ നടപ്പാക്കേണ്ടതാണ്) എന്നാൽ (കൊല്ലപ്പെട്ടവന്റെ) അനന്തരാവകാശികളിൽ നിന്ന് (അപരാധം ചെയ്തവന്) വല്ലതും ഇളവ് ചെയ്ത് കൊടുക്കുന്നുവെങ്കിൽ (സമ്മതിച്ച പിഴതുക) ന്യായ യുക്തമായ നിലയിൽ അപരാധി (കൊടുത്തു വീട്ടേണ്ടതാണ്) ഇതാകട്ടെ നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു ലഘൂകരണവും കാരുണ്യവുമത്രെ'** (അൽ ബക്കറ 2:179)

ഇവിടെ ശ്രദ്ധേയമായ കാര്യം കൊലപാതകം നടത്തിയവനെ കൊല ചെയ്യണം എന്ന പല്ലിനു പകരം പല്ല് കണ്ണിന് പകരം കണ്ണ് എന്ന രീതിയിലുള്ള ബൈബിൾ ശിക്ഷാ നിയമമല്ല ഖുർആൻ നിർദ്ദേശിക്കുന്നത്. പകരം ഘാതകന് തത്തുതുല്യമായ ശിക്ഷ (ഖിസാസ് =Equitable Retribution ) അഥവാ പ്രതിക്രിയ നൽകണമെന്ന സാങ്കേതിക സാധുതയുള്ള പദമാണ് ഉപയോഗിച്ചിട്ടുള്ളത്. തീർച്ചയായും കുറ്റത്തിന്റെ തോതും സാഹചര്യവും കൂലങ്കുശമായി പരിശോധിക്കുകയും ഫോറൻസിക്കലായി തെളിയിക്കുകയും ഒരു ജൂഡീഷ്യൽ പ്രക്രിയക്ക് വിധേയമാക്കുകയും ചെയ്താൽ മാത്രമേ കൊലപാതകത്തിന്റെ കാര്യത്തിലുള്ള പ്രതിക്രിയ നിർണ്ണയിക്കാനാവൂ. അത് നീതി പീഠത്തിന്റെ സൂക്ഷ്മവും വിദഗ്ദവുമായ അന്വേഷണത്തിനും വിചാരണക്കും വിധേയമാക്കി തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രം നിർവ്വഹിക്കേണ്ട ഒരു ജൂഡീഷ്യൽ പ്രക്രിയയാണ്. കുറ്റം നിർണ്ണയിച്ചു കഴിഞ്ഞാൽ പ്രതിക്ക് മാപ്പ് കൊടുത്ത് വെറുതേ വിടാനുള്ള ഉപാധിയും ഖിസാസിന്റെ (പ്രതിക്രിയ) നിയമത്തിൽ ഉള്ളടങ്ങിയിട്ടുണ്ട്.

### സഊദി നിയമത്തിലെ അപാകതകൾ

സഊദി നിയമം വിശുദ്ധ ഖുർആനെയും ഇസ്‌ലാമിക പ്രമാണങ്ങളെയും അടിസ്ഥാനമാക്കിയാണ് നിർമ്മിച്ചിരിക്കുന്നത് എന്നാണ് പറയുന്നതെങ്കിലും പല സഊദി നിയമങ്ങളും പ്രത്യക്ഷത്തിൽതന്നെ വിശുദ്ധ ഖുർആന്റെ നീതി സങ്കൽപ്പങ്ങൾക്കും അന്താരാഷ്ട്രാ മനുഷ്യാവകാശങ്ങൾക്കും കടക വിരുദ്ധങ്ങളാണ്.

പൊതു സ്ഥലത്ത് വെച്ച് ശിരഛേദം (Decapitation) നടത്തി വധ ശിക്ഷ നടപ്പാക്കുന്ന ഒരു രാജ്യമാണ് സഊദി അറേബ്യ. വധശിക്ഷക്കർഹമായ കുറ്റങ്ങളായി സഊദിയിൽ കണക്കാക്കപ്പെടുന്നത് കൊലപാതകം, മതപരിത്യാഗം, രാജ്യദ്രോഹം, സ്വവർഗ്ഗരതി, ചാരപ്രവർത്തനം, ബലാൽസംഗം, ഭീകര പ്രവർത്തനം, ലഹരിക്കടത്ത്, സായുധ കൊള്ള, മതനിന്ദ, ഭവനഭേദനം, വ്യഭിചാരം, ആഭിചാരം, ദൈവത്തിനെതിരായ യുദ്ധം (ഹിറാബ) എന്നീ കുറ്റങ്ങളാണ്. ഇതിൽ പലതും അവരുടെ ആഭ്യന്തരകാര്യങ്ങളുമായി ബന്ധപ്പെട്ടതാണ്. എന്നാൽ വിശുദ്ധ ഖുർആന്റെ വ്യക്തമായ അധ്യാപനങ്ങൾക്ക് കടക വിരുദ്ധമായ ശിക്ഷാ നിയമങ്ങളും സഊദി നിയമത്തിലുണ്ട്. മതസ്വാതന്ത്ര്യം

ശേഷം പേജ് 43 ൽ




# ഇസ്റയേൽ ഇറാൻ സംഘർഷം

സിറിയൻ തലസ്ഥാനമായ ഡമാസ്ക്കസിലെ ഇറാൻ കോൺസുലേറ്റ് ഇസ്റയേൽ ബോംബിട്ട് തകർത്ത സംഭവം ലോകത്ത് യുദ്ധ ഭീതിയുടെ ആശങ്കകൾ ഉയർത്തിയിരിക്കുന്നു. യുദ്ധകലുഷിതമായ പശ്ചിമേഷ്യയിൽ ഇത് പുതിയ സംഘർഷത്തിന് വഴിവെച്ചിരിക്കുകയാണ്. ഫലസ്തീനികളുടെ ഭൂമിയിൽ 1948 ൽ ഇസ്റയേൽ സ്റ്റേറ്റ് സ്ഥാപിതമായതിന് ശേഷം ആ മേഖലയിലെ സമാധാനം നശിപ്പിക്കുകയും യുദ്ധത്തിലൂടെ ഫലസ്തീനികളുടെ ഭൂമി പിടിച്ചെടുത്ത് വികസിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു രാജ്യമാണ് ഇസ്റയേൽ. ആ പരമ്പരയിൽ അവസാനത്തെതാണ് 2023 ഒക്ടോബർ 7 ന് ആരംഭിച്ച ഇസ്റയേൽ ഹമാസ് യുദ്ധം. ഗസ്സയിൽ ഇന്നും തുടരുന്ന ആ സംഘട്ടനത്തിൽ ഇതിനകം 13000 പിഞ്ചു കുഞ്ഞുങ്ങളടക്കം 33,0000 ലധികം പേർ കൊല്ലപ്പെടുകയും ദശലക്ഷക്കണക്കിന് പാർപ്പിടങ്ങൾ തവിടുപൊടിയാവുകയും ചെയ്തു. ഇപ്പോൾ അവസാനമായി തെക്കൻ ഗസ്സയിലെ ഖാൻ യൂനുസിലെ നാസർ ആശുപത്രിയിൽ നിന്നും ഇസ്റയേലി സൈന്യം കൊന്ന് കുഴിച്ചിട്ട കൂട്ട കുഴിമാടങ്ങൾ കണ്ടെത്തിയത് ലോകത്തെ ഞെട്ടിച്ചിരിക്കയാണ്. ആശുപത്രികളിൽ, അഭയാർത്ഥിക്യാമ്പുകളിൽ, സ്ക്കൂളുകളിൽ, സിവിലിയൻസ് താമസിക്കുന്ന പാർപ്പിടങ്ങളിൽ കയറിച്ചെന്ന് കൂട്ട കശാപ്പ് നടത്തുന്ന ഒരുയുദ്ധത്തിലും ആരും ചെയ്യാത്ത ക്രൂരതകളാണ് ഇസ്റയേൽ സൈന്യം ഗസ്സയിൽ ചെയ്ത്കൊണ്ടിരിക്കുന്നത്. അമേരിക്കൻ ആയുധങ്ങൾ ഉപയോഗിച്ചാണ് ജൂതസേന ഈ യുദ്ധകുറ്റം നടത്തുന്നതെന്ന് ആംനെസ്റ്റി ഇന്റർ നാഷണൽ വരെ ആരോപണം ഉന്നയിച്ചു കഴിഞ്ഞു. അമേരിക്കൻ സെനറ്റ് 2600 കോടി ഡോളറിന്റെ സൈനിക സഹായമാണ് ഇസ്റയേലിന് നൽകാൻ പോകുന്നത്. ഉക്രയ്ന് 61 ബില്ല്യൻ ഡോളറും തായ്‌വാന് 812 കോടി ഡോളറും സൈനിക സഹായം നൽകുന്നുണ്ട്. റഷ്യയുമായും ചൈനയുമായും സംഘർഷത്തിലേർപ്പെട്ടിരിക്കുന്ന രാജ്യങ്ങൾക്കെല്ലാം അമേരിക്ക നൽകുന്ന സാമ്പത്തിക സഹായം ലോകത്തെ കൂടുതൽ സംഘർഷ ഭരിതമാക്കുകയാണ് ചെയ്യുക. രൂപീകരിച്ച നാൾ മുതൽ ഇസ്റയേൽ അമേരിക്കയിൽ നിന്നും പരമാവധി ധനം കൈകലാക്കി യുദ്ധവും മറ്റു വിധ്വംസക പ്രവർത്തനങ്ങളും നടത്തിക്കൊണ്ടാണ് മുന്നോട്ട് പോകുന്നത്. ലോകം നിസ്സഹായരായി നോക്കി നിൽക്കേ ഇസ്റയേലി സേന ഫലസ്തീനികളുടെ നരമേധങ്ങൾ നിർബാധം ഒരുഭാഗത്ത് തുടരുമ്പോഴാണ് ഇറാന്റെ സിറിയൻ കോൺസുലേറ്റ് ബോംബാക്രമണം നടത്തിയത്. തുടരെ തുടരെ യുദ്ധത്തീ കൊളുത്തിക്കൊണ്ടിരിക്കുന്ന യഹൂദരെ പറ്റി ഖുർആൻ പറഞ്ഞ ഒരു വചനം ശ്രദ്ധേയമാണ്. **'അവർ (യഹൂദർ) യുദ്ധത്തിനുള്ള തീ കത്തിച്ചപ്പോഴെല്ലാം അല്ലാഹു അത് കെടുത്തിക്കളഞ്ഞിരിക്കുന്നു. നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിന് വേണ്ടി അവർ ഓടി നടക്കുകയാണ്. അല്ലാഹു കുഴപ്പക്കാരെ ഇഷ്ടപ്പെടുന്നില്ല.'** (അൽ മാഇദ 5:65)

2024 ഏപ്രിൽ ഒന്നിനാണ് സിറിയയിലെ ഇറാൻ കോൺസുലേറ്റ് ഇസ്റയേൽ ആക്രമിച്ചത്. ആക്രമണത്തിൽ രണ്ട് ഇറാൻ പട്ടാള ജനറൽമാരും ഏഴ് ഉന്നത ഉദ്യോഗസ്ഥരും കൊല്ലപ്പെടുകയുണ്ടായി. ഒരു രാജ്യത്തിന്റെ മറ്റൊരു രാജ്യത്തുള്ള എംബസ്സിയും കോൺസുലേറ്റും ആ രാജ്യത്തിന്റെ തന്നെ പരമാധികാര ദേശമായിട്ടാണ് കണക്കാക്കപ്പെടുക. അപ്പോൾ കോൺസുലേറ്റ് ആക്രമിക്കുക എന്നതിനർത്ഥം ആ രാജ്യത്തെ തന്നെ നേരിട്ട് അക്രമിക്കുക എന്നതാണ്. ഇറാനെതിരെ നിരന്തരം പ്രകോപനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഇസ്റയേലിന്റെ അതിരുകടക്കലുകൾ മഹാ യുദ്ധങ്ങളുടെ നാശഗർത്തങ്ങളിലേക്ക് ലോകത്തെ കൊണ്ടെത്തിക്കുമോ എന്നതാണ് ആശങ്ക. ഒക്ടോബർ 7 ലെ ഇസ്റയേലിലെ ഹമാസ് അക്രമണത്തിനു പിന്നിൽ ഇറാനാണ് എന്ന ഇസ്റയേലിന്റെ ആരോപണം ഇറാൻ പലതവണ നിഷേധിച്ചതാണ്. ലബനനിലെ ഹിസ്ബുല്ല, യെമനിലെ ഹൂത്തികൾ സിറിയയിലും ഇറാഖിലും പ്രവർത്തിക്കുന്ന സമാന മിലീഷ്യകൾ എല്ലാം പശ്ചിമേഷ്യയിലെ ഇറാനാണ് സഹായം നൽകുന്നത് എന്നാണ് ഇസ്റയേലിന്റെ ആരോപണം. ഇവരെ നിരന്തരം ഇസ്റയേൽ വേട്ടയാടികൊണ്ടിരിക്കയാണ്. 2020 ൽ ഇറാൻ റവലൂഷനറി ഗാർഡ് മേജർ ജനറലും സൈനിക മേധാവിയായ ഖാസിം സുലൈമാനിയെ ബഗ്ദാദി എയർ പോർട്ടിനടുത്ത് വെച്ച് ഡ്രോൺ ആക്രമണത്തിലൂടെ ഇസ്റയേൽ

ചാരന്മാർ വധിച്ചിരുന്നു. 2021 ൽ ഇറാന്റെ മുതിർന്ന ആണവ ശാസ്ത്രജ്ഞൻ മുഹ്സിൻ ഫഖിസാദിനെയും 2022 ൽ അവരുടെ റവലൂഷനറി ഗാർഡ് കമ്മാണ്ടർ സയാദ് ഖുദാ ഈയെയും ഇസ്റയേൽ വധിച്ചിരുന്നു.

ഇസ്റയേൽ രാഷ്ട്രം 1948 ൽ രൂപീകൃതമായപ്പോൾ ഏറ്റവും ആദ്യം അംഗീകരിച്ച രണ്ട് രാജ്യങ്ങളിൽ ഒന്നായിരൂന്നു ഇറാൻ. മറ്റേത് തുർക്കിയും. അന്ന് ഇറാന്റെ രഹസ്യ പോലീസിന് പരിശീലനം നൽകിയിരുന്നത് മൊസാദായിരൂന്നു. ഇറാൻ അപ്പോൾ ഭരിച്ചിരുന്നത് അമേരിക്കൻ ആഭിമുഖ്യമുണ്ടായിരുന്ന ഷാ മുഹമ്മദ് റിസാ പഹ്‌ലവിയായിരുന്നു. 1979 ൽ ഇറാനിൽ ശിയാ നേതാവായ അയാത്തുള്ള ഖുമൈനിയുടെ നേതൃത്വത്തിൽ വിപ്ലവം വന്നതിന് ശേഷമാണ് അമേരിക്ക ഇറാന്റെ ഏറ്റവും വലിയ ശത്രുവായി മാറിയത്. അമേരിക്ക വലിയ ചെകുത്താനും ഇസ്റയേൽ ചെറിയ ചെകുത്താനും എന്ന സമീപനമാണ് പിന്നീട് ഇറാൻ കൈകൊണ്ടത്. പിന്നീട് മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷമാണ് മൂന്നാമതൊരു രാജ്യമായ ഈജിപ്ത് ഇസ്റായേലിനെ അംഗീകരിക്കുന്നത് 1994 ൽ ഇസ്റയേൽ ജോർദ്ദാൻ സമാധാന കരാർ നിലവിൽ വന്നു. പിന്നീട് അമേരിക്കയുടെ മദ്ധ്യസ്ഥതയിൽ 2020 സെപ്തമ്പർ 15 ന് അബ്രഹാം അക്കോർഡ് (അബ്രഹാം കരാർ) എന്ന പേരിൽ ഇസ്റയേൽ, യു എ ഇ യും ബഹറൈനുമായി ബന്ധങ്ങൾ സാധാരണ നിലയിലാക്കാനുള്ള ഇസ്റയേലിന്റെ ശ്രമങ്ങൾ ആരംഭിക്കുന്നത്. സഊദിയും ഇസ്റയേലുമായി ഔപചാരികമായി വിരുദ്ധ ചേരികളിലാണെങ്കിലും അവർ തമ്മിലുള്ള അന്തർധാരയും രഹസ്യ ബന്ധങ്ങളും വളരെ ശക്തമാണ്. ആയിരക്കണക്കിനു ഫലസ്തീനികളെ നിഷ്ക്കരുണം കൊന്നൊടുക്കിയിട്ടും ഇസ്റായിലിനെതിരെ വേണ്ടവിധം പ്രതികരിക്കാൻ സാധിക്കാത്തത് ഇത്തരം കെട്ടുപാടുകൾ കൊണ്ടാണ് വ്യക്തം. ഇന്ന് മുസ്‌ലിം രാജ്യങ്ങളിൽ അനിഷേധ്യമായ ഒരു സൈനിക ശക്തിയാണ് ഇറാൻ. അത് ഇസ്റയേലിന്റെ ഉറക്കംകെടുത്തുന്നു. അത്പോലെ മറ്റൊരു വലിയ മുസ്‌ലിം രാജ്യമായിരുന്നു ഇറാഖ്. 1980 മുതൽ 1988 വരെ 8 വർഷത്തോളം നീണ്ടു നിന്ന ഒന്നാം ഗൾഫ് യുദ്ധവും 1990 ആഗസ്റ്റ് മുതൽ 1991 ഫിബ്രവരി വരെ നീണ്ടു നിന്ന ഇറാഖിന്റെ കുവൈത്ത് അധിനിവേശത്തെ തുടർന്ന് നടന്ന രണ്ടാം ഗൾഫ് യുദ്ധവും ഇറാഖിനെ നാമവശേഷമാക്കി. ഇപ്പോൾ ഇറാനാണ് അവശേഷിക്കുന്നത്. അത്കൊണ്ട് മുസ്‌ലിംകളിൽ അത്രയധികമൊന്നും വേരോട്ടമില്ലാത്ത സുന്നി-ശിയാ വിഭജനമുണ്ടാക്കി ഇറാനെയു സിറിയയേയും സുന്നിഭൂരിപക്ഷമുള്ള സഊദിയുടെ നേതൃത്വത്തിലുള്ള മറ്റു മുസ്‌ലിം രാജ്യങ്ങളിൽ നിന്നും ഒറ്റപ്പെടുത്താൻ അമേരിക്കയും ഇസ്റയേലും ബ്രിട്ടനും കിണഞ്ഞു പരിശ്രമിക്കുകയാണ്.



ഗസ്സ യുദ്ധം തുടങ്ങി ഫലസ്തീനികളെ വംശഹത്യ ചെയ്ത് യുദ്ധകലി അടങ്ങാത്ത ഇസ്റയേലിനെതിരെ അറബ് മുസ്‌ലിം ലോകത്ത് മാത്രമല്ല ലോകത്താകമാനം രോഷം അണപൊട്ടി ഒഴുകുകയാണ്. അമേരിക്കൻ യൂണിവേഴ്സിറ്റികളിലെ വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും ഇസ്റയേലുമായി അമേരിക്ക എല്ലാ ബന്ധങ്ങളും വിഛേദിക്കണമെന്നും സാമ്പത്തിക സഹായം നിർത്തിവെക്കണമെന്നും പറഞ്ഞ് പറഞ്ഞ് പ്രക്ഷോഭം പടന്നുകയരുകയാണ്. എല്ലാ അന്താരാഷ്ട്രാ മര്യാദയും സ്ഥിരം ലംഘിക്കാൻ തങ്ങൾക്ക് എന്തോ അവകാശമുള്ളത് പോലെയാണ് എല്ലാ മര്യാദ സീമകളും ലംഘിച്ചു കൊണ്ട് ഗാസയിലെ അക്രമണങ്ങളിൽ അവർ മുന്നേറുന്നത്.

ലോകത്തിന്റെ എണ്ണ സമ്പത്തിന്റെ വലിയൊരു ഭാഗം വരുന്നത് പശ്ചിമേഷ്യയിൽ നിന്നാണ്. മാത്രമല്ല കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ലോക വാണിജ്യത്തിന്റെ മുഖ്യ കപ്പൽ ചാനലുകൾ കടന്നുപോകുന്നത് ഈ മേഖലയിലൂടെയാണ്. പശ്ചിമേഷ്യയിൽ ശക്തരായ രണ്ട് രാജ്യങ്ങൾ ഏറ്റുമുട്ടുകയാണെങ്കിൽ തീർച്ചയായും അത് വ്യാപിക്കാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ലോകം മുഴുവൻ അത് വൻ പ്രതിസന്ധിയായിരിക്കും സൃഷ്ടിക്കുക. ഇറാന്റെ കോൺസുലേറ്റ് ആക്രമിച്ച ഇസ്റായേലിനെതിരെ പ്രതികരിക്കാനൊരുങ്ങിയ ഇറാനെ ആ നിമിഷം മുതൽ ഐക്യരാഷ്ട്ര സഭയും അമേരിക്കയും യൂറോപ്യൻ യൂണിയനും റഷ്യയും ചൈനയും അടക്കം വൻശക്തി രാജ്യങ്ങൾ പിന്തിരിപ്പിച്ചുകൊണ്ടിരുന്നു. ഇസ്റയേൽ ഒരു അപ്രഖ്യാപിത ആണവ രാജ്യമാണ്. ഇറാന്റെ കയ്യിലും അണുവായുധം നിർമ്മിക്കാനുള്ള എല്ലാ സാമഗ്രികളും സാങ്കേതിക വിവരങ്ങളും ഉണ്ടെന്നും പറയപ്പെടുന്നു. മാത്രമല്ല ദശാബ്ദങ്ങളോളം യുദ്ധം




ചെയ്തിട്ടും തളരാത്ത രാജ്യമാണ് ഇറാൻ. ഇസ്റയേലും ഇറാനുമായി ഒരു യുദ്ധം പൊട്ടിപുറപ്പെട്ടാൽ ലോക ഗതിതന്നെ മാറുന്ന വിധം അതിന്റെ പ്രത്യാഘാതം വമ്പിച്ചതായിരിക്കും. നിരന്തരം വേട്ടയാടിയിട്ടും സംയമനം പാലിച്ച ഇറാൻ കോൺസുലേറ്റ് അക്രമണത്തോടെ തിരിച്ചടിക്കാനുള്ള ധാർമികവും നിയമപരവുമായ അവകാശം ലഭിച്ചിരിക്കുകയാണ്. അത് ഇറാന്റെ അഭിമാന പ്രശ്നമായി മാറിക്കഴിഞ്ഞു. ലോക രാജ്യങ്ങളുടെ സമ്മർദ്ദം കണക്കിലെടുത്ത് വളരെ സംയമനം പാലിച്ചുകൊണ്ടാണ് ഇറാൻ ദുർബലവും പരിമിതവുമായ ഒരു പ്രത്യാക്രമണം നടത്തിയത്. വാസ്തവത്തിൽ ഇസ്റയേലിനെ അപേക്ഷിച്ച് വലിയ രാജ്യമായ ഇറാന്റെ തിരിച്ചടി ഇസ്റയേലിനെ ഭയപ്പെടുത്തിയിട്ടുണ്ട്. 170 ഡ്രോണുകളും 30 ക്രൂയിസ് മിസൈലുകളും 120 ബാലിസ്റ്റിക് മിസൈലുകൾ എന്നിവ അയച്ചാണ് ഇസ്റായേലിനെതിരെ ആക്രമണം നടത്തിയത്. ഇറാൻ ഇറാഖ്, യമൻ, സിറിയ എന്നീ വിവിധ കേന്ദ്രങ്ങളിൽ നിന്നായിരുന്നു ഇറാന്റെ അക്രമണം. 99 ശതമാനവും ഇസ്റായേലിന്റെ പ്രതിരോധ സംവിധാനം നശിപ്പിച്ചതായി അവർ അവകാശപ്പെടുന്നു. ഇറാന്റെ പ്രതികരണം യുദ്ധ വ്യാപനം ഉണ്ടാവരുത് എന്ന ഉദ്ദേശത്തോടെ വളരെ സംയമനം പാലിച്ചാണെന്ന് വ്യക്തം. ഇസ്റയേൽ തങ്ങളുടെ വീര ശൂര പരാക്രമി എന്ന പ്രതിഛായ തകർത്ത ഇറാൻ അക്രമണത്തിന് എത്ര സമ്മർദ്ദമുണ്ടെങ്കിലും മറുപടി നൽകാതിരിക്കാൻ ഇസ്റയേലിന്നാകുമായിരുന്നില്ല. അവർ 6 ദിവസത്തിന് ശേഷം ദുർബലമായി തന്നെ തിരിച്ചടിച്ചു. ഇറാന്റെ ആണവ പദ്ധതികൾ സ്ഥിതിചെയ്യുന്ന നഗരമായ ഇസ്ഫഹാനിലെ വ്യോമാസേന താവളത്തിനടുത്ത് മൂന്ന് ഡ്രോൺ ആക്രമണമാണ് നടത്തിയത്. ഇറാന്റെ വ്യോമ പ്രതിരോധ സംവിധാനം വെടിവെച്ചിടുകയുണ്ടായി. ആക്രമണം നടത്തുന്നതിന് മുമ്പ് അമേരിക്കയെ വിവരം അറിയിച്ചിട്ടുണ്ടെന്നും ഇസ്റയേലും പറഞ്ഞിട്ടുണ്ട്. ഈ അക്രമണത്തെ കുറിച്ച് ഇസ്റയേലും ഇറാനും ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല. ഇരു രാജ്യങ്ങളും അർത്ഥഗർഭമായ മൗനത്തിലാണ്.

ലോകത്തിന്റെ പ്രക്ഷുബ്ദവും അധാർമികവുമായ വ്യതിചലനങ്ങൾ തന്റെ ആത്മീയമായ ക്രാന്തദൃഷ്ടി കൊണ്ട് നോക്കിക്കണ്ട് സൗമ്യമായി ലോകത്തെ ഉപദേശിക്കുന്ന ലോകത്തിന്റെ ശാന്തിദൂതൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള തലവൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു) കഴിഞ്ഞ കുറേ നാളുകളായി ലോകത്തെ നിരന്തരം സർവ്വനാശകാരിയായ ഒരു യുദ്ധ വിപത്തിനെ കുറിച്ച് താക്കീത് ചെയ്തുകൊണ്ടിരിക്കുന്നു. കിട്ടാവുന്ന വേദികളിലൊക്കെ ലോക നേതാക്കന്മാരെയും ഭരണാധികാരികളെയും അദ്ദേഹം ഈ ഭയാനകമായ യാഥാർത്ഥ്യം ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സങ്കുചിതത്വവും ധാർഷ്ട്യവും അക്രമ വാസനയുമുള്ള സ്വാർത്ഥമതികളായ ഭരണാധികാരികൾ നമ്മുടെ കൺമുമ്പിൽ വാഴുന്നത് നാം കാണുകയാണ്. പിഞ്ചു കുഞ്ഞുങ്ങളടക്കം നിരപരാധികളായ പതിനായിരക്കണക്കിന് ആളുകൾ ലോകം നോക്കിൽക്കെ കൊല്ലപ്പെടുന്നു. ഇതെല്ലാം കാണുമ്പോൾ എങ്ങനെ ലോകത്ത് ശാന്തിയുണ്ടാകുമെന്ന് നമ്മുക്ക് ഉറപ്പ് പറയാൻ സാധിക്കും.?!

ആണവയുദ്ധം പൂർണ്ണതോതിൽ ഒരിക്കൽ സംഭവിച്ചു കഴിഞ്ഞാൽ പിന്നെ മാനവരാശിയുടെ അതിജീവനം തന്നെ അവതാളത്തിലാവും. അത് മനുഷ്യവംശത്തിന് താങ്ങാൻ സാദ്ധ്യമല്ല. ദൈവം നമ്മെ കാത്തു രക്ഷിക്കട്ടെ. അവസാനമായി ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) കഴിഞ്ഞ ജുമുഅ ഖുത്ബയിൽ പറഞ്ഞ ഒരു വാചകം ഓർമ്മിപ്പിച്ചു കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. 'പ്രാർത്ഥനകൾ തുടർന്നു കൊണ്ടിരിക്കുക. പ്രതീക്ഷിച്ചതു പോലെ ആശങ്കയുണ്ടാക്കുന്ന വിധം ഇറാനെ ഇസ്റയേൽ നേരിട്ട് അക്രമിച്ചിരിക്കുന്നുവെന്ന് എല്ലാവർക്കുമറിയാം. ഇനി അവസ്ഥകൾ കുറേകൂടി മോശമാകുന്നതാണ്. ആഗോള യുദ്ധത്തിന് പ്രേരിപ്പിക്കുന്ന ഈ ഭൗതിക നേതാക്കന്മാർക്ക് അല്ലാഹു വിവേകം നൽകുമാറാകട്ടെ മുസ്‌ലിം ഉമ്മത്തിനും തങ്ങളുടെ എതിരാളികളെ നേരിടാൻ കഴിയുന്നതിനു യുക്തി അവലംബിക്കാനുള്ള വിവേകവും ബുദ്ധിയും നൽകുമാറാകട്ടെ.'(ആമീൻ)

mta INTERNATIONAL
Reaching The Corners of The Earth
www.mta.tv

പേജ് 27 ൽ നിന്ന്

പരിപൂർണ്ണമായും അനുവദിക്കുന്ന ഇസ്‌ലാമിൽ, നിന്നും വിശ്വാസം നശിച്ച് പുറത്ത് പോവുന്ന ആൾ വധാർഹനാണെന്ന് പറയുന്നത് കിരാതമായ ഒരു മതസങ്കൽപ്പമാണ്. മറ്റു മതത്തിൽ നിന്നും ഇസ്‌ലാമിലേക്ക് ഇങ്ങോട്ട് വരാം എന്നാൽ ഇസ്‌ലാമിൽ നിന്നും പുറത്ത് പോയാൽ (മുർത്തദ്) അത് ശിക്ഷ അർഹിക്കുന്ന കുറ്റമാണ് എന്നാണ് സഊദി സലഫി ശരീഅത്ത് നിയമം അനുശാസിക്കുന്നത്. ഇത് ഖുർആന് കടകവിരുദ്ധവും മനുഷ്യാവകാശത്തിന് എതിരുമാണ്. പിന്നെ ഇസ്‌ലാം മതസ്വാതന്ത്ര്യം അനുവദിക്കുന്നു എന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്. അത്പോലെ വ്യഭിചാര ശിക്ഷക്ക് വിശുദ്ധ ഖുർആൻ വ്യക്തമായും അടിശിക്ഷയാണ് നിർദ്ദേശിച്ചിട്ടുള്ളത്. **'വ്യഭിചാരിണിയും വ്യഭിചാരിയും അവർ രണ്ടുപേരിൽ ഓരോരുത്തരേയും (കുറ്റം തെളിഞ്ഞാൽ) നൂറു വീതം ചെമ്മട്ടിയടിയടിക്കുക.'**(24:3) വിശുദ്ധ ഖുർആനിൽ വ്യഭിചാര കുറ്റത്തിന് അല്ലാഹു വ്യക്തമായും പറഞ്ഞ അടിശിക്ഷ സഊദി സലഫി ശരീഅത്തിൽ വധശിക്ഷയായി മാറുന്നതെങ്ങനെ?

അതുപോലെ മതനിന്ദക്ക് വധശിക്ഷയാണ് സൗദി നിയമത്തിലുള്ളത്. മത വിമർശനത്തെ മതനിന്ദയായി വ്യാഖ്യാനിച്ച് ഈ കുറ്റത്തിനും വധശിക്ഷ വിധിക്കാവുന്നതാണ്. എല്ലാ മതത്തിലും തെറ്റുകളും അന്ധവിശ്വാസങ്ങളുമുണ്ടാകാം. അത് വിമർശിക്കപ്പെടുമ്പോഴും നിന്ദിക്കപ്പെടുമ്പോഴും വാസ്തവത്തിൽ നല്ല വിശ്വാസികൾ അതിനെ വിശദീകരിച്ച് കൊടുക്കാനും പ്രതിയോഗികളുമായി സംവദിക്കാനുമുള്ള ഒരു അവസരമായാണ് കരുതുക. മാത്രമല്ല അത്തരം മതവിമർശനങ്ങൾ മതത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുകയാണ് ചെയ്യുക. അതിനു പകരം വിമർശകനെയും നിന്ദകനെയും വധിക്കുന്നതും ശിക്ഷിക്കുന്നതും എത്രമാത്രം അധിക്ഷേപാർഹമാണ്. വാസ്തവതിൽ മതനിന്ദക്ക് വിശുദ്ധ ഖുർആനിൽ ഒരു ശിക്ഷയും നിർദ്ദേശിച്ചിട്ടില്ല. അത്പോലെ ആഭിചാരത്തിനും വധശിക്ഷയാണ് സഊദി നിയമത്തിലുള്ളത് എന്ന വിവരം ആക്ഷേപത്തേക്കാൾ പരിഹാസ്യവും വിവരക്കേടിൽ സഹതാപമർഹിക്കുന്ന വകുപ്പുമാണ്.

### ബ്ലഡ് മണി (ദിയ)

കൊല്ലപ്പെട്ടവന്റെ കുടുബത്തിനും പരിക്കേറ്റവർക്കും പ്രതിക്രിയാ (ഖിസാസ്) നടപടിയിൽ നിന്നും മോചനം നേടാനായി കുറ്റകൃത്യം ചെയ്ത ആൾ നൽകുന്ന നഷ്ടപരിഹാരമാണ് 'ദിയ' അല്ലെങ്കിൽ ബ്ലഡ് മണി. മലയാളത്തിൽ അതിന് മോചന ദ്രവ്യം, ചോരപ്പണം എന്നൊക്കെയാണ് പറയുന്നത്. അതിൽ അമിതത്വം പാടില്ല എന്നാണ് ഖുർആന്റെ കൽപന. **'ആരെങ്കിലും മർദ്ദിതനായി കൊല്ലപ്പെടുകയാണെങ്കിൽ നാം അവന്റെ അടുത്ത അവകാശിക്ക് (പ്രതിക്രിയ നടത്താനുള്ള) അധികാരം നൽകിയിരിക്കുന്നു. എന്നാൽ അവൻ കൊലയിൽ (പ്രതിക്രിയയിൽ) പരിധി ലംഘിക്കരുത്. കാരണം അവൻ നിയമസഹായം ലഭിച്ചവനാണ്.'** (17:34) മോചനദ്രവ്യം ആവശ്യപ്പെടുന്ന അന്യായക്കാരൻ നിയമ പരിരക്ഷയുള്ളവനാണ്. അതുകൊണ്ട് അതിരുലംഘനം അനുവദനീയമല്ല.

ശ്രദ്ധേയമായ കാര്യം ഇവിടെ കുറ്റകൃത്യം എന്നത് പ്രാഥമികമായി സ്റ്റേറ്റിനോടും നിയമ വ്യവസ്ഥയോടുമുള്ള ലംഘനമാണ് എന്നതാണ് സങ്കൽപ്പം. എന്നാൽ ഇസ്‌ലാമിൽ കുറ്റം ദൈവത്തോടും സ്വന്തം ആത്മാവിനോടും വ്യക്തിയോടും ചെയ്യുന്ന അപരാധമാണ്. **'അവർ തന്നെയാണ് തങ്ങളുടെ ആത്മാക്കളോട് ദ്രോഹം ചെയ്തിരുന്നത്'**(സൂറ:റൂം (21:10) അതുകൊണ്ടാണ് ജുഡീഷ്യറിയുടെ അനുവാദത്തോടു കൂടി അപരാധിക്ക് പ്രതിക്രിയ ചെയ്യാനുള്ള അനുവാദം നൽകുന്നത്. ഈ പ്രതിക്രിയയിൽ വധാർഹനായ അപരാധിക്ക് ശിക്ഷ നടപ്പാക്കുകയോ ബ്ലഡ് മണി വാങ്ങി പ്രതിയെ മോചിപ്പിക്കുകയോ നിരുപാധികം മാപ്പ് നൽകി അപരാധിക്ക് പുതുജീവൻ നൽകുകയോ ചെയ്യാം. അങ്ങനെ കുറ്റകൃത്യത്തിന് ശേഷം ഉടഞ്ഞു പോവുന്ന മനുഷ്യബന്ധങ്ങളെ ഇസ്‌ലാമിക വിധിയിലൂടെ വിളക്കിച്ചേർക്കാനും പുനരുജ്ജീവിപ്പിക്കാനും അവസരം നൽകുന്നു. അതാണ് വിശുദ്ധ ഖുർആൻ പറഞ്ഞത് **'ബുദ്ധിമാന്മാരെ, പ്രതിക്രിയാ നിയമത്തിൽ നിങ്ങൾക്ക് ജീവിതമുണ്ട്'** (2:180) ആധുനിക മനുഷ്യന്റെ നീതിപീഠങ്ങൾക്കും നിയമ സംവിധാനങ്ങൾക്കും വഴികാട്ടിയാകേണ്ട വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളെ സഊദി അറേബ്യയും സലഫിസവും ഇങ്ങനെ ലോകത്തിനു മുമ്പിൽ പരിഹാസ്യമാക്കി മാറ്റുകയാണ്.

Our Website:
https://ahmadiyyamuslimjamaat.in/books/Malayalam

### കടത്തെ തൊട്ട് രക്ഷതേടുക

**ആയിശ[റ] പറയുന്നു: നബി[സ] നമസ്കാരത്തിൽ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവേ! പാപത്തെ തൊട്ടും കടത്തെ തൊട്ടും ഞാൻ നിന്നോട് രക്ഷ തേടുന്നു. ഒരാൾ ചോദിച്ചു: പ്രവാചകരേ! താങ്കൾ കടത്തിൽ നിന്ന് രക്ഷ തേടുന്നതിനെ വർദ്ധിപ്പിക്കുന്നുവല്ലൊ?! നബി[സ] അരുളി: തീർച്ചയായും ഒരു മനുഷ്യൻ കടക്കാരനായാൽ സംസാരിച്ചാൽ കളവ് പറയും. കരാർ ചെയ്താൽ ലംഘിക്കും. (ബുഖാരി.)**

Published on 07.05.2024 Pages 44 Vol: 96 Issue.05
RNI No. 3332/1957, Registered KL/EKM/726/2024-26 Price Rs. 30/-
Licence No. KL/CR/EKM/WPP-19/2024-26. Licensed to post without Prepayment
The Sathyadoothan Monthly


## വായിക്കുക, വരിക്കാരാവുക!

# സത്യദൂതൻ

Rs. 30/-




ഒരു നൂറ്റാണ്ടിനോടടുക്കുന്ന
മലയാളത്തിലെ
ഏക ഇസ്‌ലാമിക
പ്രസിദ്ധീകരണം

## SUBSCRIBE

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

*കൂടുതൽ വിവരങ്ങൾക്ക്:*
**മാനേജർ**
**സത്യദൂതൻ, മസ്ജിദ് ഉമർ**
**സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം**
***Email : sathyadoothan1@gmail.com***
***Phone No: 9447086862 (G. Pay)***

G Pay
accepted here
ISLAM INTERNATIONAL PUBLICATIONS
+91 94470 86862
9447086862@okbizaxis
BHIM UPI


Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.